34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 30, 2026 Vol. XXXIV No. 13

4 ന്യൂനപക്ഷ കമ്മീഷനിൽ ക്രൈസ്തവരില്ല
13 കേരള സമാജത്തിന്റെ പ്രവർത്തനോദ്ഘാടനം
14 അമേരിക്കയിലെ മലയാളി സിസ്റ്റേഴ്സിന്റെ ഒത്തുചേരൽ
20 ചരിത്രവഴികളിലെ സ്മരണ പുതുക്കാൻ ചിക്കാഗോ രൂപത
26 കേരളത്തിൽ ആര് ജയിക്കും, ആരു വീഴും

## ഷാജൻ ആനിത്തോട്ടം ലയൺസ് ഡിസ്ട്രിക്ട് ഗവർണർ



ചിക്കാഗോ: ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ ഇല്ലിനോയി ഡിസ്ട്രിക്ട് വൺ എഫ് ഗവർണറായി ഷാജൻ ആനിത്തോട്ടം ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വാരാന്ത്യം ഹിൽട്ടൺ ചിക്കാഗോ നോർത്ത് ബ്രൂക്ക് ഹോട്ടലിൽ വെച്ച് നടന്ന 86-ാമത് ഡിസ്ട്രിക്ട് വാർഷിക കൺവൻഷനിൽ വെച്ചാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണറായി സബ്രീന സ്വാൻസണും സെക്കൻഡ് വൈസ് ഡിസ്ട്രിക്ട് ഗവർണറായി ടൈലർ ഗാർലോക്കും തെരഞ്ഞെടുക്കപ്പെട്ടു. 2026 മെയ് മാസം ബ്ലൂമിംഗ്ടണിൽ വെച്ച് നടക്കുന്ന ഇല്ലിനോയി സ്റ്റേറ്റ് കൺവൻഷനിലും ജൂലൈ ആദ്യവാരം ഹോങ്കോംഗിൽ വെച്ച് നടക്കുന്ന ഇന്റർനാഷണൽ കൺവൻഷനിലും ഡിസ്ട്രിക്ടിനെ പ്രതിനിധീകരിച്ച് പുതിയ ഭാരവാഹികൾ പങ്കെടുക്കും. (ശേഷം 15-ാം പേജിൽ)

## ഇറാനിൽ കരയുദ്ധഭീതി

ന്യൂയോർക്ക്: ഇറാനിൽ ആഴ്ചകളോളം നീണ്ട കരയുദ്ധത്തിന് അമേരിക്ക തയാറെടുപ്പ് നടത്തുന്നതായി റിപ്പോർട്ട്. വാഷിംഗ്ടൺ പോസ്റ്റ് പത്രമാണ് ഇക്കാര്യം അറിയിച്ചത്. ആയിരക്കണക്കിനു യുഎസ് സൈനികരും മറീനുകളും പശ്ചിമേഷ്യയിലെത്തിയിട്ടുണ്ട്. വരുംദിവസങ്ങളിൽ യുദ്ധം അത്യന്തം ആപത്കരമായ ഘട്ടത്തിലെത്തുമെന്നാണ് ആശങ്ക.

ഇറേനിയൻ എണ്ണ കയറ്റുമതിയുടെ സുപ്രധാന കേന്ദ്രമായ ഖാർഗ് ദ്വീപിലും ഹോർമുസ് കടലിടുക്കിനു സമീപമുള്ള തീരമേഖലകളിലും ആക്രമണമുണ്ടാകുമെന്നാണു റിപ്പോർട്ട്. ഹോർമുസ് കടലിടുക്ക് തുറക്കാൻ ലക്ഷ്യമിട്ടായിരിക്കാം കരയാക്രമണം.

പരിമിതമായ കരയാക്രമണം നടത്താനുള്ള പദ്ധതി അമേരിക്കൻ പ്രതിരോധ വകുപ്പായ പെന്റഗൺ പ്രസിഡണ്ട് ട്രംപിനു സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, പദ്ധതിക്ക് ട്രംപ് അനുമതി നല്കുമോ എന്നതിൽ വ്യക്തതയില്ല.

യുഎസ് കരസേനയുടെ 82-ാം എയർബോൺ യൂണിറ്റിൽനിന്നുള്ള സൈനികരെ പശ്ചിമേഷ്യയിലേക്ക് അയയ്ക്കാനാണ് പെന്റഗൺ പദ്ധതിയിടുന്നത്. 3,500 മറീനുകൾകൂടി പശ്ചിമേഷ്യയിലെത്തി. യുദ്ധക്കപ്പലായ യുഎസ്എസ് ട്രിപ്പോളിയിലാണു മറീനുകളെത്തിയത്. അതേസമയം, അമേരിക്കയെ കരയുദ്ധത്തിന് ഇറാൻ വെല്ലുവിളിച്ചു. അമേരിക്കൻ സൈനികർ ഇറാന്റെ മണ്ണിൽ കാലുകുത്തുന്നത് കാത്തിരിക്കുകയാണെന്നു പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഗേർ ഖാലിബാഫ് പറഞ്ഞു. "യുഎസ് സൈന്യം ഇറേനിയൻ മണ്ണിൽ ഇറങ്ങിയാൽ



മേഖലയിലെ അമേരിക്കൻ സൈനികർക്കും സഖ്യകക്ഷികൾക്കും എതിരേ കടുത്ത ആക്രമണമുണ്ടാകും"-ഖാലിബാഫ് കൂട്ടിച്ചേർത്തു. അമേരിക്കയുടെ 15 ഇന സമാധാന പദ്ധതിയെ 'അവരുടെ ആഗ്രഹങ്ങൾ' എന്നാണ് ഖാലിബാഫ് വിശേഷിപ്പിച്ചത്.

## തെരഞ്ഞെടുപ്പ് പ്രചാരണം രണ്ടാം ഘട്ടത്തിലേക്ക്



കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിന് എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി തൃശൂർ സ്വരാജ് റൗണ്ടിൽ ബിജെപി പ്രവർത്തകർക്കൊപ്പം റോഡ് ഷോ നടത്തിയപ്പോൾ.

തിരുവനന്തപുരം: കൊണ്ടും കൊടുത്തും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ആവേശകരമായ ഘട്ടത്തിലേക്ക്. ഇഞ്ചോടിഞ്ച് മത്സരത്തിൽ മുന്നണികൾ. കേരളത്തിന്റെ വികസനത്തിനു കേന്ദ്രം നൽകിയ പണം ഇടതുസർക്കാർ കൊള്ളയടിച്ചെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. കേരളത്തിൽ എൻഡിഎയുടെ തെരഞ്ഞെടുപ്പു പ്രചാരണത്തിനു തുടക്കം കുറിച്ച് പാലക്കാട്ടു നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പതിറ്റാണ്ടുകളായി എൽഡിഎഫും യുഡിഎഫും തന്ത്രപരമായ സഖ്യത്തിലൂടെ മാറിമാറി ഭരിച്ചു കീശവീർപ്പിക്കുന്ന രീതിയാണു കേരളത്തിലെന്നു പ്രധാനമന്ത്രി പറഞ്ഞു. ബിജെപിയുടെ ബി ടീം ആണ് കോൺഗ്രസെന്ന് കമ്യൂണിസ്റ്റുകാരും തിരിച്ചാണെന്നു കോൺഗ്രസും ആരോപിക്കുന്നു. പക്ഷേ, അവർ രണ്ടു കൂട്ടരും ഒന്നാണ്. ഒന്ന് അഴിമതിക്കാർ. മറ്റേത് മഹാ അഴിമതിക്കാർ. ഒന്ന് വർഗീയവാദികൾ, മറ്റേത് ഭയങ്കര വർഗീയ വാദികൾ.

തെരഞ്ഞെടുപ്പിൽ ആര് ആരുടെ ബി ടീം ആണെന്നു ജനത്തിനറിയാം. ഈ തെരഞ്ഞെടുപ്പിൽ എ ടീം ആയി ആരെങ്കിലും ഉണ്ടെങ്കിൽ അതു ബിജെപി മാത്രമാണ്. എൻഡിഎയുടെ ഗാരന്റി എന്നു പറഞ്ഞാൽ അതു മോദിയുടെ ഗാരന്റി കൂടിയാണെന്നും മാറാത്തത് ഇനി മാറുമെന്നും അദ്ദേഹം പറഞ്ഞു. ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ് അദ്ധ്യക്ഷനായി.


പാലക്കാട്ടു നിന്നു തൃശൂരിലെത്തിയ പ്രധാനമന്ത്രി സ്വരാജ് റൗണ്ടിൽ റോഡ്ഷോയിൽ പങ്കെടുത്തതിനു ശേഷമാണ് കൊച്ചി വഴി ഡൽഹിക്ക് മടങ്ങിയത്. (ശേഷം 34-ാം പേജിൽ)

## നിതീഷ്കുമാർ രാജിവെച്ചു



പട്ന: രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ഭരണഘടനാപരമായ നിബന്ധനകൾ പാലിച്ച് ബിഹാർ മുഖ്യമന്ത്രി നിതീഷ്കുമാർ ബിഹാർ ലെജിസ്ലേറ്റീവ് കൗൺസിലിൽ (എംഎൽസി) നിന്ന് രാജിവെച്ചു. മാർച്ച് 16-ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നിതീഷ്കുമാർ ഭരണഘടനയനുസരിച്ച് 14 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമസഭയിലെ അംഗത്വം ഉപേക്ഷിക്കേണ്ടതുണ്ട്. ഇതിനുള്ള അവസാന തീയതി മാർച്ച് 30 ആയിരുന്നു. ഒരാൾക്ക് ഒരേ സമയം പാർലമെന്റിലും സംസ്ഥാന നിയമസഭയിലും അംഗമായി തുടരാനാവില്ല. പത്താം തവണ മുഖ്യമന്ത്രിക്കസേരയിലെത്തി നാലു മാസത്തിനു ശേഷമാണ് നിതീഷ്കുമാറിന്റെ രാജി. ബിഹാറിന്റെ പുതിയ മുഖ്യമന്ത്രിയായി ബിജെപിയിൽ നിന്ന് ആരെങ്കിലുമെത്തുമോ എന്നതാണ് ആകാംക്ഷനിറയ്ക്കുന്നത്. ബിജെപിയുടെ ഉപമുഖ്യമന്ത്രി സാമ്രാട്ട് ചൗധരിക്കാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് സാധ്യത കൂടുതൽ.

ബിഹാറിന്റെ ചരിത്രത്തിൽ ആദ്യമായാണ് ബിജെപി മുഖ്യമന്ത്രി എത്തുന്നത്. ബിഹാറിൽ ഏറ്റവും കൂടുതൽ കാലം മുഖ്യമന്ത്രിയായിരുന്ന വ്യക്തിയാണ് നിതീഷ്കുമാർ. 2005-ലാണ് അദ്ദേഹം ആദ്യമായി മുഖ്യമന്ത്രിയായത്.


SUNNY
FINANCIAL STRATEGIES
Forbes 2025
BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
SHOOK RESEARCH
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# നോയിഡ വിമാനത്താവളത്തിന്റെ ആദ്യഘട്ടം ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി: ഇന്ത്യാതലസ്ഥാന മേഖലയിലെ (എൻസിആർ) രണ്ടാമത്തെ രാജ്യാന്തര വിമാനത്താവളമായ നോയിഡ രാജ്യാന്തര വിമാനത്താവളത്തിന്റെ ആദ്യഘട്ടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡു, ഗവർണർ ആനന്ദി ബെൻ പട്ടേൽ തുടങ്ങിയവരും ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.



രാജ്യാന്തര വിമാനത്താവളത്തിന്റെ ആദ്യഘട്ടം ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിക്കുന്നു.

ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിനുപുറമെ ഡൽഹി എൻസിആറിൽ പ്രവർത്തനമാരംഭിക്കുന്ന രണ്ടാമത്തെ വിമാനത്താവളം തിരക്ക് കുറയ്ക്കാനും യാത്രക്കാർക്കു കൂടുതൽ സൗകര്യം ഉറപ്പാക്കാനും സഹായിക്കും. കേരളത്തിലേക്കടക്കം ആഭ്യന്തരവിമാനങ്ങൾ സർവീസ് ആരംഭിക്കുന്നത് യാത്രാനിരക്ക് കുറവുണ്ടാക്കുമെന്നാണ് കരുതപ്പെടുന്നത്. ഇന്ദിരാഗാന്ധി വിമാനത്താവളത്തെ അപേക്ഷിച്ച് കേരളത്തിലേക്കുള്ള യാത്രയ്ക്ക് 10 ശതമാനം മുതൽ 15 ശതമാനം വരെ നിരക്ക് കുറവ് നോയിഡ വിമാനത്താവളത്തിൽ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

സ്വിസ് കമ്പനിയായ സൂറിച്ച് എയർപോർട്ട് ഇന്റർനാഷണൽ എജിയുടെ ഉപകമ്പനിയായ യമുന ഇന്റർനാഷണൽ എയർപോർട്ട് പ്രൈവറ്റ് ലിമിറ്റഡും നോയിഡ ഇന്റർനാഷണൽ എയർപോർട്ടും ചേർന്നാണു നിർമാണ പ്രവർത്തനം നടത്തിയത്.

ഏകദേശം 11200 കോടി രൂപ ചെലവിട്ടാണു വിമാനത്താവളത്തിന്റെ ആദ്യഘട്ട നിർമാണം പൂർത്തിയാക്കിയത്. പ്രതിവർഷം 12 ലക്ഷം യാത്രക്കാരെയാണു പ്രതീക്ഷിക്കുന്നത്. വൈകാതെ 70 ലക്ഷമാക്കി ഇത് ഉയർത്തും. ഡൽഹി നഗരത്തിനു പുറത്തുള്ള വിമാനത്താവളത്തിലേക്ക് മെട്രോ കണക്ടിവിറ്റിയുടെ നിർമാണമടക്കം വൈകാതെ പൂർത്തിയാക്കും. 2030 അവസാനത്തോടെ വിമാനത്താവളത്തിന്റെ നിർമാണം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നോയിഡ വിമാനത്താവളത്തിൽ നിന്ന് ആദ്യഘട്ടത്തിൽ കേരളത്തിലേക്കു വിമാനസർവീസ് ഉണ്ടാകില്ല. ബംഗളൂരു, മുംബൈ, ഹൈദരാബാദ്, ലക്നോ, ഡെറാഡൂൺ, ഹുഗ്ലി എന്നിവിടങ്ങളിലേക്കായിരിക്കും ഇപ്പോൾ സർവീസ് ആരംഭിക്കുക. ദുബായ്, സിംഗപ്പൂർ തുടങ്ങി രാജ്യാന്തര സർവീസുകൾ വൈകാതെ പ്രഖ്യാപിക്കും.

# കോയമ്പത്തൂർ ചാവടിയിൽ വാഹനാപകടം: രണ്ടു മലയാളികളടക്കം മൂന്നു പേർ മരിച്ചു

പാലക്കാട്: സേലം-കൊച്ചി ദേശീയപാതയിൽ കോയമ്പത്തൂർ ചാവടി മേൽപ്പാലത്തിനു സമീപം കാറുകൾ കൂട്ടിയിടിച്ച് രണ്ട് മലയാളികളടക്കം മൂന്നു പേർ മരിച്ചു. നാലുപേർക്ക് പരുക്കേറ്റു.

പാലക്കാട് ചിറ്റൂർ ചന്ദനപ്പുറം ചേരുങ്കാട് ചന്ദ്രന്റെയും കല്യാണിയുടെയും മകൻ അജിത്ത് (25), പിരായിരി പ്രതീക്ഷ നഗറിൽ ഗണേഷിന്റെ മകൻ വിനീഷ് (35) എന്നിവരാണ് മരിച്ച മലയാളികൾ.

അജിത്തും വിനീഷും ഫോട്ടോഗ്രാഫർമാരാണ്. ഊട്ടിയിലെ സ്കൂളിലെ വാർഷികാഘോഷം പകർത്താൻ പോയതിനു ശേഷം തിരിച്ചുവരുമ്പോൾ ആയിരുന്നു അപകടം. മാർച്ച് 29-ന് വൈകുന്നേരം ഏഴിനായിരുന്നു സംഭവം.

തൃശൂരിൽനിന്നും തമിഴ്നാട്ടിലേക്ക് പോകുകയായിരുന്ന കാർ മുന്നിൽപെട്ട ബൈക്ക് യാത്രക്കാരനെ ഇടിക്കാതിരിക്കാൻ വെട്ടിച്ചപ്പോൾ നിയന്ത്രണം വിട്ട് ഡിവൈഡർ മറികടന്ന് കോയമ്പത്തൂർ-പാലക്കാട് ട്രാക്കിലേക്ക് കയറി ഫോട്ടോഗ്രാഫർമാർ സഞ്ചരിച്ച കാറിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

ഇടിയുടെ ആഘാതത്തിൽ രണ്ടു കാറുകളും തലകീഴായി മറിഞ്ഞു. ഉള്ളിൽ കുടുങ്ങിയ കാർ യാത്രക്കാരെ ഓടിക്കൂടിയ മറ്റു യാത്രക്കാരും ലോറി ജീവനക്കാരും ചേർന്നാണ് വാഹനങ്ങൾ വെട്ടിപ്പൊളിച്ച് പുറത്തെടുത്തത്. ഉടൻ ഇവരെ കോയമ്പത്തൂർ, വാളയാർ എന്നിവിടങ്ങളിലെ ആശുപത്രികളിൽ പ്രവേശിപ്പിച്ചെങ്കിലും രാത്രി ഒമ്പതു മണിയോടെ മൂവരും മരണപ്പെട്ടു.

ഫോട്ടോഗ്രാഫർമാരുടെ കാറിലുണ്ടായിരുന്ന പാലക്കാട് കാടാങ്കോട് സ്വദേശി സുനിൽ (30), പിരായിരി സ്വദേശി അഭി (25) എന്നിവർക്കും രണ്ടാമത്തെ കാറിലുണ്ടായിരുന്ന തമിഴ്നാട് സ്വദേശികളായ രണ്ടുപേർക്കുമാണ് പരുക്കേറ്റത്. വിനീഷിന്റെ ഭാര്യ: പ്രീത. മകൾ: ആദ്യ. അഭിജിത്തിന്റെ സഹോദരങ്ങൾ: അരുൺദാസ്, അഭിലാഷ്.

# വെല്ലുവിളികളെ ഒറ്റക്കെട്ടായി നേരിടുമെന്ന് പ്രധാനമന്ത്രി

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷംമൂലം ഉയർന്നുവന്നിട്ടുള്ള വെല്ലുവിളികളെ ഇന്ത്യ ദൃഢനിശ്ചയത്തോടെ നേരിടുകയാണെന്നും പ്രതിസന്ധി ഘട്ടത്തെ പൗരന്മാർ ഐക്യത്തോടെ നേരിടണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗരൂകരായിരിക്കണമെന്നും അഭ്യൂഹങ്ങളിൽ വീഴരുതെന്നും പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി അറിയിച്ചു.

പശ്ചിമേഷ്യൻ സംഘർഷത്തെ വെല്ലുവിളി നിറഞ്ഞ സമയമെന്നു വിശേഷിപ്പിച്ച പ്രധാനമന്ത്രി, സംഘർഷത്തിനിടയിൽ ഒരു കോടി ഇന്ത്യൻ പ്രവാസികൾക്ക് സാദ്ധ്യമായ എല്ലാ സഹായവും നല്കുന്നതിന് ഗൾഫ് രാജ്യങ്ങൾക്ക് നന്ദിയും അറിയിച്ചു.

കോവിഡ് മഹാമാരിക്കുശേഷം ലോകം പുരോഗതിയുടെ പാതയിലേക്ക് മുന്നേറുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടതെങ്കിലും വിവിധ പ്രദേശങ്ങളിൽ യുദ്ധസാഹചര്യങ്ങളും സംഘർഷങ്ങളും രൂപപ്പെട്ടത് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. സംഘർഷം രാഷ്ട്രീയവത്കരിക്കുന്നതിനെ വിമർശിച്ച പ്രധാനമന്ത്രി 140 കോടി ജനങ്ങളുടെ താല്പര്യം ഉൾക്കൊള്ളുന്ന വിഷയത്തിൽ സ്വാർത്ഥരാഷ്ട്രീയത്തിനു സ്ഥാനമില്ലെന്നും പറഞ്ഞു.

# വ്യാജരേഖകൾ ചമച്ച് 14 ബസുകൾക്ക് രജിസ്ട്രേഷൻ

തിരുവനന്തപുരം: നിർമാണം പൂർത്തിയാകാത്ത 14 ബസുകൾക്ക് വ്യാജരേഖയിൽ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ രജിസ്ട്രേഷൻ നൽകി. കൊല്ലം, തൊടുപുഴ, വൈക്കം, ഉഴവൂർ, തളിപ്പറമ്പ് ഓഫീസുകളിലെ ക്രമക്കേടാണ് പുറത്തുവന്നത്. ആർടിഒ മുതൽ ഓഫീസ് ജീവനക്കാർവരെ ഈ തിരിമറിയിൽ പങ്കാളികളാണ്. ഇതുസംബന്ധിച്ച് വിജിലൻസ്, വകുപ്പുതല അന്വേഷണം നടക്കുകയാണ്. കൂടുതൽ ബസുകൾ ഇത്തരത്തിൽ രജിസ്ട്രേഷൻ നേടിയതായും സൂചനയുണ്ട്.

ഷാസി വാങ്ങിയശേഷം ബോഡി നിർമിച്ച് തയ്യാറാക്കുന്ന വാഹനങ്ങൾ സുരക്ഷാ മാനദണ്ഡം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് രജിസ്ട്രേഷനുമുൻപേ പരിശോധിക്കുന്നത്. പരിശോധനയിൽ വീഴ്ചയുണ്ടായാൽ സാങ്കേതികപ്പിഴവുള്ള വാഹനങ്ങൾ നിരത്തിലെത്താൻ സാധ്യതയുണ്ട്. ഇത് അപകടത്തിന് വഴിവെക്കും.

കൊല്ലം ഓഫീസിൽ ഫെബ്രുവരി 27, 28 ദിവസങ്ങളിൽ രജിസ്റ്റർചെയ്ത രണ്ടു ബസുകൾ പരിശോധനയ്ക്ക് എത്തിയിരുന്നില്ല. ചാത്തന്നൂർ സബ് ഓഫീസിൽ ഫിറ്റ്നസ് പരിശോധനയ്ക്ക് നിയോഗിച്ചിരുന്ന അസി. വെഹിക്കിൾ ഇൻസ്പെക്ടർ, കൊല്ലത്തുവെച്ച് ബസ് പരിശോധിച്ചെന്നാണ് റിപ്പോർട്ട് നൽകിയത്.

ഇൻസ്പെക്ടർ അന്നേ ദിവസം കൊല്ലത്ത് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നില്ലെങ്കിലും ആർടിഒ റിപ്പോർട്ട് അംഗീകരിച്ച് രജിസ്ട്രേഷൻ നൽകി. നേരിട്ടുകാണാത്ത ബസിന്റെ അളവ് സഹിതമാണ് ഇൻസ്പെക്ടറുടെ റിപ്പോർട്ട്. ബസിൽ ജിപിഎസ് ഘടിപ്പിച്ചതായും വ്യാജരേഖയുണ്ടാക്കി. ഓരോ ഇടപാടിലും 70,000 മുതൽ ഒരുലക്ഷം രൂപവരെ കൈക്കൂലി ലഭിച്ചെന്നാണ് വിജിലൻസിന് ലഭിച്ച വിവരം.

മാർച്ചുമുതൽ ബസ് കോച്ച് നിർമാണത്തിന് പുതിയ മാനദണ്ഡം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിരുന്നു. സമയപരിധി അവസാനിക്കുന്നതിന് തൊട്ടുമുൻപാണ് ബെംഗളൂരുവിലെ ഫാക്ടറിയിൽ നിർമാണത്തിലുള്ള ബസുകൾക്ക് രജിസ്ട്രേഷൻ നൽകിയത്.

ഫാക്ടറിയിൽ നിന്നുള്ള ഗേറ്റ് പാസ്, ബിൽ, ടോൾ രേഖ എന്നിവ പരിശോധിച്ചപ്പോഴാണ് രജിസ്ട്രേഷൻ നേടിയപ്പോൾ നിർമാണം പൂർത്തിയായിട്ടില്ലെന്ന് തെളിഞ്ഞത്.

# എ.കെ.ജി സെന്റർ ഭൂമി; രേഖകൾ കണ്ടെത്താനായില്ല

തിരുവനന്തപുരം: എ.കെ.ജി സെന്ററിന് അനുവദിച്ചതിനേക്കാൾ ഭൂമി ഉണ്ടെന്ന കേസ് ഹൈക്കോടതിയിൽ നടന്നുവരുന്നതിനിടെ, ഭൂമി അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ ആർക്കൈവ്സിൽ ഇല്ലെന്ന് വിവരാവകാശരേഖ. 1977-ൽ എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ എ.കെ.ജി പഠനഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് എ.കെ.ജി സ്മാരക സമിതിക്ക് കേരള സർവകലാശാലയോട് ചേർന്നുള്ള ഭൂമി കൈമാറിയത് സംബന്ധിച്ച ഫയൽ ആർക്കൈവ്സിന് കൈമാറിയെന്നായിരുന്നു റവന്യൂ വകുപ്പ് വിവരാവകാശ നിയമപ്രകാരം നേരത്തെ അറിയിച്ചത്.

ഹൈക്കോടതിയിലെ കേസിൽ കളക്ടർ നല്കിയിട്ടുള്ളത് 1977 ഓഗസ്റ്റ് 20-ലെ ജി.ഒ.എംഎസ്.1172/77 ആർഡി ഉത്തരവിന്റെ നമ്പറാണ്. എന്നാൽ, ഉത്തരവ് നല്കിയിട്ടില്ല. 1977 ഓഗസ്റ്റ് 20-ലെ ജി.ഒ.എംഎസ് 1172/77ആർഡി നമ്പർ ഉത്തരവ് അടങ്ങിയ തീർപ്പ് ഫയൽ വകുപ്പിനു കൈമാറി ലഭിച്ചിട്ടില്ലെന്നാണ് ആർക്കൈവ്സ് ഡയറക്ടർ വിവരാവകാശ നിയമപ്രകാരം മറുപടി നല്കിയത്. 1171/77 കഴിഞ്ഞാൽ 1174/77 നമ്പർ ഫയലാണുള്ളത്.

എ.കെ.ജിയുടെ മരണത്തെ തുടർന്ന് ഇഎംഎസ് ചെയർമാനും ഇ.കെ. നായനാർ സെക്രട്ടറിയുമായി എ.കെ.ജി സ്മാരക സമിതിയുണ്ടാക്കി. സിപിഎം നേതാക്കളായിരുന്ന എം.വി. രാഘവൻ, ടി.കെ. രാമകൃഷ്ണൻ എന്നിവർ മുഖ്യമന്ത്രി ആന്റണിയെ കണ്ട് എ.കെജിയുടെ പേരിൽ ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് ഭൂമി ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയ്ക്കു നല്കിയ ഭൂമിയിൽ നിന്നുള്ളത് അനുവദിച്ചത്. എന്നാൽ, ഇത് എത്ര സെന്റാണെന്ന തർക്കം നിലനിൽക്കുന്നു. ഭൂമി അനുവദിച്ച ഉത്തരവ് ലഭ്യമായാലേ വ്യക്തത വരൂ.

പിന്നീട് കേരള സർവകലാശാലയിൽ നിന്ന് 15 സെന്റ് കൂടി ഗിഫ്റ്റായി പുതുതായി രൂപവത്കരിച്ച എ.കെജി ട്രസ്റ്റിന്റെ പേരിൽ നല്കിയെന്നാണ് രേഖ. സർക്കാർ വക ഭൂമി സർവകലാശാലയ്ക്ക് മറ്റേതെങ്കിലും സ്ഥാപനത്തിന് ഇത്തരത്തിൽ നല്കാനാവില്ലെന്നാണ് വാദം. ഈ ഭൂമി ഇതുവരെ പതിച്ചു നല്കിയിട്ടില്ല.

2018-ലെ റീസർവേ പ്രകാരം എ.കെ.ജി സെന്ററിന് 55 സെന്റ് കൈവശമുണ്ടെന്നും ഭൂമി പുറമ്പോക്കാണെന്നും അതുകൊണ്ട് തണ്ടപ്പേർ പതിക്കുകയോ കരമൊടുക്കുകയോ ചെയ്യുന്നില്ലെന്നും വിവരാവകാശരേഖകൾ പറയുന്നു. ഏത് ആവശ്യത്തിനാണോ ഭൂമി അനുവദിച്ചത് അതിനല്ലാതെ ഉപയോഗിച്ചാൽ അത് അസാധുവാകുമെന്നാണ് വ്യവസ്ഥ. ഇക്കാര്യം ഉന്നയിച്ചാണ് സേവ് യൂണിവേഴ്സിറ്റി കാമ്പയിൻ കമ്മിറ്റി ഹൈക്കോടതിയിൽ കേസ് നല്കിയത്.

# പെരുമാറ്റച്ചട്ടം: ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ വകുപ്പുകൾ

കോഴിക്കോട്: നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ പേരിൽ നിയമന നടപടികൾ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ നിർത്തിവെച്ചതോടെ കാലാവധി തീരാറായ റാങ്ക് പട്ടികകളിലെ ഉദ്യോഗാർത്ഥികൾ ആശങ്കയിൽ.

വനിത സിവിൽ പോലീസ് ഓഫീസർ, എൽഡി ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സെർവന്റ് തുടങ്ങി വിവിധ പട്ടികകളാണു ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ കാലാവധി പൂർത്തിയാക്കാനിരിക്കുന്നത്.

ഇതിൽ, വനിത സിവിൽ പോലീസ് ഓഫീസർ റാങ്ക് പട്ടികയിലെ നിയമന നടപടിക്കു 10 പ്രവൃത്തി ദിനം മാത്രമാണു ശേഷിക്കുന്നത്. 376 പേർ മാത്രമുള്ള വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് പട്ടികയിൽനിന്ന് ഇതുവരെ 190 പേർക്കു മാത്രമാണു നിയമന ശിപാർശ ലഭിച്ചത്. ബാക്കിയുള്ളവർകൂടി നിയമനം കാത്തിരിക്കുമ്പോഴാണു തെരഞ്ഞെടുപ്പ് നടപടി തടസ്സമായത്.

സ്ഥാനക്കയറ്റം വഴി വകുപ്പിൽ നിലവിൽ 35 ഒഴിവുകൾ ലഭ്യമാണെന്നാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച വിവരം.

എന്നാൽ പെരുമാറ്റച്ചട്ടം നിലവിലുണ്ടെന്ന കാരണം പറഞ്ഞ് ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് അധികൃതർ തയാറാകുന്നില്ല. നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നുള്ള നിയമനത്തിനോ സാധാരണ നിലയിലുള്ള സ്ഥാനക്കയറ്റത്തിനോ പെരുമാറ്റച്ചട്ടം തടസമല്ലെന്നു തെരഞ്ഞെടുപ്പ് കമ്മീഷന്റെ വ്യക്തമായ നിർദേശമുണ്ട്. എന്നിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് മനഃപൂർവമാണെന്ന് ഉദ്യോഗാർത്ഥികൾ പറയുന്നു.

ഈ പട്ടികയിലുള്ള പല ഉദ്യോഗാർത്ഥികളും മറ്റു പട്ടികകളിലും ഉൾപ്പെട്ടവരാണ്. മറ്റു തസ്തികകളിൽ ജോലി ലഭിച്ചു പോയാൽ ഇവരിൽ പലരും നോൺ ജോയിനിങ് ഡ്യൂട്ടി (എൻജെഡി) ആയി എഴുതിക്കൊടുക്കാറാണു പതിവ്. അങ്ങനെ വരുന്ന ഒഴിവുകളിലേക്കും ഈ പട്ടികയിലെ ബാക്കിയുള്ള ഉദ്യോഗാർത്ഥികൾക്കു നിയമനം ലഭിക്കുമായിരുന്നു. എന്നാൽ മറ്റു പട്ടികയിൽനിന്നും നിയമന നടപടികൾ നടക്കാതായതോടെ ആ പ്രതീക്ഷയും മങ്ങി.

തെരഞ്ഞെടുപ്പ് കാലയളവിലും നിയമനങ്ങൾക്ക് തടസ്സമില്ലെന്നു കമ്മീഷൻ വ്യക്തമാക്കിയ സഹചര്യത്തിൽ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ മടിക്കുന്നതു നീതികേടാണെന്ന് ഉദ്യോഗാർത്ഥികൾ പരാതിപ്പെട്ടു.

അടിയന്തരമായി ഒഴിവ് റിപ്പോർട്ട് ചെയ്ത് ആശങ്ക പരിഹരിക്കണമെന്നാണ് ഇവരുടെ ആവശ്യം.

# ന്യൂനപക്ഷ കമ്മീഷനിൽ ക്രൈസ്തവരില്ല

ന്യൂഡൽഹി: ദേശീയ ന്യൂനപക്ഷ കമ്മീഷനിൽ മുസ്‌ലിം, പാഴ്സി മത വിഭാഗത്തിൽനിന്നുള്ള രണ്ടുപേരെ ഈയിടെ നിയമിച്ചെങ്കിലും ക്രൈസ്തവ പ്രതിനിധിയെ നിയമിക്കാതെ കേന്ദ്രസർക്കാർ. കമ്മീഷനിൽ ആറു വർഷമായി ക്രൈസ്തവ പ്രതിനിധിയുടെ അസാന്നിധ്യം തുടരുകയാണ്. മാത്രമല്ല, കമ്മീഷനിലെ ചെയർപേഴ്സൺ സ്ഥാനം ഉൾപ്പെടെ ഒരു വർഷത്തോളമായി ഒഴിഞ്ഞുകിടക്കുകയുമാണ്.

നിലവിലെ ന്യൂനപക്ഷകാര്യ സഹമന്ത്രിയായ ജോർജ് കുര്യൻ 2020-ൽ ന്യൂനപക്ഷ കമ്മീഷനിലെ സ്ഥാനം ഒഴിഞ്ഞതുമുതൽ ക്രൈസ്തവ വിഭാഗത്തിന്റെ പ്രാതിനിധ്യം ഒഴിഞ്ഞുകിടക്കുകയാണ്. 2020-ന് ശേഷം ഒന്നിലധികം തവണ കമ്മീഷൻ പുനഃസംഘടിപ്പിച്ചെങ്കിലും ക്രൈസ്തവസമൂഹത്തിൽനിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ന്യൂനപക്ഷ മതവിഭാഗങ്ങളുടെയും വ്യക്തിഗത സാന്നിധ്യം നിയമപരമായി നിർബന്ധമില്ലെങ്കിലും തുല്യത ഉറപ്പുവരുത്തുന്നതിനും ക്രൈസ്തവരെ ദേശീയതലത്തിൽ കേൾക്കുന്നതിനും ക്രൈസ്തവ പ്രതിനിധിയുടെ സാന്നിധ്യം അത്യാവശ്യമാണെന്ന് സഭാ പ്രതിനിധികളടക്കം നിരവധി തവണ വ്യക്തമാക്കിയിട്ടുണ്ട്.

ന്യൂനപക്ഷ കമ്മീഷനിലെ ഒഴിവ് നികത്താൻ സമയപരിധി നൽകാതിരുന്നതിനെത്തുടർന്ന് ഡൽഹി ഹൈക്കോടതി കേന്ദ്രസർക്കാരിനെതിരെ രൂക്ഷ വിമർശനം നടത്തിയിരുന്നു. 2025 ഏപ്രിൽ 12-ന് ഇക്ബാൽ സിംഗ് ലാൽപുര ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺ സ്ഥാനം ഒഴിഞ്ഞശേഷം അതു നികത്താനും ഇതുവരെ സാധിച്ചിട്ടില്ല.

# സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് പുതിയ സംവിധാനം; നേഴ്സുമാർക്ക് പ്രതിസന്ധി

ന്യൂഡൽഹി: ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ ആരോഗ്യപ്രവർത്തകരുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഗൾഫ് രാജ്യങ്ങൾ ഏർപ്പെടുത്തിയ പുതിയ സംവിധാനം മലയാളികൾ ഉൾപ്പെടെയുള്ള നേഴ്സുമാരുടെ തൊഴിൽ മുടക്കുന്നു. പുതിയ സംവിധാനത്തെക്കുറിച്ച് അറിയില്ലെന്ന് പറഞ്ഞ് സംസ്ഥാന നേഴ്സിങ് കൗൺസിലുകളും സർവകലാശാലകളും സഹകരിക്കുന്നില്ലെന്നാണ് പരാതി. ജനറൽ നേഴ്സുമാർക്ക് സംസ്ഥാന നേഴ്സിങ് കൗൺസിലുകളും ബിഎസ്സി ബിരുദധാരികൾക്ക് സർവകലാശാലകളുമാണ് ഡിഗ്രി സംബന്ധിച്ച എതിർപ്പില്ലാരേഖ (എൻഒസി) നല്കേണ്ടത്. എന്നാൽ, ഏജൻസി മാറ്റം സംബന്ധിച്ച് ഔദ്യോഗിക ഉത്തരവ് ലഭിച്ചിട്ടില്ലെന്നു ചൂണ്ടിക്കാട്ടി സംസ്ഥാന നേഴ്സിംഗ് കൗൺസിലുകളും സർട്ടിഫിക്കറ്റ് പരിശോധനയോട് സഹകരിക്കുന്നില്ല.

കുവൈറ്റ്, ഖത്തർ, യുഎഇ, ഒമാൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധന 'കാഡ്രേബെ' എന്ന സ്വകാര്യ ഏജൻസിക്ക് കൈമാറിയതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം. നിലവിലെ കരാർ കാലാവധി കഴിഞ്ഞ് നേഴ്സിങ് ലൈസൻസ് പുതുക്കുന്നതിനും പുതുതായി ജോലിക്കെത്തുന്നതിനും യോഗ്യതാ സർട്ടിഫിക്കറ്റ് പരിശോധന നിർബന്ധമാണ്. കുവൈറ്റ് ഒഴികെയുള്ള രാജ്യങ്ങളിൽ 'ഡേറ്റാഫ്ളോ' എന്ന മറ്റൊരു സ്വകാര്യ ഏജൻസിക്കും കരാർ ലഭിച്ചിട്ടുണ്ട്. എന്നാൽ, കുവൈറ്റിൽ കാഡ്രേബെ മാത്രമേയുള്ളൂ.

പശ്ചിമേഷ്യൻ യുദ്ധത്തിനിടെ സാങ്കേതിക കാരണങ്ങളാൽ സർട്ടിഫിക്കറ്റ് പരിശോധന മുടങ്ങിയതോടെ കുവൈറ്റിലുൾപ്പെടെ മലയാളി നേഴ്സുമാർക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന സ്ഥിതിയാണ്. പല നേഴ്സുമാർക്കും നോട്ടീസ് ലഭിച്ചു. പ്രശ്നത്തിന് അടിയന്തര പരിഹാരം ആവശ്യപ്പെട്ട് ആഗോള മലയാളി നേഴ്സസ് കൂട്ടായ്മ ഇന്ത്യൻ നേഴ്സിങ് കൗൺസിലിന് പരാതി നല്കിയിട്ടുണ്ട്. വിഷയത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇടപെട്ടില്ലെങ്കിൽ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് നേഴ്സുമാർ തൊഴിൽരഹിതരാകുമെന്ന് സംഘടനാ അദ്ധ്യക്ഷൻ സിനു ജോൺ കറ്റാനം പറഞ്ഞു.

# യേശുവിന്റെ കബറിടപ്പള്ളിയിൽ സഭാനേതാക്കളെ തടഞ്ഞ് ഇസ്രയേൽ പോലീസ്

ജറുസലേം: ഓശാന ഞായറാഴ്ച ക്രിസ്തുവിന്റെ കബറിടപ്പള്ളിയിൽ കുർബാനയ്ക്ക് എത്തിയ ആർച്ച്ബിഷപ് പീർബാറ്റിസ്റ്റ പിസബല്ല അടക്കമുള്ള കത്തോലിക്കാ സഭാനേതാക്കളെ ഇസ്രയേൽ പോലീസ് തടഞ്ഞു. ഇവർക്ക് പള്ളിയിൽ പ്രവേശിക്കാനായില്ല. നൂറ്റാണ്ടുകൾക്കിടെ ഇത്തരമൊരു സംഭവം ആദ്യമാണെന്ന് സഭ അറിയിച്ചു. ഫെബ്രുവരി 28-ന് ഇറാനെതിരെ ഇസ്രയേൽ ആക്രമണം ആരംഭിച്ചതു മുതൽ ദേവാലയം അടച്ചിട്ടിരിക്കുകയാണ്. ഏതാനും പേർ മാത്രം പങ്കെടുക്കുന്ന കുർബാനയ്ക്കാണ് അനുമതി ചോദിച്ചിരുന്നതെന്നും പോലീസ് നടപടി അനുചിതവും അന്യായവുമായിപ്പോയെന്നും സഭാനേതൃത്വം പറഞ്ഞു.

പതിനായിരങ്ങൾ പങ്കെടുക്കാറുള്ള കുരുത്തോല പ്രദക്ഷിണവും ഇത്തവണ റദ്ദാക്കേണ്ടിവന്നു. ആർച്ച് ബിഷപ് പീറ്റർ ബാറ്റിസ്റ്റ പിസബല്ല സമീപത്തെ സെ. സേവ്യേഴ്സ് ആശ്രമത്തിലാണ് കുർബാന അർപ്പിച്ചത്. സുരക്ഷാ കാരണങ്ങളാൽ കുർബാന അനുവദിക്കാനാവില്ലെന്ന് സഭാ അധികൃതരെ അറിയിച്ചിരുന്നുവെന്ന് ഇസ്രയേൽ പോലീസ് പറഞ്ഞു. സഭാ നേതാക്കളെ തടഞ്ഞ പോലീസ് നടപടി മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണെന്ന് ഇറ്റലി പ്രധാനമന്ത്രി ജോർജ് മെലോനി പ്രതികരിച്ചു. സംഭവത്തിൽ ഇസ്രയേൽ സ്ഥാനപതിയെ വിളിച്ചുവരുത്തി പ്രതിഷേധം അറിയിക്കുമെന്ന് ഇറ്റലിയുടെ വിദേശകാര്യമന്ത്രി വ്യക്തമാക്കി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയും പോലീസ് നടപടിയെ അപലപിച്ചു.



ആർച്ച് ബിഷപ് പീറ്റർ ബാറ്റിസ്റ്റ പിസബല്ലയുടെ നേതൃത്വത്തിൽ ചർച്ച് ഓഫ് ഓൾ നേഷൻസിൽ വിശ്വാസികളില്ലാതെ ചടങ്ങ് നടത്തിയപ്പോൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 13
March 30, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**


സംഭാഷണം മനുഷ്യസ്വഭാവത്തെ ചെത്തിമിനുക്കുന്നു.

**മൊണ്ടെയിൻ**

നാം എന്തിനുവേണ്ടിയാണ് ഭൂമി സന്ദർശിക്കുവാൻ വന്നതെന്ന് നമുക്കറിഞ്ഞുകൂടാ. അന്യർക്കുവേണ്ടിയായിരിക്കാം.

**ഐൻസ്റ്റീൻ**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബഹിരാകാശത്ത് ഇന്ത്യയുടെ പുതിയ കാവൽക്കാരൻ

ന്യൂഡൽഹി: ഇന്ത്യയുടെ അതിർത്തികൾ ഇനിമുതൽ ബഹിരാകാശത്തുനിന്നുള്ള അതിശക്തമായ നിരീക്ഷണ വലയത്തിലാകും. അമേരിക്കൻ സ്പേസ് ടെക്നോളജി കമ്പനിയായ 'ബ്ലാക്ക് സ്കൈ' വികസിപ്പിച്ച അത്യാധുനിക ജെനറേഷൻ-3 സാറ്റലൈറ്റുകൾ ഇന്ത്യൻ പ്രതിരോധ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് തുടക്കമിടാൻ പോകുന്നത്. ഇന്ത്യയുടെ തന്ത്രപ്രധാനമായ അതിർത്തികളിലും സമുദ്രമേഖലകളിലും ശത്രുക്കളുടെ ഒരു ചെറിയ ചലനംപോലും ഈ 'ഡിജിറ്റൽ കണ്ണുകളിൽ'നിന്നും ഇനി മറയ്ക്കാനാകില്ല.

സാധാരണ സാറ്റലൈറ്റുകളിൽ നിന്നും വ്യത്യസ്തമായി, അതിശയിപ്പിക്കുന്ന വ്യക്തതയാണ് ജെനറേഷൻ-3 സാറ്റലൈറ്റുകളുടെ പ്രത്യേകത. ഭൂമിയിലുള്ള കേവലം 35 സെന്റിമീറ്റർ വലുപ്പമുള്ള വസ്തുക്കളെപ്പോലും കൃത്യമായി തിരിച്ചറിയാൻ ഈ സാറ്റലൈറ്റുകൾക്ക് സാധിക്കും. അതായത്, അതിർത്തിയിലെ ഒരു സൈനിക വാഹനത്തിന്റെ ടയറുകൾക്കോ അല്ലെങ്കിൽ ഒളിച്ചിരിക്കുന്ന ശത്രുക്കളുടെ ചെറിയ ആയുധങ്ങൾക്കോപോലും ഈ കാമറകളിൽനിന്ന് രക്ഷപ്പെടാനാവില്ല. ഇന്ത്യക്കായി പ്രത്യേകം നിർമിച്ച ഈ സാറ്റലൈറ്റ് ഓർബിറ്റിൽ വിക്ഷേപിച്ചു കഴിഞ്ഞാൽ, ഇന്ത്യയുടെ താല്പര്യപ്രകാരം ഏതു സമയത്തും നിരീക്ഷണം നടത്താൻ സാധിക്കും.

ബ്ലാക്ക് സ്കൈയുടെ ഏറ്റവും വലിയ കരുത്ത് അതിന്റെ തെർമൽ ഇമേജിങ് (Thermal Imaging) സാങ്കേതികവിദ്യയാണ്. കാടിനുള്ളിലെ മരങ്ങൾക്കിടയിലോ ഗുഹകൾക്കുള്ളിലോ ശത്രുക്കൾ ഒളിച്ചിരുന്നാലും, അവരുടെ



ശരീരത്തിൽനിന്നോ വാഹനങ്ങളിൽനിന്നോ പുറത്തുവരുന്ന താപം തിരിച്ചറിഞ്ഞ് അവരെ കണ്ടെത്താൻ ഈ സാറ്റലൈറ്റിന് കഴിയും. ഇതിലുപരി, കടലിനടിയിലൂടെ നീങ്ങുന്ന ശത്രുരാജ്യങ്ങളുടെ അന്തർവാഹിനികളെ അവയുണ്ടാക്കുന്ന തരംഗങ്ങളും താപവ്യതിയാനങ്ങളും ഉപയോഗിച്ച് തിരിച്ചറിയാനും ബ്ലാക്ക് സ്കൈയ്ക്ക് ശേഷിയുണ്ട്. ഇത് ഇന്ത്യൻ മഹാസമുദ്രത്തിലെ സുരക്ഷാ ഭീഷണികൾ നേരിടാൻ ഇന്ത്യയെ വലിയ രീതിയിൽ സഹായിക്കും.

യുദ്ധക്കളത്തിൽ ഓരോ സെക്കൻഡും വിലപ്പെട്ടതാണ്. സാധാരണഗതിയിൽ സാറ്റലൈറ്റ് ചിത്രങ്ങൾ ലഭിക്കാൻ മണിക്കൂറുകളോ ദിവസങ്ങളോ എടുക്കാറുണ്ട്. എന്നാൽ ബ്ലാക്ക് സ്കൈയുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത സോഫ്റ്റ്‌വെയർ വഴി, ചിത്രം പകർത്തി വെറും 60 മിനിറ്റിനുള്ളിൽ അത് വിശകലനം ചെയ്ത് ഇന്ത്യൻ സൈന്യത്തിന് കൈമാറാൻ സാധിക്കും. സംശയാസ്പദമായ എന്തെങ്കിലും നീക്കം കണ്ടാലുടൻ ഇത് തനിയെ മുന്നറിയിപ്പ് നൽകുകയും ചെയ്യും.

ഇന്ത്യയുടെ സുരക്ഷാ ആവശ്യങ്ങൾക്കായി ബ്ലാക്ക് സ്കൈയുമായി ചേർന്ന് പ്രവർത്തിക്കുന്നത് ഇന്ത്യൻ കമ്പനിയായ എൻ.ഐ.ബി.ഇ (NIBE) ആണ്. ബ്ലാക്ക് സ്കൈ സാറ്റലൈറ്റുകളിൽനിന്നുള്ള വിവരങ്ങൾ ഇന്ത്യയിൽ തന്നെ സ്വീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആവശ്യമായ ഗ്രൗണ്ട് സ്റ്റേഷനുകൾ ഇന്ത്യയിൽ ഒരുങ്ങുന്നുണ്ട്. വിവരങ്ങൾ ചോരാതെ അതീവ രഹസ്യമായി സൂക്ഷിക്കാൻ ഇത് സഹായിക്കും.

# എഫ്സിആർഎയിലെ നിയന്ത്രണം ആശങ്കയുണർത്തുന്നു

ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ട എഫ്സിആർഎ നിയമഭേദഗതി ബിൽ (വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ) പലതരം ആശങ്കകളിലേക്കു വാതിൽ തുറക്കുകയാണ്. ബിൽ സന്നദ്ധസേവകരുടെ കൈകൾ വരിഞ്ഞുമുറുക്കുന്നതാണെന്നാണ് ആരോപണം. ഒരു സ്ഥാപനത്തിന്റെ എഫ്സിആർഎ ലൈസൻസ് റദ്ദാക്കപ്പെടുകയോ വച്ചൊഴിയുകയോ കാലഹരണപ്പെടുകയോ ചെയ്താൽ, വിദേശ സംഭാവന ഉപയോഗിച്ച് ആർജിച്ച ആസ്തികൾ കേന്ദ്ര സർക്കാരിനു സ്ഥിരമായി ഏറ്റെടുക്കാനുള്ള വ്യവസ്ഥയാണ് ആശങ്കകളുടെ അടിസ്ഥാനം. നിശ്ചിത സമയപരിധിക്കുള്ളിൽ എഫ്സിആർഎ ലൈസൻസ് പുതുക്കി ലഭിക്കാതിരിക്കുകയോ റദ്ദായ ലൈസൻസ് പുനഃസ്ഥാപിക്കപ്പെടാതിരിക്കുകയോ ചെയ്താൽ ആസ്തികൾ സ്ഥിരമായി ഏറ്റെടുക്കാൻ മാത്രമല്ല, വേണ്ടിവന്നാൽ വിൽക്കാനും സർക്കാരിനു കഴിയും. വിദേശസംഭാവന ഭാഗികമായി ഉപയോഗിച്ചു നിർമിച്ച ആസ്തികൾപോലും സർക്കാരിന് ഏറ്റെടുക്കാമെന്നത് ആശങ്ക വർധിപ്പിക്കുന്നു.

സർക്കാരിതര സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ വിദേശസംഭാവന സ്വീകരിക്കുമ്പോൾ ബാധകമാകുന്ന നിയമമാണ് എഫ്സിആർഎ. ഇങ്ങനെയെത്തുന്ന സംഭാവനകൾ രാജ്യതാൽപര്യത്തെയും രാജ്യസുരക്ഷയെയും ബാധിക്കുന്നില്ലെന്ന് ഉറപ്പാക്കുകയാണു നിയമത്തിന്റെ ലക്ഷ്യം - വിദേശ സംഭാവനകളെല്ലാം നേരായ വഴികളിലൂടെയും നേരായ കാര്യങ്ങൾക്കാണെന്നും പറയാനാകാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ പുലർത്തുന്ന ശ്രദ്ധയും നിയന്ത്രണവും പൂർണമായും തള്ളിക്കളയാനുമാകില്ല. എന്നാൽ, നിലവിലെ എഫ്സിആർഎ നിയമത്തിൽ നിർണായക മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ അതിൽ പൊതുസമൂഹത്തിന്റെ സജീവ ശ്രദ്ധ എത്തുന്നതും അതേച്ചൊല്ലി സംശയങ്ങളുയരുന്നതും സ്വാഭാവികം. വലിയ തോതിലുള്ള നിയന്ത്രണങ്ങളും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുന്ന അമിതാധികാരവും ഈ ബില്ലിൽനിന്നു കണ്ടെടുക്കുമ്പോൾ അതു ഗൗരവമുള്ളതായിത്തീരുന്നു. സംഘടനയുടെ രജിസ്ട്രേഷൻ കാലഹരണപ്പെടുകയോ റദ്ദാക്കുകയോ വച്ചൊഴിയുകയോ ചെയ്യുമ്പോൾ, വിദേശ സംഭാവനകളിലൂടെ ഉണ്ടാക്കിയിട്ടുള്ള ആസ്തി കൈകാര്യം ചെയ്യാൻ സംവിധാനം ഒരുക്കുകയാണു ബില്ലിന്റെ ലക്ഷ്യമെന്നാണു വിശദീകരണം. ലൈസൻസ് റദ്ദായതിന്റെ പേരിൽ മുൻപു താൽക്കാലികമായി ഏറ്റെടുക്കപ്പെട്ട ആസ്തികളും നിർദിഷ്ട 'എഫ്സിആർഎ അതോറിറ്റി'യുടെ നിയന്ത്രണത്തിലാക്കും. വിദേശസംഭാവന സ്വീകരിക്കാനുള്ള എഫ്സിആർഎ ലൈസൻസ് മരവിപ്പിച്ചിരിക്കുന്ന സമയത്ത് കേന്ദ്രത്തിന്റെ മുൻകൂർ അനുമതിയില്ലാതെ ആർക്കും ആസ്തികൾ കൈകാര്യം ചെയ്യാനാകില്ലെന്ന വ്യവസ്ഥയും ഉൾച്ചേർത്തിട്ടുണ്ട്. ഭരണഘടനാപരമായ സംരക്ഷണമൊന്നുമില്ലാതെ സർക്കാരിനു വിപുലമായ അധികാരം നൽകുന്നത് അപകടമാണെന്ന കോൺഗ്രസ് മുന്നറിയിപ്പിന്, മതപരിവർത്തനവും ഫണ്ട് ദുരുപയോഗവും നടത്തുന്നവർക്കാണ് അപകടം എന്നായിരുന്നു ആഭ്യന്തര സഹമന്ത്രിയുടെ മറുപടി. ലക്ഷ്യം വ്യക്തമാണ്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം ദുരുപയോഗിക്കപ്പെടുന്ന മതപരിവർത്തന നിരോധനനിയമം ആരെയാണ് വേട്ടയാടിക്കൊണ്ടിരിക്കുന്നതെന്ന് ദിവസവും വെളിപ്പെടുന്നുണ്ട്. സമാന്തരമായി, ദളിത് ക്രൈസ്തവരുടെ പട്ടികജാതി സംവരണവും പദവിയും അട്ടിമറിച്ചവർ അവർക്കെതിരേയുള്ള ആക്രമണങ്ങളും ഹിന്ദുമതത്തിലേക്കു മാറ്റുന്ന ഘർവാപ്പസിയും വ്യാപകമാക്കി. അത് മതപരിവർത്തനമല്ലെന്ന് സംഘപരിവാർ തീരുമാനിച്ചു; അത്ര തന്നെ. അഴിമതി വിരുദ്ധത പറയുന്ന സർക്കാർ, ഇന്ത്യയെങ്ങും ആരെ തിരക്കിയാണ് അന്വേഷണ ഏജൻസികളെ പറഞ്ഞയയ്ക്കുന്നതെന്നും വ്യക്തമായി. അന്വേഷണ ഏജൻസികൾ, ബുൾഡോസറുകൾ, മതപരിവർത്തന കേസുകൾ, ആരാധനാലയ ആക്രമണങ്ങൾ... ഈ പട്ടികയിലേക്കാണ് എഫ്സിആർഎ അവതരിപ്പിക്കുന്നതെന്ന് ന്യൂനപക്ഷങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇതുവരെയുള്ള അനുഭവം വെച്ചാണെങ്കിൽ ഏതു സ്ഥാപനങ്ങളുടെ ലൈസൻസുകളായിരിക്കും റദ്ദാക്കപ്പെടുന്നതെന്നും സ്വത്ത് കണ്ടുകെട്ടുന്നതെന്നും ഊഹിക്കാവുന്നതേയുള്ളൂ. മുൻവിധികളല്ല, മുന്നനുഭവങ്ങൾ.

വിദേശസംഭാവന ഉപയോഗിച്ചു നിർബന്ധിത മതപരിവർത്തനം നടത്തുന്നവർ നടപടി നേരിടേണ്ടിവരുമെന്നാണ് ലോക്സഭയിൽ ബിൽ അവതരിപ്പിച്ച് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് നൽകിയ മുന്നറിയിപ്പ്. ഭരണഘടനയ്ക്കു വിരുദ്ധമായ പ്രവർത്തനങ്ങൾ സർക്കാർ വെച്ചുപൊറുപ്പിക്കില്ലെന്നു പറഞ്ഞ അദ്ദേഹം, ചട്ടം പാലിച്ചു ഫണ്ട് സ്വീകരിക്കുന്നവർ ആശങ്കപ്പെടേണ്ടതില്ലെന്നും പറയുകയുണ്ടായി. അതേസമയം, ബില്ലിലെ വ്യവസ്ഥകൾക്കു ഭരണഘടനാപരിരക്ഷയും നിയമപരമായ നിയമനിർമാണമെന്നാണു തൃണമൂൽ കോൺഗ്രസ് വിശേഷിപ്പിക്കുന്നത്. ബഹുമുഖ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതടക്കം ഗൗരവമുള്ള സംശയങ്ങൾ ഉയർന്ന സാഹചര്യത്തിൽ, ആഴത്തിലുള്ള ചർച്ചകൾ ഈ വിഷയത്തിൽ പാർലമെന്റിൽ ഉണ്ടാകേണ്ടതുണ്ട്. ന്യായമായ ആശങ്കകളെല്ലാം ദൂരീകരിച്ചുമാത്രമേ ഈ ബിൽ നിയമമാക്കാവൂ.

# പ്രവാസികൾ വോട്ട് ചെയ്യാനെത്തില്ല: നേരിയ വ്യത്യാസമുള്ള മണ്ഡലങ്ങളിൽ ആശങ്ക

കോഴിക്കോട്: പശ്ചിമേഷ്യ സംഘർഷം തുടരുന്നതു നിയമസഭാ തെരഞ്ഞെടുപ്പ് വോട്ടിങ്ങിലും പ്രതിഫലിക്കും. ഗൾഫ് ഉൾപ്പെടെയുള്ള മേഖലകളിൽനിന്ന് പതിവുള്ള 'വോട്ട് വിമാനങ്ങൾ' ഇത്തവണയെത്തിയേക്കില്ല. ഇതോടെ നേരിയ ഭൂരിപക്ഷം വിജയിക്കളെ നിർണയിക്കുന്ന മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികൾ ആധിയിൽ.

പ്രവാസികൾക്കു വോട്ടു ചെയ്ത് തിരികെ ഗൾഫിലെ ജോലിസ്ഥലത്തെത്താനാകുമോയെന്ന കാര്യത്തിലാണ് ആശങ്ക. സാധാരണ ഗതിയിൽ വാശിയേറിയ മണ്ഡലങ്ങളിലും നേരിയ മാർജിനിൽ നഷ്ടപ്പെട്ടയിടങ്ങളിലും പ്രവാസി വോട്ടർമാരെ എത്തിക്കാറുണ്ടായിരുന്നു. 2.21 ലക്ഷം പ്രവാസി വോട്ടർമാരാണ് കേരളത്തിലുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ കോഴിക്കോട് ജില്ലയിൽ-57,679 പേർ. തൊട്ടുപിന്നിൽ കണ്ണൂർ-52,163. മൂന്നാം സ്ഥാനത്ത് മലപ്പുറം 39,501 വോട്ടർമാർ. ശക്തമായ പോരാട്ടം നടക്കുന്ന മണ്ഡലങ്ങളിൽ പ്രവാസി വോട്ടർമാരുടെ സാന്നിധ്യം ഫലങ്ങളെ സ്വാധീനിക്കാറുണ്ട്. കോഴിക്കോട് കുറ്റ്യാടിയിൽ 16,000-ലേറെ പ്രവാസി വോട്ടർമാരുണ്ട്. കഴിഞ്ഞ തവണ എൽഡിഎഫ് സ്ഥാനാർത്ഥി വിജയിച്ചത് വെറും 333 വോട്ടുകളുടെ വ്യത്യാസത്തിലാണ്. തൊട്ടടുത്ത നാദാപുരത്ത് 12,000-ത്തിലധികം പ്രവാസി വോട്ടർമാരുണ്ട്. ഈ സീറ്റിൽ സിപിഐ വിജയിച്ചത് 3,385 വോട്ടുകളുടെ ഭൂരിപക്ഷത്തിലും.

വടക്കൻ കേരളത്തിൽ പ്രവാസി വോട്ടർമാർ നിർണായകമാകുന്ന വേറെയും മണ്ഡലങ്ങളുണ്ട്. കണ്ണൂർ, അഴീക്കോട്, കൂത്തുപറമ്പ്, പേരാമ്പ്ര, കൊയിലാണ്ടി, തളിപ്പറമ്പ് തുടങ്ങിയ നിരവധി മണ്ഡലങ്ങളിൽ വിജയം നിർണയിക്കുന്നതിൽ പ്രധാന ഘടകമാണ് പ്രവാസികൾ.

ചെറിയ വ്യത്യാസങ്ങൾക്ക് നഷ്ടപ്പെട്ട സീറ്റുകൾ തിരിച്ചുപിടിക്കാൻ യുഡിഎഫ് പലപ്പോഴും പ്രവാസി വോട്ടുകളെയാണ് ആശ്രയിക്കുന്നത്. തൃശൂർ, ഗുരുവായൂർ, വർക്കല, തിരൂർ, വളാഞ്ചേരി, പൊന്നാനി തുടങ്ങിയ മണ്ഡലങ്ങളിലും പ്രവാസി സാന്നിധ്യം ശക്തമാണ്. കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്ക് പ്രവാസി വോട്ടർമാർ കൂടുതലായെത്തേണ്ട കുവൈത്ത്, ബഹ്റൈൻ, ഖത്തർ എന്നിവിടങ്ങളിൽനിന്ന് നേരിട്ടു വിമാനയാത്ര നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. ഒരുലക്ഷവും അതിലേറെയും മുടക്കി സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ച് നാട്ടിലെത്താമെന്ന് കരുതിയാൽ വിചാരിക്കുന്നതുപോലെ ജോലി സ്ഥലത്ത് തിരിച്ചെത്താനുമാകില്ല. യുഎഇയിലെ ചില മലയാളി സംഘടനകൾ മുൻകൈയെടുത്ത് ഇതിന് മുമ്പ് നാട്ടിൽ വോട്ട് ചെയ്യാനെത്തുന്നവർക്കായി ചാർട്ടേഡ് വിമാനങ്ങളേർപ്പെടുത്തിയിരുന്നു. ഇത്തവണത്തെ അനിശ്ചിതത്വം കാരണം 500 പ്രവാസികൾക്ക് വീതം യാത്ര ചെയ്യാവുന്ന വിമാനങ്ങൾ ആരും ഏർപ്പെടുത്തിയിട്ടില്ല.

2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഏറ്റവും വാശിയേറിയ പോരാട്ടത്തിന് വേദിയായത് കോഴിക്കോട് വടകരയിലായിരുന്നു. എൽഡിഎഫിലെ കെ.കെ. ശൈലജ ടീച്ചറും കോൺഗ്രസിന്റെ ഷാഫി പറമ്പിലും ഏറ്റുമുട്ടിയ സാഹചര്യം. മത്സരം കടുത്തതാണെന്ന് തിരിച്ചറിഞ്ഞ് ഷാഫി ഖത്തർ, യുഎഇ, ബഹ്റൈൻ എന്നീ രാജ്യങ്ങളിലെ എൻ.ആർ.ഐകളുടെ കൺവൻഷൻ ഗൾഫ് നഗരങ്ങളിൽ വിളിച്ചു ചേർത്തിരുന്നു.

ജിസിസി രാജ്യങ്ങളിൽനിന്ന് പ്രവാസികൾ കൂട്ടംകൂട്ടമായെത്തിയാണ് സമ്മതിദാനാവകാശം വിനിയോഗിച്ചത്. കേരളത്തിലെ തെരഞ്ഞെടുപ്പുകളുടെ സാമ്പത്തിക സ്പോൺസർമാരിൽ പ്രവാസികളുമുൾപ്പെടും. ഇത്തവണ യുദ്ധ പ്രതിസന്ധി ഗൾഫിൽനിന്നുള്ള ഫണ്ടിന്റെ ഒഴുക്കിനെയും ബാധിക്കും.

# പി. ശ്രീകുമാർ എഎസ്ജി

കൊച്ചി: കേരള ഹൈക്കോടതിയിലെ ആദ്യ അഡീഷണൽ സോളിസിറ്റർ ജനറലായി (എഎസ്ജി) മുതിർന്ന അഭിഭാഷകൻ പി. ശ്രീകുമാറിനെ കേന്ദ്ര സർക്കാർ നിയമിച്ചു. രാജ്യത്തെ എല്ലാ ഹൈക്കോടതികളിലും കേന്ദ്രസർക്കാരിനായി ഹാജരാകാൻ എഎസ്ജിമാരെ നിയമിക്കുന്നതിന്റെ ഭാഗമാണിത്. ഹരിപ്പാട് സ്വദേശിയാണ്. മൂന്നു വർഷത്തേക്കാണ് നിയമനം. 1994-ൽ അഭിഭാഷകനായ ശ്രീകുമാർ 2024-ൽ സീനിയർ അഭിഭാഷകനായി. നിലവിൽ കേരള ഗവർണറുടെ നിയമ ഉപദേഷ്ടാവാണ്.

# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**







# മതപരിവർത്തനം പട്ടികജാതി പദവി നഷ്ടപ്പെടുത്തുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഹിന്ദു, സിഖ്, ബുദ്ധ മതങ്ങളിലേക്ക് ഒഴികെ നടത്തുന്ന മതപരിവർത്തനം പട്ടികജാതി പദവി നഷ്ടപ്പെടുത്തുമെന്നു സുപ്രീംകോടതി വ്യക്തമാക്കി. ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്തയാളെ പിന്നീടു പട്ടികജാതിയുടെ ഭാഗമായി കണക്കാക്കാൻ കഴിയില്ലെന്നു ആന്ധ്രപ്രദേശ് ഹൈക്കോടതിയുടെ ഉത്തരവു ശരിവെച്ചുകൊണ്ടാണ് സുപ്രീംകോടതി വിധി.

1950-ലെ ഭരണഘടനാ ഉത്തരവു വ്യാഖ്യാനിച്ചുകൊണ്ടാണു കോടതി ഇക്കാര്യം പറഞ്ഞത്. ഫലത്തിൽ പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെടുന്നവർക്കു പട്ടികവിഭാഗങ്ങൾക്കെതിരായ അതിക്രമം തടയൽ നിയമത്തിന്റേതടക്കം ആനുകൂല്യങ്ങൾ ലഭിക്കില്ല.

പട്ടികജാതിയായിക്കണക്കാക്കാത്തവർക്കു നിയമപരമായ അവകാശമോ ആനുകൂല്യമോ സംരക്ഷണമോ ഉണ്ടാകില്ല. മതപരിവർത്തനത്തിലൂടെ മറ്റു മതങ്ങൾ പിന്തുടരുകയും അതേസമയം, പട്ടികജാതിയായി തുടരുകയും ചെയ്യുന്ന രീതി അനുവദിക്കാൻ കഴിയില്ലെന്നു ജഡ്ജിമാരായ പി.കെ. മിശ്ര, എൻ.വി. അൻജാരിയ എന്നിവരുടെ ബെഞ്ച് പറഞ്ഞു.

ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത പാസ്റ്റർ ചിന്താട ആനന്ദ്, എസ്സി, എസ്ടിക്കാർക്ക് എതിരായ അതിക്രമം തടയൽ നിയമപ്രകാരം പരാതി നൽകിയതുമായി ബന്ധപ്പെട്ടതാണ് കേസ്. തനിക്കെതിരെയുണ്ടായ അക്രമം ചൂണ്ടിക്കാട്ടിയായിരുന്നു പാസ്റ്ററുടെ പരാതി. മതം മാറുകയും അതു പിന്തുടരുകയും ചെയ്യുന്നയാളെന്ന നിലയിൽ എസ്സിഎസ്ടി നിയമപ്രകാരം പരാതി നൽകാൻ കഴിയില്ലെന്നു പ്രതിഭാഗം വാദിച്ചു.

കേസ് നിലനിൽക്കില്ലെന്നായിരുന്നു ഹൈക്കോടതിയുടെ തീർപ്പ്. തുടർന്നാണ് പാസ്റ്റർ സുപ്രീംകോടതിയെ സമീപിച്ചത്. ക്രിസ്തുമതം സ്വീകരിച്ച ശേഷം അതു പിന്തുടരുകയും ഞായറാഴ്ചകളിൽ പ്രാർത്ഥനായോഗങ്ങൾ നടത്തുകയും ചെയ്തെന്നു വ്യക്തമാണെന്നു കോടതി പറഞ്ഞു.

പട്ടികജാതിക്കാരായിരിക്കെ മതം മാറിയവർ തിരികെ ഹിന്ദു,സിഖ്, ബുദ്ധ മതങ്ങളിലേക്കു മടങ്ങിയാൽ അവർക്കു നേരത്തെയുണ്ടായിരുന്ന പട്ടികജാതി പദവി അവകാശപ്പെടാമെന്നു സുപ്രീംകോടതി വ്യക്തമാക്കി. 3 വ്യവസ്ഥകൾ പാലിക്കുമെന്നു ഉറപ്പാക്കിയാകും ഇവർക്കു പട്ടികജാതി പദവി തിരികെ ലഭിക്കുക. പട്ടികജാതിയായി ജനിച്ചവരായിരിക്കണമെന്നതാണ് ഒന്നാമത്തെ വ്യവസ്ഥ. പൂർവ മതത്തിലേക്കുള്ള മടക്കം നിർവ്യാജമായിരിക്കണം. മതപരിവർത്തനത്തിന്റെ ഭാഗമായി സ്വീകരിച്ച മതത്തോടുള്ള ആഭിമുഖ്യവും അടുപ്പവും പൂർണമായും ഉപേക്ഷിച്ചിരിക്കണം. പൂർവമതം തിരികെ സ്വീകരിച്ചുവെന്ന് മതം മാറിയവർ സ്ഥാപിക്കണം. ഇക്കാര്യങ്ങളെല്ലാം സ്ഥാപിക്കുന്നവർക്കു മാത്രമേ എസ്സി പദവി ലഭിക്കൂ. ഒരു വ്യവസ്ഥയെങ്കിലും പാലിക്കപ്പെടാതിരുന്നാൽ ലഭിക്കില്ല. ഈ മതങ്ങളിലൊഴികെയുള്ളവയിലേക്കു മാറിയ ഉടൻ എസ്സി പദവി ഇല്ലാതാകുമെന്നും കോടതി വ്യക്തമാക്കി.

# സ്ഥാനാർത്ഥികളെ അയോഗ്യരാക്കാൻ മതിയായ തെളിവുകൾ വേണം: ഹൈക്കോടതി

കൊച്ചി: തെരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കണക്ക് സമർപ്പിക്കാത്തതിന്റെ പേരിൽ സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്നത് അവരെക്കൂടി കേട്ടിട്ട് വേണമെന്ന് ഹൈക്കോടതി.

കേരള പഞ്ചായത്തീരാജ് പ്രകാരമുള്ള ചട്ടങ്ങൾ കൃത്യമായി പാലിച്ചു തന്നെ വേണം നടപടിയെന്നും ജസ്റ്റിസ് പി.വി. ഉണ്ണികൃഷ്ണൻ ഉത്തരവിട്ടു. 2020-ലെ തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിന്റെ ചെലവുകണക്കുകൾ ഹാജരാക്കാതിരുന്നതിനെ തുടർന്ന് ഒരു കൂട്ടം സ്ഥാനാർത്ഥികളെ അയോഗ്യരാക്കിയ നടപടി റദ്ദാക്കിയ ഉത്തരവിലാണ് കോടതിയുടെ നിരീക്ഷണം. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തങ്ങളെ അയോഗ്യരാക്കിയത് മതിയായ നോട്ടീസോ വിശദീകരണം നൽകാൻ അവസരമോ നൽകാതെയാണെന്നു ചൂണ്ടിക്കാട്ടി ചില സ്ഥാനാർത്ഥികൾ നല്കിയ ഹർജിയാണു കോടതി പരിഗണിച്ചത്.

തെരഞ്ഞെടുപ്പ് കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ സ്ഥാനാർത്ഥികൾ ചെലവ് കണക്ക് നൽകണമെന്നാണ് ചട്ടമെന്ന് കോടതി ചൂണ്ടിക്കാട്ടി. ഇത് പരിശോധിച്ചശേഷം വീഴ്ചവരുത്തിയവർക്ക് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് നൽകണം.

ഇത് അവർക്ക് കിട്ടിയെന്നും ഉറപ്പാക്കണം. നോട്ടീസ് ലഭിച്ച് 20 ദിവസത്തിനകം സ്ഥാനാർത്ഥി നൽകുന്ന വിശദീകരണവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും പരിശോധിച്ച ശേഷമേ അയോഗ്യനാക്കുന്ന കാര്യത്തിൽ കമ്മീഷൻ തീരുമാനം എടുക്കാവുയെന്നും കോടതി വ്യക്തമാക്കി. 5 വർഷത്തേക്ക് അയോഗ്യനാക്കപ്പെടുകയെന്നത് ഒരു പൗരന്റെ ഭരണഘടനാപരമായ അവകാശത്തെ ബാധിക്കുന്ന ഗൗരവപരമായ കാര്യമായതിനാൽ, നടപടിക്രമങ്ങളിൽ ജാഗ്രത അനിവാര്യമാണെന്നും കോടതി വ്യക്തമാക്കി.

ഹർജിക്കാർക്കു നോട്ടീസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കാൻ തെരഞ്ഞെടുപ്പു കമ്മീഷനു സാധിച്ചില്ലെന്നു വ്യക്തമാക്കിയ കോടതി അയോഗ്യത ഉത്തരവ് റദ്ദാക്കിയിരുന്നു.

# ആംഗ്ലിക്കൻ സഭയുടെ ആദ്യ വനിതാ ബിഷപ്പായി സാറാ മലാലി അഭിഷിക്തയായി



ലണ്ടൻ: വില്യം രാജകുമാരനും കാതറീൻ രാജകുമാരിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാമറും ആംഗ്ലിക്കാൻ സഭാംഗങ്ങളും സാക്ഷി നിൽക്കേ, സാറാ മലാലി കാന്റർബറി ആർച്ച് ബിഷപ്പായി അഭിഷിക്തയായി. ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയും വത്തിക്കാനിൽനിന്ന് മാർപ്പാപ്പയുടെ പ്രതിനിധിയും ആ ചരിത്ര മുഹൂർത്തത്തിൽ പങ്കുചേരാനെത്തി. ആംഗ്ലിക്കൻ സഭയുടെ 1400 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് വനിതാ പരമാധ്യക്ഷയാകുന്നത്. ബ്രിട്ടീഷ് രാജവിനേയും രാജ്ഞിയേയും വാഴിക്കാൻ ചുമതലപ്പെട്ടയാളാണ് കാന്റർബറി ആർച്ച് ബിഷപ്പ്. ജനുവരിയിൽത്തന്നെ സാറാ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ചുമതലകൾ വഹിച്ചു തുടങ്ങിയിരുന്നു.

അർബുദരോഗികൾക്ക് ആശ്വാസമേകുന്ന നേഴ്സായിരുന്നു 37 വയസ്സുവരെ സാറാ. 40-ാം വയസ്സിൽ പുരോഹിതയായി. 63-ാം വയസ്സിൽ ആംഗ്ലിക്കൻ സഭയുടെ പരമാധികാരിയും. 10 കോടിയോളം വരുന്ന ആംഗ്ലിക്കൻ സഭകളുടെ പുരോഹിതരിലെ പ്രധാനിയാണ് കാന്റർബെറി ആർച്ച് ബിഷപ്പ്. ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരി സഭയായ പ്രഭുസഭയിലെ അംഗമാണ്.

# ശബരിമല സ്വർണക്കൊള്ള: തെരഞ്ഞെടുപ്പിനു മുമ്പ് കുറ്റപത്രമെത്തില്ല

തിരുവനന്തപുരം: ശബരിമല സ്വർണ്ണക്കൊള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ ചർച്ചാവിഷയമാകുമ്പോഴും അതിന്റെ പിന്നിലെ വസ്തുതകൾ വ്യക്തമാക്കേണ്ട പ്രത്യേക അന്വേഷണ സംഘത്തിന്റെ (എസ്ഐടി) കുറ്റപത്രം തെരഞ്ഞെടുപ്പിനു മുമ്പ് കോടതിയിൽ എത്തിയേക്കില്ല. നിലവിലെ സാഹചര്യത്തിൽ പുതിയ സർക്കാർ അധികാരത്തിൽ എത്തിയശേഷമേ കുറ്റപത്രം കോടതിയിൽ സമർപ്പിക്കാനാകൂ എന്ന് നിയമവിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

അഴിമതി നിരോധന നിയമപ്രകാരമുള്ള കേസുകളായതിനാൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിന് സർക്കാരിന്റെ പ്രോസിക്യൂഷൻ അനുമതി വേണമെന്നതാണ് കാരണം. കാവൽ സർക്കാരിന് അനുമതി നല്കാനാവില്ല.

ശബരിമലയിൽ നിന്നു ശേഖരിച്ച ലോഹപ്പാളി സാമ്പിളുകളുടെ പരിശോധനാഫലം ഒരാഴ്ചയ്ക്കുള്ളിൽ ലഭിച്ചേക്കുമെന്നാണ് സൂചന. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ എത്രത്തോളം സ്വർണം കൊള്ളയടിക്കപ്പെട്ടു, നിലവിൽ ശബരിമലയിൽ ഉള്ളത് പഴയ പാളികൾ തന്നെയാണോ തുടങ്ങിയ നിർണായക വിവരങ്ങളിൽ അന്വേഷണ സംഘത്തിന് അനുമാനത്തിലെത്താനാകൂ. അതിന്റെ അടിസ്ഥാനത്തിലാകും കുറ്റപത്രം തയ്യാറാക്കുക. അതിനുശേഷം കോടതിയിൽ സമർപ്പിക്കാൻ സർക്കാരിന്റെ അനുമതി തേടണം.

കേസിൽ അറസ്റ്റിലായവരിൽ പത്ത് പേരും ജാമ്യംനേടി പുറത്തിറങ്ങി. ഇതിൽ എട്ട് പേർക്കു കുറ്റപത്രം സമർപ്പിക്കുന്നതു വൈകിയതോടെ സ്വാഭാവിക ജാമ്യമാണ് ലഭിച്ചത്. അവസാനം അറസ്റ്റിലായ ദേവസ്വം ബോർഡ് മുൻ അംഗം കെ.പി. ശങ്കർദാസിനു ജാമ്യം ലഭിച്ചില്ലെങ്കിലും അദ്ദേഹം ചികിത്സയിലാണ്. ജനുവരി 14-ന്ശേഷം മറ്റ് അറസ്റ്റൊന്നും നടന്നിട്ടില്ല.


ഹൈക്കോടതി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം അന്വേഷണം ആരംഭിച്ചിട്ട് അഞ്ചര മാസമായി. കൊള്ളയടിക്കപ്പെട്ട സ്വർണം എന്തു ചെയ്തു എന്നതിന് ഇപ്പോഴും ഉത്തരമായിട്ടില്ല. നഷ്ടപ്പെട്ട സ്വർണത്തിന്റെ കണക്കിലും ദുരൂഹതകളേറെ. കൊള്ള നടന്ന കാലത്ത് ദേവസ്വം ബോർഡ് ഭരിച്ച സിപിഎം, സിപിഐ നേതാക്കൾ ഉൾപ്പെടെ പ്രതികളായിട്ടുള്ള കേസിന്റെ കുറ്റപത്രം തെരഞ്ഞെടുപ്പിന് മുൻപ് കോടതിയിൽ എത്തില്ലെന്നത് ഇടതുമുന്നണിക്ക് ആശ്വാസമാണ്.







19th Death Anniversary
04-06-2026
LISA PULLUKAT
CHICAGO
(04-06-2007)
Inserted by
SORROWING FAMILY


In Loving Memory of
33rd Death Anniversary
30th Death Anniversary
MARY SIMON
(04-20-1993)
P.T. SIMON
(01-21-1996)
PULLUKAT, KIDANGOOR, KOTTAYAM
Inserted by
SORROWING FAMILY

# സ്ത്രീകളുടെ പള്ളിപ്രവേശനത്തിന് ഉത്തരവിടരുതെന്ന് അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമ ബോർഡ് സുപ്രീംകോടതിയിൽ

ന്യൂഡൽഹി: എല്ലാ പള്ളികളിലും സ്ത്രീകൾക്ക് ഒരുപോലെ പ്രവേശനം നല്കണമെന്ന് ഉത്തരവിടരുതെന്ന് അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമ ബോർഡ് സുപ്രീംകോടതിയിൽ. ഭരണകൂടമോ കോടതിയോ അത്തരത്തിൽ ഉത്തരവിടുന്നത് മതസ്ഥാപനങ്ങളുടെ ആഭ്യന്തരഭരണത്തിലേക്കുള്ള കടന്നുകയറ്റവും ഭരണഘടനയുടെ ലംഘനവുമാകുമെന്നും ബോർഡ് പറഞ്ഞു. ശബരിമല യുവതിപ്രവേശവും മുസ്‌ലിം സ്ത്രീകളുടെ പള്ളിപ്രവേശവും ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിക്കുന്ന ഒമ്പതംഗ ബെഞ്ചിനു മുമ്പാകെയാണ് ബോർഡ് വാദങ്ങൾ സമർപ്പിച്ചത്. കേസ് ഏപ്രിൽ ഏഴ് മുതൽ സുപ്രീംകോടതി പരിഗണിക്കും.

ഇസ്‌ലാമിക നിയമപ്രകാരം സ്ത്രീകൾക്ക് പള്ളിപ്രവേശത്തിന് വിലക്കില്ലെന്ന് ബോർഡ് വ്യക്തമാക്കി. അതിനാൽ സ്ത്രീകൾക്ക് പള്ളിപ്രവേശം അനുവദിക്കണമെന്ന ഹർജിയിലെ ആവശ്യംതന്നെ വസ്തുതാപരമായി കൃത്യതയില്ലാത്തതാണ്. ഖുർആനിലോ ഹദീസിലോ സ്ത്രീകൾക്ക് പള്ളിപ്രവേശത്തിന് സമ്പൂർണ വിലക്കില്ല. പ്രവാചകന്റെകാലത്തും സ്ത്രീകൾ മസ്ജിദിലെ പ്രാർഥനയിൽ പങ്കെടുത്തിട്ടുണ്ട്.

മുസ്‌ലിം പുരുഷന്മാർക്ക് ജുമാ നിസ്കാരം നിർബന്ധമാണെങ്കിൽ സ്ത്രീകൾക്ക് അതല്ല. ഈ വ്യത്യാസം വിലക്കല്ല. നിർബന്ധമല്ല എന്നതിനെ വിലക്കുമായി തുല്യതപ്പെടുത്തരുത്. മതാചാരം പരിശോധിക്കുമ്പോൾ കോടതി ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തണം.

സ്ത്രീകളെ പള്ളിയിലേക്ക് സ്വാഗതം ചെയ്യുന്നതാണ് വ്യക്തിനിയമ ബോർഡ് എക്കാലത്തും സ്വീകരിച്ച നിലപാട്. ഒട്ടേറെ പള്ളികൾ അതിനു സൗകര്യം ചെയ്യുന്നുമുണ്ട്. ചില പള്ളികളിൽ പ്രത്യേക സ്ഥലം സ്ത്രീകൾക്കായി ഒരുക്കിയിട്ടുണ്ടെങ്കിൽ ചിലയിടത്ത് അതില്ല. ഇതെല്ലാം പള്ളി മാനേജ്മെന്റുകളുടെ ഭരണപരമായ കാര്യങ്ങളാണ്. എല്ലാ പള്ളികളിലും സ്ത്രീകൾക്ക് ഒരുപോലെ പ്രവേശനം നല്കണമെന്ന് കോടതി ഉത്തരവിടുന്നത് മതസ്ഥാപനങ്ങളുടെ ആഭ്യന്തര ഭരണത്തിലേക്ക് അനുവദനീയമല്ലാത്ത കടന്നുകയറ്റമാകും. ഇത് ഭരണഘടനയുടെ 26-ാം അനുച്ഛേദത്തിന്റെ ലംഘനവുമാകും.

പ്രായോഗികമാകുന്നിടത്തെല്ലാം സ്ത്രീകൾക്ക് ഉചിതമായും അന്തസ്സായും പള്ളിയിൽ പ്രത്യേക സൗകര്യമൊരുക്കാനാണ് ബോർഡ് പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ, അത് കോടതിയുടെ നിർബന്ധം കൊണ്ടാവരുതെന്നും ബോർഡ് പറഞ്ഞു.

# സ്ത്രീധന നിരോധന നിയമ ഭേദഗതി: സർക്കാർ നിലപാട് വ്യക്തമാക്കണമെന്ന് ഹൈക്കോടതി

കൊച്ചി: സ്ത്രീധന നിരോധന നിയമം ഭേദഗതി ചെയ്യണമെന്ന കേരള നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശയിൽ സംസ്ഥാന സർക്കാർ നിലപാട് അറിയിക്കണമെന്ന് ഹൈക്കോടതി.

സ്ത്രീധനം നൽകുന്നതു കുറ്റകരമാക്കുന്ന വ്യവസ്ഥ ഒഴിവാക്കിയതടക്കമുള്ള ശിപാർകളിൽ നിലപാടു വ്യക്തമാക്കി സത്യവാങ്മൂലം നൽകാനാണു ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ നിർദേശം. സ്ത്രീധനം നൽകുന്നതും കുറ്റമായി കണക്കാക്കുന്ന സ്ത്രീധന നിരോധന നിയമത്തിലെ മൂന്നാം വകുപ്പ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കൊച്ചി സ്വദേശി ടെൽമി ജോളി നൽകിയ ഹർജിയാണു കോടതിയുടെ പരിഗണനയിലുള്ളത്. സ്ത്രീധനം നൽകുന്നവരെയും കുറ്റക്കാരായി കണക്കാക്കുന്നതിനാൽ വധുവിന്റെ വീട്ടുകാർക്കു പരാതി ഉന്നയിക്കാൻ പോയും കഴിയുന്നില്ലെന്നു ചൂണ്ടിക്കാട്ടിയാണു ഹർജി. രണ്ടുമാസത്തിനുശേഷം ഹർജി വീണ്ടും പരിഗണിക്കും.

# ട്രാൻസ്ജെൻഡർ ബിൽ പാർലമെന്റ് പാസാക്കി

ന്യൂഡൽഹി: ട്രാൻസ്ജെൻഡറുകളുടെ സംരക്ഷണവും അവകാശങ്ങളും സംബന്ധിച്ച നിയമ ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. രാജ്യസഭയും പാസാക്കിയതിനാൽ രാഷ്ട്രപതി ഒപ്പിടുന്നതോടെ നിയമമാകും.

അതിനിടെ, ട്രാൻസ്ജെൻഡർ സംരക്ഷണ ഭേദഗതിബില്ലിൽ പ്രതിഷേധിച്ച് കേന്ദ്രസർക്കാരിനു കീഴിലെ നാഷണൽ കൗൺസിൽ ഫോർ ട്രാൻസ്ജെൻഡർ പേഴ്സൺസിൽനിന്ന് ട്രാൻസ്ജെൻഡർ പ്രതിനിധികളായ ഡോ. കൽക്കി സുബ്രഹ്മണ്യവും ഋതുപർണ നിയോഗും രാജിവെച്ചു.

ബില്ലിൽ ലൈംഗികസ്വത്വം സ്വയം നിർണയിക്കാനുള്ള ട്രാൻസ്ജെൻഡറുകളുടെ മൗലികാവകാശത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും ഹനിക്കുമെന്ന് ആരോപണമുയർന്നിരുന്നു.

വ്യത്യസ്ത ലൈംഗികാഭിമുഖ്യം പ്രകടിപ്പിക്കുന്നവരെയും സ്വയം തിരിച്ചറിഞ്ഞ ലൈംഗികസ്വത്വങ്ങളുള്ളവരെയും ഒഴിവാക്കിയുള്ളതാണ് ട്രാൻസ്ജെൻഡറിന്റെ പുതിയ നിർവചനം.

# ഇ.എ. രാജേന്ദ്രൻ അന്തരിച്ചു



കൊല്ലം: പ്രശസ്ത ചലച്ചിത്രനടനും നാടക സംവിധായകനുമായ ഇ.എ. രാജേന്ദ്രൻ (71) അന്തരിച്ചു. ഭാര്യ സന്ധ്യാ രാജേന്ദ്രന്റെ കുടുംബ വീടായ പട്ടത്താനം പ്രശാന്തി നഗർ 43-ൽ കിഴക്കേവീട്ടിൽ മാർച്ച് 26-ന് വ്യാഴാഴ്ചയായിരുന്നു അന്ത്യം. കാളിദാസ പ്രൊഡക്ഷൻ ഹൗസിനുവേണ്ടി ഇ.എ. രാജേന്ദ്രൻ നിർമിക്കുന്ന കന്യാദാനം എന്ന സീരിയലിന്റെ ഷൂട്ടിങ്ങിനുശേഷം രാത്രി വീട്ടിലെത്തിയ അദ്ദേഹത്തിനു ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയായിരുന്നു. ഹൃദയസംബന്ധമായ അസുഖത്തിനു ദീർഘകാലമായി ചികിത്സയിലായിരുന്നു.

തൃശൂർ വാടാനപ്പള്ളി തൃത്തല്ലൂർ ഏങ്ങൂർ തറവാട്ടിൽ അയ്യപ്പന്റെയും സുമതിയുടെയും നാല് മക്കളിൽ ഇളയ മകനാണ്. ഡൽഹി നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽനിന്ന് ഒന്നാംറാങ്കോടെ ബിരുദം നേടി നാടകവഴിയിലൂടെയാണു സിനിമയിൽ വന്നത്. നാടകാചാര്യൻ ഒ. മാധവന്റെ മകളും നടനും എംഎൽഎയുമായ എം. മുകേഷിന്റെ സഹോദരിയുമായ നാടക-ചലച്ചിത്ര നടി സന്ധ്യാ രാജേന്ദ്രനുമായുള്ള വിവാഹത്തോടെ കൊല്ലത്തെത്തിയ അദ്ദേഹം ഒ. മാധവൻ സ്ഥാപിച്ച നാടക സമിതിയായ കാളിദാസ കലാകേന്ദ്രത്തിന്റെ മുഖ്യ സംഘാടകനായി. കാളിദാസ് കലാകേന്ദ്രത്തിന്റെ ഒട്ടേറെ നാടകങ്ങൾ സംവിധാനം ചെയ്തു. 1981-ൽ ഗ്രീഷ്മം എന്ന സിനിമയിലൂടെ വെള്ളിത്തിരയിലെത്തി. കളിയാട്ടം, പ്രണയവർണങ്ങൾ, ദയ, പട്ടാഭിഷേകം, നരസിംഹം, മീശ മാധവൻ തുടങ്ങി അറുപതോളം ചിത്രങ്ങളിൽ വില്ലൻ-സ്വഭാവ വേഷങ്ങൾ ചെയ്തു. ജയരാജിന്റെ പെരുങ്കളിയാട്ടം ആണ് അവസാനചിത്രം. കേരള സംഗീത നാടക അക്കാദമിയുടെ ഗുരുപൂജാ പുരസ്കാരം നേടി. സംസ്ഥാന ഹോർട്ടി കൾചറൽ പ്രോഡക്ട്സ് ഡവലപ്മെന്റ് കോർപറേഷൻ (ഹോർട്ടികോർപ്) മുൻ ചെയർമാനാണ്.

# എകെജി സെന്ററിന് സർവകലാശാലാ ഭൂമി: സിപിഎം സംസ്ഥാന സെക്രട്ടറിക്ക് നോട്ടീസ്

കൊച്ചി: കേരള സർവകലാശാലയുടെ തിരുവനന്തപുരത്തെ ഭൂമി എകെജി സെന്ററിനു കൈമാറിയതു ചോദ്യം ചെയ്തുള്ള ഹർജിയിൽ വിശദാംശങ്ങൾ തേടി എകെജി സെന്ററിനും സിപിഎം സംസ്ഥാന സെക്രട്ടറിക്കും ഹൈക്കോടതി നോട്ടീസ് പുറപ്പെടുവിച്ചു. സാമൂഹിക പ്രവർത്തകനും സർവകലാശാല മുൻ ജോയിന്റ് രജിസ്ട്രാറുമായ ആർ.എസ്. ശശികുമാർ നൽകിയ ഹർജിയാണു ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ ഭൂമി പതിച്ചുനൽകിയ രേഖകൾ ഇല്ലെന്നു ഹർജിക്കാരനുവേണ്ടി അഡ്വ. ജോർജ് പൂന്തോട്ടം ചൂണ്ടിക്കാട്ടി. വഞ്ചിയൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന സർവകലാശാല ഭൂമിയിൽനിന്ന് 15 സെന്റ് ഭൂമി 1977-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എകെജി സെന്ററിനു കൈമാറിയതാണെന്ന് ആരോപിച്ചാണു ഹർജി. ഭൂമി അനുവദിക്കാൻ എകെജി സെന്റർ പഠന, ഗവേഷണ സ്ഥാപനമൊന്നുമല്ല. നിലവിൽ 40 സെന്റ് കൈവശത്തിലുണ്ടെന്നും ആക്ഷേപമുണ്ട്. മേയ് 21-നു ഹർജി വീണ്ടും പരിഗണിക്കും.

# മുഖ്യമന്ത്രി – മോഹൻലാൽ അഭിമുഖത്തിന് 11,21,000 രൂപ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയനുമായി നടൻ മോഹൻലാൽ നടത്തിയ അഭിമുഖത്തിന് ചെലവായത് 11,21,000 രൂപ. നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പായി മോഹൻലാലുമായിനടത്തിയ അഭിമുഖം സർക്കാർ സ്പോൺസേർഡ് പരിപാടിയാണെന്ന് ആക്ഷേപമുയർന്നിരുന്നു. അഭിമുഖം ചിത്രീകരിച്ചതിനു മാത്രമുള്ളചെലവാണ് 11,21,000 രൂപ. ഈ അഭിമുഖം സംപ്രേഷണം ചെയ്തതിനു ചെലവുണ്ടായിട്ടുണ്ടോ എന്നുവെളിപ്പെടുത്തിയിട്ടില്ല. പൊതുപ്രവർത്തകനായ തിരുവല്ല സ്വദേശി റിജോ വള്ളംകുളം വിവരാവകാശ നിയമപ്രകാരം നല്കിയ ചോദ്യത്തിനു ലഭിച്ച മറുപടിയിലാണ് സർക്കാരിന്റെ വെളിപ്പെടുത്തൽ.







# ഇടുക്കിയിൽ രണ്ടാം പദ്ധതിയുമായി വൈദ്യുതി ബോർഡ്

കോട്ടയം: മൂലമറ്റത്ത് രണ്ടാം വൈദ്യുതനിലയവുമായി വൈദ്യുതി ബോർഡ് മുന്നോട്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ചൂണ്ടിക്കാട്ടി പമ്പ്ഡ് സ്റ്റോറേജ് എന്ന പുതിയ പദ്ധതിയുമായി ബോർഡിലെ ഒരു വിഭാഗം രംഗത്തുവന്നതോടെ മന്ദഗതിയിലായ ഇടുക്കി വിപുലീകരണ പദ്ധതിക്കാണ് വീണ്ടും ജീവൻവെച്ചത്.

കേന്ദ്ര ജലകമ്മീഷൻ നിർദേശിച്ച രണ്ട് അധികപഠനങ്ങളായ ഭൂകമ്പ സാദ്ധ്യതാ പഠനം (സൈറ്റ്-സ്പെസിഫിക് സീസ്മിക് സ്റ്റഡി), പാറകളുടെ ഉറപ്പ് പരിശോധന (ഇൻ-സിറ്റുസ്ട്രെസ് മെഷർമെന്റ് ടെസ്റ്റ്) എന്നിവ ഏപ്രിലിൽ മൂലമറ്റത്ത് നടത്തും.

വിശദമായ പദ്ധതി റിപ്പോർട്ട് ഒക്ടോബറിൽ പൂർത്തിയാകും. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വാട്ടർ ആൻഡ് പവർ കൺസൾട്ടൻസി സർവീസസ് ആണ് ഇത് തയ്യാറാക്കുന്നത്. 2310 കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ പരിസ്ഥിതി ആഘാതവിലയിരുത്തൽ പഠനറിപ്പോർട്ടും അന്തിമഘട്ടത്തിലാണ്.

740 മെഗാവാട്ട് വൈദ്യുതിയാണ് ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ എക്സ്റ്റൻഷൻ സ്കീമിൽ വിഭാവനം ചെയ്യുന്നത്. 200 മെഗാവാട്ടിന്റെ നാല് ടർബൈനുകളിലൂടെ 800 മെഗാവാട്ടായിരുന്നു സ്ഥാപിതലക്ഷ്യം. പിന്നീട് സെൻട്രൽ ഇലക്ട്രിസിറ്റി അഥോറിറ്റിയുടെ നിർദേശപ്രകാരം ഇത് 740 മെഗാവാട്ടാക്കി കുറച്ചു. പുതിയ സ്കീമിൽ 185 മെഗാവാട്ടിന്റെ നാല് ടർബൈനുകൾ, ഉല്പാദന യൂണിറ്റുകൾ, ട്രാൻസ്ഫോർമർ വ്യൂഹം, ഭൂഗർഭനിലയം എന്നിവയുണ്ടാകും.

കുളമാവ് അണക്കെട്ടിൽ നിന്ന് പുതിയ ഹെഡ് റേസ് ടണലും ഇൻടേക്കും ജലഗതാഗത സംവിധാനത്തിനായി സർജ് ഷാഫ്റ്റും പ്രഷർ ഷാഫ്റ്റും നിർമിക്കും.

മൂലമറ്റം ത്രിവേണി സംഗമത്തിലെ വെള്ളം ഒഴുക്കിവിടുന്നതിനുള്ള ടെയിൽ റേസ് കനാൽ, സ്വിച്ച് യാർഡ്, ട്രാൻസ്മിഷൻ ഇവാക്വേഷൻ സൗകര്യം, റോഡ്, ആഡിറ്റ്, ട്രാൻസ്മിഷൻ ലൈനുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും സ്കീമിന്റെ ഭാഗമാണ്.

# ഇന്ധനവില വർധന തടയാൻ കേന്ദ്രനീക്കം

ന്യൂഡൽഹി: പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ കുറച്ചു. ഇവയ്ക്കുണ്ടായിരുന്ന പ്രത്യേക അധിക എക്സൈസ് തീരുവ (എസ്എഇഡി) പത്തു രൂപ വീതമാണ് കുറച്ചത്. പശ്ചിമേഷ്യൻ സംഘർഷം മൂലമുണ്ടായ ക്രൂഡ് ഓയിൽ വിലവർധനയിൽനിന്നു ഇന്ത്യയിലെ എണ്ണക്കമ്പനികളെ സംരക്ഷിക്കുന്നതിനാണ് കേന്ദ്രനീക്കം.

സർക്കാർ തീരുമാനം ഇന്ത്യയിലെ പെട്രോൾ, ഡീസൽ വിലയിൽ കാര്യമായ മാറ്റമുണ്ടാക്കില്ലെങ്കിലും കമ്പനികൾ ഇന്ധനവില വർധിപ്പിക്കുന്നതു തടയാൻ സഹായകമാകും. ക്രൂഡ് ഓയിൽ വിലവർധന മൂലം പെട്രോൾ ലിറ്ററിന് ഏകദേശം 24 രൂപയും ഡീസൽ ലിറ്ററിന് ഏകദേശം 30 രൂപയും എണ്ണക്കമ്പനികൾക്കു നഷ്ടമുണ്ടാകുന്നുണ്ടെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി ചൂണ്ടിക്കാട്ടി. അഞ്ചിടത്തു നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ പെട്ടെന്നുള്ള വിലവർധന തിരിച്ചടിയായേക്കുമെന്ന തിരിച്ചറിവിലാണ് തത്കാലത്തേക്ക് പ്രത്യേക അധിക എക്സൈസ് തീരുവ കുറയ്ക്കാനുള്ള കേന്ദ്ര തീരുമാനം.

പശ്ചിമേഷ്യൻ സംഘർഷത്തിനു പിന്നാലെ ബ്രെന്റ് ക്രൂഡ് ഓയിൽ ബാരലിന് 110 ഡോളറായി. ഇത് എണ്ണക്കമ്പനികൾക്കു തിരിച്ചടിയായിരുന്നു. കൂടിയ വിലയ്ക്കു വാങ്ങി കുറഞ്ഞ വിലയ്ക്കു വിൽക്കുന്നത് തുടരാനാകില്ലെന്ന് എണ്ണക്കമ്പനികൾ സൂചിപ്പിച്ചിരുന്നു. ഇന്ധനവില വർധിപ്പിക്കേണ്ടിവരുമെന്നും കമ്പനികൾ സർക്കാരിനെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിലാണു കേന്ദ്രസർക്കാർ നടപടി.

എന്നാൽ, എക്സൈസ് തീരുവ കുറയ്ക്കുന്നുവെന്ന തലക്കെട്ട് ആശ്വാസം നൽകുന്നുവെന്ന് ആഖ്യാനത്തിൽ മാത്രമാണെന്നും യാഥാർത്ഥ്യത്തിലല്ലെന്നും കോൺഗ്രസ് വിമർശിച്ചു. എണ്ണക്കമ്പനികൾ കേന്ദ്രസർക്കാരിനു നൽകിയിരുന്ന പ്രത്യേക അധിക എക്സൈസ് തീരുവയിലെ 'പ്രത്യേക', 'എക്സൈസ്' എന്നീ വാക്കുകൾതന്നെ ഈ നികുതി എത്രത്തോളം അനാവശ്യമാണെന്ന് വെളിപ്പെടുത്തുകയാണെന്ന് കോൺഗ്രസ് വക്താവ് പവൻ ഖേര പ്രതികരിച്ചു.

കഴിഞ്ഞ 12 വർഷത്തിനിടെ ഏഴു വ്യത്യസ്ത സന്ദർഭങ്ങളിൽ ആഗോള ക്രൂഡ് ഓയിൽ വില താഴ്ന്നപ്പോഴും ഇന്ത്യയിലെ വില കുറഞ്ഞിട്ടില്ലെന്ന് എഐസിസി ജനറൽ സെക്രട്ടറി ജയ്റാം രമേശ് ചൂണ്ടിക്കാട്ടി. ഇപ്പോഴത്തെ പ്രഖ്യാപനം തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടാണെന്നും ഏപ്രിൽ 30-നു ശേഷം എന്താണു സംഭവിക്കുകയെന്ന് കാത്തിരിക്കാനും കോൺഗ്രസ് നേതാവ് കൂട്ടിച്ചേർത്തു.

അതേസമയം, ഡീസലിന്റെയും ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെയും (എടിഎഫ്) കയറ്റുമതികൾക്ക് തീരുവ ചുമത്തി. ഡീസൽ കയറ്റുമതിക്ക് ഒരു ലിറ്ററിന് 21.5 രൂപയും വിമാന ഇന്ധനമായ എടിഎഫിന്റെ കയറ്റുമതിക്ക് ലിറ്ററിന് 29.5 രൂപയുമാണ് കേന്ദ്രം അധിക തീരുവ ചുമത്തിയത്. ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന ഇവിടെത്തന്നെ പരമാവധി പിടിച്ചുനിർത്താനാണ് ഈ നടപടി.

# ഹോർമുസിൽ ഇന്ത്യയ്ക്ക് അനുമതി

ടെഹ്റാൻ: ഇന്ത്യയടക്കം അഞ്ച് രാജ്യങ്ങൾക്ക് ഹോർമുസ് കടലിടുക്കു വഴി ചരക്കു ഗതാഗതത്തിന് ഇറാൻ അനുമതി നല്കി. റഷ്യ, ചൈന, ഇറാഖ്, പാക്കിസ്ഥാൻ എന്നിവയാണ് മറ്റ് രാജ്യങ്ങൾ. ശത്രുരാജ്യങ്ങളുമായി ബന്ധമുള്ള കപ്പലുകളെ അനുവദിക്കില്ലെന്നും ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അറഗ്ചി വ്യക്തമാക്കി. അതിനിടെ ഇസ്‌ലാമിക് റവല്യൂഷണറി ഗാർഡ് കോർസ് (ഐആർജിസി) നാവികസേനയുടെ മേധാവി അലി റിസ താങ്സീരിയെ (54) വധിച്ചതായി ഇസ്രയേൽ പ്രതിരോധമന്ത്രി കട്സ് പറഞ്ഞു. ഇറാൻ ഇത് സ്ഥിരീകരിച്ചിട്ടില്ല. ഹോർമൂസ് കടലിടുക്കിലെ സൈനിക നിയന്ത്രണങ്ങളുടെ മേൽനോട്ടം അലിറിസയ്ക്കാണ്. ഇറാനിലെ തെക്കൻ നഗരമായ ബാൻദാർ അബ്ബാസിൽ വ്യോമാക്രമണത്തിലാണ് മറ്റ് നാവികസേനാ കമാൻഡർമാർക്കൊപ്പം അലിറിസയും കൊല്ലപ്പെട്ടതെന്നാണ് ഇസ്രയേൽ അറിയിച്ചത്. ഇറാൻ മിസൈൽ അവശിഷ്ടം റോഡിൽ പതിച്ച് അബുദാബിയിൽ ഇന്ത്യക്കാരനടക്കം രണ്ട് പേർ കൊല്ലപ്പെട്ടു. ഇന്ത്യക്കാരനടക്കം മൂന്നു പേർക്കു പരുക്കേറ്റു. ഒട്ടേറെ വാഹനങ്ങളും തകർന്നു. യുദ്ധത്തിൽ യുഎഇയിൽ മരിച്ചവരുടെ എണ്ണം ഇതോടെ 11 ആയി. 166 പേർക്കു പരുക്കേറ്റു.

# ചിത്രകാരിയുടെ നിറക്കൂട്ടഴകിൽ എയർ ഇന്ത്യ എക്സ്പ്രസ്

കൊച്ചി: ഇന്ത്യയിൽ ആദ്യമായി ഒരു ചിത്രകാരിയുടെ പെയിന്റിംഗ് പൂർണമായി വിമാനത്തിൽ പകർത്തി എയർ ഇന്ത്യ എക്സ്പ്രസ്. കൊച്ചി ബിനാലെയിൽ മ്യൂറൽ വിഭാഗത്തിൽ പങ്കെടുക്കുന്ന തമിഴ്നാട്ടുകാരിയായ ഓഷീൻ ശിവയുടെ ഗ്രാഫിറ്റി പെയിന്റിംഗാണ് എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ ബോയിംഗ് വിമാനത്തിലുള്ളത്. വിമാനംതന്നെ ചിത്രകലയ്ക്കുള്ള കാൻവാസാക്കി മാറിയതോടെ ഈ വിമാനത്തിന് ഫ്ളൈയിംഗ് കാൻവാസ് എന്നാണ് പേരിട്ടിരിക്കുന്നത്.


ചിത്രകാരി ഓഷീൻ ശിവയുടെ ഗ്രാഫിറ്റി പെയിന്റിംഗ് പകർത്തിയ എയർ ഇന്ത്യ എക്സ്പ്രസ് വിമാനം.

ഇന്ത്യയിൽ ആദ്യമായി ഇത്തരത്തിലുള്ള ഒരു വിമാനം പെയിന്റ് ചെയ്യുന്ന വിമാനകമ്പനിയും എയർ ഇന്ത്യ എക്സ്പ്രസാണ്. മറ്റു വിമാനകമ്പനികളിൽനിന്ന് വ്യത്യസ്തമായി എയർ ഇന്ത്യ എക്സ്പ്രസിന്റെ ഓരോ വിമാനത്തിനും വെവ്വേറെ പുറം ഡിസൈനുകളാണുള്ളത്. രാജാ രവിവർമയുടെ ചിത്രങ്ങൾ മുതൽ ദേശീയ പൈതൃക സ്മാരകങ്ങൾ, കഥകളി, കഥക്, ഭരതനാട്യം പോലുള്ള ശാസ്ത്രീയ കലാരൂപങ്ങൾ എന്നിവയും എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിൽ ടെയിൽ ആർട്ടായുണ്ടെന്ന് അധികൃതർ പറഞ്ഞു.

# ലീലാമ്മ പുതുശ്ശേരിൽ അന്തരിച്ചു



ചിക്കാഗോ: കിടങ്ങൂർ പുതുശ്ശേരിൽ ജോർജിന്റെ ഭാര്യ ലീലാമ്മ (77) ചിക്കാഗോയിൽ അന്തരിച്ചു. പരേത കൂടല്ലൂർ കൊച്ചുപറമ്പിൽ കുടുംബാംഗമാണ്.

മക്കൾ: ബീനാ, ബിനിയാ, ബിനു, ബിനോ. മരുമക്കൾ: ജിനോ കോതാലടിയിൽ (മുൻ ചിക്കാഗോ കെസിഎസ് സെക്രട്ടറി-ഏറ്റുമാനൂർ), ജൂലി പ്ലാച്ചേരിൽ (നീണ്ടൂർ), ലിൻസി (ചിക്കാഗോ).



# വൈദ്യുതി ഉപയോഗം: പീക്ക് ലോഡ് സർവകാല റെക്കോർഡിൽ

തൊടുപുഴ: കേരളത്തിൽ വൈദ്യുതി ഉപയോഗം കുതിച്ചുയരുന്നു. പീക്ക് ലോഡ് സമയത്തെ വൈദ്യുതി ഉപയോഗം സർവകാല റെക്കോർഡിലെത്തി. മാർച്ച് 25-ന് ബുധനാഴ്ച രാത്രി 10.30-നും 11-നും ഇടയിൽ രേഖപ്പെടുത്തിയ 5,820 മെഗാവാട്ട് ഉപയോഗമാണ് ഇതുവരെയുണ്ടായിരുന്ന റെക്കോർഡ്.

എന്നാൽ 26-ന് വ്യാഴാഴ്ച ഈ റെക്കോർഡ് വീണ്ടും തിരുത്തി പീക്ക് ലോഡ് സമയത്ത് 5,836 മെഗാവാട്ട് ഉപയോഗമാണ് രേഖപ്പെടുത്തിയത്. 2024 മേയ് രണ്ടിനു രേഖപ്പെടുത്തിയ 5,797 മെഗാവാട്ടായിരുന്നു സമീപനാളിലെ പീക്ക് ലോഡ് സമയത്തെ ഉയർന്ന വൈദ്യുതി ഉപയോഗം. മറ്റുസമയത്തെ വൈദ്യുതി ഉപയോഗവും അനുദിനം വർധിച്ചുവരികയാണ്. 27-ന് രാവിലെ ഏഴിന് അവസാനിച്ച 24 മണിക്കൂറിനിടെ 109.103 കോടി യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിലെ ഉപയോഗം. ഇതിൽ 80.237 ദശലക്ഷം യൂണിറ്റ് പുറത്തുനിന്നും എത്തിച്ചപ്പോൾ 28.868 ദശലക്ഷം യൂണിറ്റ് ആഭ്യന്തരമായി ഉത്പാദിപ്പിച്ചു. ഇടുക്കി പദ്ധതിയുടെ ഭാഗമായ മൂലമറ്റത്ത് ആറു ജനറേറ്ററുകളും പ്രവർത്തിപ്പിച്ച് 12.5 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്.

കേരളത്തിൽ ചൂട് വർധിക്കുന്നതും നിയമസഭാ തെരഞ്ഞെടുപ്പും പരീക്ഷാക്കാലവും ആയതിനാലാണ് വൈദ്യുതി ഉപയോഗം കുതിച്ചുയരാനുള്ള പ്രധാന കാരണം.

അതേസമയം, ഏപ്രിൽ, മേയ് മാസങ്ങളിൽ വൈദ്യുതി ഉപയോഗം വർധിക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ട് കൃത്യമായ ആസൂത്രണം വൈദ്യുതി ബോർഡ് ഡെസ്പാച്ച് സെന്റർ നടത്തിയതിനാൽ നിയന്ത്രണം ഒഴിവാക്കാനായെന്നാണ് വിലയിരുത്തൽ.

പീക്ക് സമയങ്ങളിൽ ജലവൈദ്യുതി പദ്ധതികളിൽനിന്നും പരമാവധി ലഭ്യമാകുന്നത് 1,500 മെഗാവാട്ട് വൈദ്യുതിയാണ്. കേന്ദ്രഗ്രിഡിൽനിന്നും കേരളത്തിലേക്ക് 4,000 മെഗാവാട്ട് വരെ വൈദ്യുതി എത്തിക്കാനുള്ള ശേഷിയാണ് നിലവിലുള്ളത്.

കേരളത്തിൽ വൈദ്യുതി ഉപയോഗം ഓരോദിവസവും കുതിച്ചുയരുന്ന സാഹചര്യത്തിൽ പുറത്തുനിന്നും ഉയർന്നവിലയ്ക്ക് വൈദ്യുതി വാങ്ങി പ്രതിസന്ധിയുണ്ടാകാതിരിക്കാനുള്ള കഠിന ശ്രമമാണ് വൈദ്യുതി വകുപ്പ് നടത്തുന്നത്.

ദിവസവും 20 കോടിരൂപവരെ ചെലവഴിച്ചാണ് പവർ എക്സ്ചേഞ്ചിൽനിന്നു വൈദ്യുതി ലഭ്യമാക്കുന്നത്. നിലവിലെ സാഹചര്യം കണക്കിലെടുത്ത് വൈകുന്നേരം ആറിനും രാത്രി 11-നും ഇടയിൽ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കണമെന്നും പമ്പ്സെറ്റ്, ഇൻഡക്ഷൻ കുക്കർ, വാട്ടർഹീറ്റർ, ഇസ്തിരിപ്പെട്ടി എന്നിവയുടെ ഉപയോഗം കുറച്ചും എസിയുടെ താപനില 25 ഡിഗ്രി സെൽഷസിൽ ക്രമീകരിച്ചും താത്കാലിക പ്രതിസന്ധി തരണം ചെയ്യാൻ ഉപഭോക്താക്കൾ സഹകരിക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടു.

വൈദ്യുതി ബോർഡ് ചെയർമാൻ, ഡയറക്ടർമാർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ അടിയന്തര യോഗം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി.

വൈദ്യുതി ഉപയോഗം ഇനിയും ഉയർന്നാലും ഉപയോക്താക്കൾക്ക് യാതൊരു തടസവുംകൂടാതെ വൈദ്യുതി ഉറപ്പാക്കാൻ കഴിയുമെന്നാണ് യോഗത്തിന്റെ വിലയിരുത്തൽ.

## ശാസ്തമംഗലത്ത് സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ തീപിടിത്തം

തിരുവനന്തപുരം: ശാസ്തമംഗലത്ത് സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ബാറ്ററിമുറിയിൽ തീപിടിത്തം. ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി തീ അണച്ചു.

ശാസ്തമംഗലം അക്ഷയടവറിലെ കണ്ണാട്ട് ഫൈനാൻസ് എന്ന ധനകാര്യ സ്ഥാപനത്തിലെ ബാറ്ററി മുറിയിലാണ് മാർച്ച് 30-ന് രാവിലെ തീപിടിത്തമുണ്ടായത്.

തിരുവനന്തപുരം ഫയർഫോഴ്സിൽ വിവരം അറിയിച്ചതിനെത്തുടർന്ന് മൂന്ന് യൂണിറ്റ് ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി രണ്ട് മണിക്കൂറോളം പ്രയത്നിച്ച് തീ അണയ്ക്കുകയായിരുന്നു. രക്ഷാപ്രവർത്തനത്തിനിടെ മൂന്ന് ഫയർഫോഴ്സ് ജീവനക്കാർക്ക് പരുക്കേറ്റു. സ്റ്റേഷൻ ഓഫീസർ അനീഷ് കുമാർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ഷഹീൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചത്.

നാലരലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. ഷോർട്ട് സർക്യൂട്ടാകാം തീ പിടിത്ത കാരണമെന്നാണ് പ്രാഥമിക നിഗമനം.

## ലൂക്കോസ് തറയിൽ ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: ലൂക്കോസ് തറയിൽ (83) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ മോളി ഇരവിമംഗലം മണിമല കുടുംബാംഗമാണ്. മക്കൾ: മറിന തറയിൽ, റൂമ തറയിൽ. മരുമകൻ: വിൻസ് ഗുസ്മാൻ. കൊച്ചുമക്കൾ: മാക്സ്, വിൻസന്റ്. സഹോദരങ്ങൾ: സിസ്റ്റർ അക്വിനാസ് എസ്‌വിഎം, സിസ്റ്റർ സാബാ എസ്‌വിഎം, ഫിലിപ്പ് തറയിൽ (സാൻഹൊസെ), ത്രേസ്യാമ്മ ജോസ് കുളക്കാട്ട്, പരേതരായ ജോസഫ് തറയിൽ, ഏലിയാമ്മ ചാഴിശ്ശേരിൽ, ചാക്കോ തറയിൽ, ഏബ്രഹാം തറയിൽ, ഫാ. തോമസ് തറയിൽ.

മാർച്ച് 31-ന് ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 1 മണി മുതൽ 2.15 വരെ മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും നടത്തപ്പെടും.

## എൻ.ജെ. കുര്യൻ (ബേബി) നീറ്റുകാട്ട് ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: ഉഴവൂർ സ്വദേശി നീറ്റുകാട്ട് എൻ.ജെ. കുര്യൻ (ബേബി-89) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ ഏലിയാമ്മ വെളിയന്നൂർ ചാഴികാട്ട് കുടുംബാംഗമാണ്.

മക്കൾ: ഷൈനി കുര്യൻ (ചിക്കാഗോ), ചാർളി കുര്യൻ നീറ്റുകാട്ട് (ചിക്കാഗോ), ലൗലി സൈമൺ കണ്ടോത്ത് (ഡിട്രോയിറ്റ്), ലൗസി ഏബ്രഹാം പാറാനിക്കൽ (ചിക്കാഗോ), ബിജുമോൻ കുര്യൻ നീറ്റുകാട്ട് (ചിക്കാഗോ). മരുമക്കൾ: സുനി ജോസ്, ആന്റോ സൈമൺ കണ്ടോത്ത് (കെസിസിഎൻഎ മുൻ ജനറൽ സെക്രട്ടറി), ബോണി ഏബ്രഹാം പാറാനിക്കൽ, സബിത കുര്യൻ തട്ടാനിയത്ത്. കൊച്ചുമക്കൾ: ആഷ്‌ലി, റോഷ്നി, ജോഷ്വാ, അന്ന, എമ്മ, സാറാ, ഹാനാ, ജേക്കബ്, സവാന, ഹെലീന, ഹേബ, ഹെസക്കിയ, സ്റ്റീഫൻ.

ഏപ്രിൽ 1-ന് ബുധനാഴ്ച രാവിലെ 8 മണി മുതൽ 10 മണി വരെ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാപ്പള്ളിയിൽ പൊതുദർശനം. തുടർന്ന് ദിവ്യബലിക്കും പ്രാർത്ഥനാ ശുശ്രൂഷകൾക്കും ശേഷം ഹിൽസൈഡിലുള്ള ക്യൂൻ ഓഫ് ഹെവൻ സെമിത്തേരിയിൽ സംസ്കാരം നടത്തപ്പെടും.

## സന്തോഷ് ജോർജ് ജേക്കബിന്റെ മാതാവ് ഏലിയാമ്മ നൈനാൻ അന്തരിച്ചു



പാക്കിൽ: ചാക്കോളമണ്ണിൽ പരേതനായ ജേക്കബ് ചെറിയാന്റെ ഭാര്യ ഏലിയാമ്മ നൈനാൻ (ബേബി ടീച്ചർ-92, റിട്ട. അദ്ധ്യാപിക സി.എം.എസ് സ്കൂൾ) അന്തരിച്ചു. കാനം മങ്കൊമ്പിൽ കുടുംബാംഗമാണ്.

മക്കൾ: സന്തോഷ് ജോർജ് ജേക്കബ് (കോ-ഓർഡിനേറ്റിങ് എഡിറ്റർ, മനോരമ ഓൺലൈൻ), സനിത സാറാ ജേക്കബ് (റിട്ട. അദ്ധ്യാപിക, സി.എം.എസ് എച്ച്എസ്, പള്ളം). മരുമക്കൾ: ഡോ. ലത മേരി ചെറിയാൻ (എച്ച്ഒഡി, ഗവ. ഡെന്റൽ കോളജ്, ആലപ്പുഴ), കുര്യൻ കോശി (മാനേജർ എൽഐസി ചെങ്ങന്നൂർ).

സംസ്കാരം ബുധനാഴ്ച (ഏപ്രിൽ 1) 11-ന് വീട്ടിലെ ശുശ്രൂഷയ്ക്കു ശേഷം 12-ന് പള്ളം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് പള്ളിയിൽ.






# സൗത്ത് ഫ്ളോറിഡ കേരള സമാജത്തിന്റെ പ്രവർത്തനോദ്ഘാടനം വർണ്ണോജ്വലമായി

**നോയൽ മാത്യു**

സൗത്ത് ഫ്ളോറിഡ: സൗത്ത് ഫ്ളോറിഡയിലെ പ്രമുഖ മലയാളി സംഘടനയായ കേരള സമാജത്തിന്റെ 2026 വർഷത്തിലെ (43-ാം വർഷത്തിലെ) പ്രവർത്തന ഉദ്ഘാടനത്തിന് മാർച്ച് 21 ശനിയാഴ്ച വൈകുന്നേരം കൂപ്പർ സിറ്റി ഹൈസ്കൂളിൽ വെച്ച് ബഹുജന പങ്കാളിത്തത്തോടെ പ്രൗഢഗംഭീരമായി തിരിതെളിഞ്ഞു. വൈകുന്നേരം 5.30-ന് വിഭവസമൃദ്ധമായ അത്താഴ വിരുന്നോടുകൂടി ആരംഭിച്ച സമ്മേളനത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള അതിഥികളുടെയും മതമേലദ്ധ്യക്ഷന്മാരുടെയും സമാജം അംഗങ്ങളുടെയും സൗത്ത് ഫ്ളോറിഡയിലെ എല്ലാ സമാന്തര സംഘടനകളുടെയും (മയാമി മുതൽ പാംബീച്ച് വരെയുള്ളവ) സാന്നിദ്ധ്യത്തിൽ വലിയ ആവേശത്തോടെയാണ് ഈ ചടങ്ങ് സംഘടിപ്പിക്കപ്പെട്ടത്.

മുഖ്യാതിഥികളായ കൂപ്പർ സിറ്റി മേയർ ജെയിംസ് കുറാൻ, പെംബ്രോക്ക് പൈൻസ് മേയർ ആഞ്ചലോ കാസ്റ്റില്ലോ എന്നിവർ ചടങ്ങിൽ സന്നിഹിതരായി. അവർ കേരള സമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേർന്ന് സമൂഹത്തിന്റെ ഐക്യത്തിനും പുരോഗതിക്കും ഒരുമിച്ച് സഹകരിക്കാമെന്ന് അറിയിച്ചു.

കേരള സമാജം പ്രസിഡണ്ട് നോയൽ മാത്യു ഉദ്ഘാടനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് പ്രസിഡണ്ട് നോയൽ മാത്യു കേരളസമാജം 2026 കമ്മിറ്റി അംഗങ്ങളെയും ഉപസമിതികളെയും പരിചയപ്പെടുത്തി. പുതുക്കിയ വെബ്സൈറ്റ് ഔദ്യോഗികമായി പ്രകാശനം ചെയ്യുകയും ചെയ്തു. പ്രസിഡൻഷ്യൽ പ്രസംഗത്തിൽ അദ്ദേഹം സമാജത്തിന്റെ ഭാവിപ്രവർത്തനങ്ങൾ, സമൂഹ ഏകോപനം, യുവജനങ്ങളുടെ പങ്കാളിത്തം, ഇന്ത്യയിലും അമേരിക്കയിലും ഒരുപോലെ നടത്തുവാൻ ഉദ്ദേശിക്കുന്ന സാമൂഹിക സേവനങ്ങളുടെ രൂപരേഖയെക്കുറിച്ചും വിശദീകരിച്ചു. സൗത്ത് ഫ്ളോറിഡയിലെ മലയാളി സമൂഹത്തെ ഒരുമിച്ചു കൊണ്ടുവരുന്നതിനുള്ള നിരവധി പദ്ധതികൾ അദ്ദേഹം അവതരിപ്പിച്ചു.

ഉദ്ഘാടനച്ചടങ്ങിൽ കുട്ടികളും യുവജനങ്ങളും ഉൾപ്പെട്ട നിരവധി സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കപ്പെട്ടു. പങ്കെടുത്ത എല്ലാവർക്കും അത് ഒരു മനോഹര അനുഭവമായി മാറി. തുടർന്ന് എല്ലാവരുടെയും മനം കവർന്ന് ഗൃഹാതുരമായ അനേകം ഓർമ്മകളിലേക്ക് നയിച്ച സംഗീതപരിപാടിയായ മെഹ്ഫിൽ നിലാവ് പ്രശസ്ത ക്ലാസിക്കൽ ഗായികയും സീ ടിവി സരിഗമ ജേതാവുമായ ഹരിണി വാസുദേവൻ നയിച്ചു. ഈ പരിപാടിയിൽ നോർത്ത് അമേരിക്കയിലെ അറിയപ്പെടുന്ന ഒരു മലയാളി ഗായകനായ മുരളി കൃഷ്ണയും പങ്കെടുത്തു. സദസ്സിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായ ഈ സംഗീതപരിപാടിയിൽ ഗായകരോടൊപ്പം കാണികളും പങ്കെടുത്തു എന്നതും ശ്രദ്ധേയമായി. അതോടൊപ്പം അശ്വമേധം എന്ന റിവേഴ്സ് ക്വിസ് പ്രോഗ്രാം അവതരിപ്പിച്ച ജോ സാവിയോ കാണികളുടെ പ്രശംസ നേടി. അങ്ങനെ വ്യത്യസ്തമായ അവതരണ രീതികൊണ്ട് സാമൂഹിക ഐക്യത്തിനും സൗഹൃദത്തിനും പുതുവഴികൾ തുറക്കുന്ന ഈ ഉദ്ഘാടനം വലിയ വിജയമായി മാറി.

**കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡയുടെ 2026-ലെ ഭരണസമിതി**: നോയൽ മാത്യു (പ്രസിഡണ്ട്), ചെറിയാൻ ഏബ്രഹാം (വൈസ് പ്രസിഡണ്ട്), സഞ്ജയ് നടുപറമ്പിൽ (സെക്രട്ടറി), നിധീഷ് ജോസഫ് (ട്രഷറർ), ദീപക് ഗോപാലകൃഷ്ണൻ (ജോയിന്റ് സെക്രട്ടറി), വിനോദ് നായർ (ജോയിന്റ് ട്രഷറർ), അജി വർഗീസ്, ഷിബു ജോസഫ്, നിക്സൺ ജോസഫ്, ബിജു ബെനിയാം, ജെയ്സൺ ജെയിംസ്, ഡോ. ജോജി ഗീവർഗീസ്, ക്യാപ്റ്റൻ വിബിൻ വിൻസന്റ്, വാണി സുധീഷ്, ടെസി ആൻ തോമസ്, കവിത മരിയ ഡേവിസ്, രതീഷ് ചിത്രാലയ (പ്രസിഡണ്ട് എലെക്റ്റ്), ബിജു ജോൺ (എക്സ് ഓഫീഷ്യോ).


































# അമേരിക്കയിലെ മലയാളി സിസ്റ്റേഴ്സിന്റെ ഒത്തുചേരൽ ഏപ്രിൽ 17, 18 തീയതികളിൽ ചിക്കാഗോയിൽ

**മാർട്ടിൻ വിലങ്ങോലിൽ**

ചിക്കാഗോ: സീറോമലബാർ ചിക്കാഗോ രൂപതയുടെ ഇരുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അമേരിക്കയിലെ 'ഓൾ മലയാളി സിസ്റ്റേഴ്സ് സംഗമം' 2026 ഏപ്രിൽ 17, 18 തീയതികളിൽ ചിക്കാഗോയിൽ അരങ്ങേറും. ചരിത്രത്തിൽ ആദ്യമായാണ് അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്ന മലയാളി സമർപ്പിത സന്യാസിനികളുടെ ഇത്തരമൊരു വിപുലമായ സംഗമം സംഘടിപ്പിക്കുന്നത്.

ഭാരതത്തിനു പുറത്തുള്ള ആദ്യ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ഈ സംഗമം വലിയ ഉണർവ്വേകും. അമേരിക്കയിലുടനീളം വിവിധ സഭാസമൂഹങ്ങളിലും റീത്തുകളിലും സമർപ്പിത സേവനം നയിക്കുന്ന മുന്നൂറ്റമ്പതോളം സന്യാസിനികൾ ഈ സ്നേഹസംഗമത്തിൽ പങ്കുചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചിക്കാഗോ രൂപത സ്ഥാപിതമായതിന്റെ ഇരുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെയും രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക രജതജൂബിലിയുടെയും ഭാഗമാണ് ഈ സംഗമം. രൂപതാ വികാരി ജനറാൾമാരായ റവ.ഫാ, ജോൺ മേലേപ്പുറം, റവ. ഫാ. തോമസ് മുളവനാൽ, വികാരി ജനറാളും ചിക്കാഗോ കത്തീഡ്രൽ പള്ളി വികാരിയുമായ റവ.ഫാ. തോമസ് കടുകപ്പള്ളിൽ, ബെൻസൻവിൽ സേക്രഡ് ഹാർട്ട് പള്ളി വികാരി ഫാ. ഏബ്രഹാം ചാക്കോ കളരിക്കൽ, സിസ്റ്റർ ലിസ ആഞ്ഞിലിക്കൽ എസ്എസ്എഫ് (മിൽവാക്കി), ടോണി ജോൺ പുല്ലാപ്പള്ളി (ബെൻസൻവിൽ) എന്നിവരാണ് ഈ സംഗമത്തിന്റെ വിജയത്തിനായി കോ-ഓർഡിനേറ്റർമാരായി നേതൃത്വം നല്കുന്നത്.



സന്യാസസഭകളോ റീത്തുകളോ ഭേദമില്ലാതെ അമേരിക്കൻ അല്ലെങ്കിൽ ഇന്ത്യൻ സന്യാസ സമൂഹങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കേരളത്തിൽ നിന്നുള്ള എല്ലാ സിസ്റ്റേഴ്സിനെയും ഈ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോയി ആലപ്പാട്ടിന്റെയും ബിഷപ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്തിന്റെയും സാന്നിദ്ധ്യത്തിൽ ബെൻസൻവില്ലിലെ സേക്രഡ് ഹാർട്ട് ക്നാനായ സീറോമലബാർ ഫൊറോനാ പള്ളിയിലാണ് ഈ ചരിത്രസംഗമം ഒരുങ്ങുന്നത്.




ഏപ്രിൽ 17-ന് വെള്ളിയാഴ്ച രാവിലെ 11 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന പരിപാടികളിൽ സ്പ്രിംങ്ഫീൽഡ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് പാപ്രോക്കി മുഖ്യപ്രഭാഷണം നടത്തും. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ ബൈസന്റൈൻ കാത്തലിക് എപ്പാർക്കി ഓഫ് പാർമ മെത്രാൻ അഭിവന്ദ്യ റോബർട്ട് മാർക്ക് പിപ്ത മുഖ്യാതിഥിയായിരിക്കും.

വൈകുന്നേരം 5 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് സന്യാസിനികൾക്കും വിശിഷ്ടാതിഥികൾക്കും നല്കുന്ന ഹൃദ്യമായ സ്വീകരണവും പൊതുസമ്മേളനവും നടക്കും.



രണ്ടാം ദിവസമായ ഏപ്രിൽ 18-ന് ശനിയാഴ്ച രാവിലെ 7.30-ന് വിശുദ്ധ കുർബാനയോടെ പ്രഭാത പരിപാടികൾ ആരംഭിക്കും. യുഎസ് ഗവൺമെന്റിലെ സീനിയർ എക്സിക്യൂട്ടീവ് സർവീസ് (എസ്ഇഎസ്) അംഗമായ റവ. ഫാ. അലക്സാണ്ടർ കുര്യൻ മോട്ടിവേഷൻ ക്ലാസും റവ. സിസ്റ്റർ അമെലിയ ഹ്യൂലർ ഒപി പ്രഭാഷണവും നയിക്കും. പൊതുചർച്ചകൾക്കും ഫോട്ടോ സെഷനും ശേഷം ഉച്ചയ്ക്ക് ഒരു മണിയോടെ സംഗമം സമാപിക്കും. തുടർന്ന് താല്പര്യമുള്ളവർക്കായി ശനിയാഴ്ച ഉച്ചകഴിഞ്ഞ് ചിക്കാഗോ ഡൗൺടൗണിലേക്കും ലേക്ക് മിഷിഗണിലേക്കും ബോട്ട് യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്. ഈ സംഗമത്തിൽ പങ്കെടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് റവ.ഫാ. ജോൺ മേലേപ്പുറം (215 808 4052), റവ. ഫാ. തോമസ് മുളവനാൽ (310 709 5111), റവ.ഫാ. ഏബ്രഹാം ചാക്കോ കളരിക്കൽ(630 828 4513) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# കാൻ യൂത്ത്ഫോറം 'യുവകളരി' സാംസ്കാരിക പരിപാടി സംഘടിപ്പിച്ചു

ടെന്നസി: കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കെഎഎൻ) യൂത്ത് ഫോറത്തിന്റെ നേതൃത്വത്തിൽ ഊർജ്ജസ്വലരായ കുട്ടികളെയും യുവാക്കളെയും കേന്ദ്രീകരിച്ചുകൊണ്ട് മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ഊന്നൽ നല്കിക്കൊണ്ട് 'യുവകളരി' എന്ന് നാമധേയം ചെയ്ത പരിപാടി വൻ വിജയമായിത്തീർന്നു.

നാഷ്‌വിൽ പബ്ലിക് ലൈബ്രറി എഡ്മണ്ട്സൺ പൈക്ക് ബ്രാഞ്ചിലെ ഹാൾ ആയിരുന്നു വേദി. കുട്ടികളുടെയും യുവാക്കളുടെയും രക്ഷാകർത്താക്കളുടെയും സാന്നിദ്ധ്യംകൊണ്ട് സമ്പന്നമായ പരിപാടിക്ക് നേതൃത്വം നല്കിയത് കാൻ യൂത്ത്ഫോറം ചെയർ സാജൻ പെരുമ്പള്ളി, കോ-ചെയർ നിഷ പ്രഭാകരൻ, യൂത്ത്ഫോറം മെംബർമാർ എന്നിവരായിരുന്നു. കാൻ പ്രസിഡണ്ട് ശങ്കർ മന, ട്രഷറർ സുമ ശിവപ്രസാദ്, ഔട്ട് റീച്ച് ചെയർ സന്തോഷ് പി. രാമചന്ദ്രൻ, വിമൻസ് ഫോറം ചെയർ പ്രസീദ രാജു, കാൻ മുൻ കൾച്ചറൽ കമ്മിറ്റി ചെയർ മനോജ് രാജൻ എന്നിവർ സന്നിഹിതരായിരുന്നു.

സംവേദനാത്മകമായി സംഘടിപ്പിച്ച മൂന്നു സെഷനുകളായിരുന്നു യുവകളരിയുടെ പ്രധാന സവിശേഷത. മലയാളം കഥാനിർമ്മിതി, ജെപ്പഡിക്കു സമാനമായ മലയാള ഭാഷയ്ക്കു ചേർന്ന മത്സരം, മലയാള സിനിമാഗാനത്തിനു ചുവടുവെച്ച് നടന്ന സൂമ്പ നൃത്തം എന്നിവ കുട്ടികളും യുവാക്കളും രക്ഷാകർത്താക്കളും ആസ്വദിക്കുകയും എല്ലാവരിലും ആവേശം ഉളവാക്കുകയും ചെയ്തു. കുട്ടികൾക്ക് കാൻ പ്രസിഡണ്ട് ശങ്കർ മന സമ്മാനങ്ങൾ വിതരണം ചെയ്തു. യുവകളരിയുടെ വിജയം കാനിന്റെയും അതിന്റെ ഒരു വിഭാഗമായ യൂത്ത് ഫോറത്തിന്റെയും പുതുതലമുറകളോടുള്ള പ്രതിബദ്ധത ഉറപ്പിക്കുന്നതായി. പരിപാടി അവസാനിച്ചത് എല്ലാവരുടെയും അഭിനന്ദനവും പ്രോത്സാഹനവും ഏറ്റുവാങ്ങിക്കൊണ്ടായിരുന്നു.



വഴിവിളക്കുകൾ 5

# പവിത്രൻ ചേട്ടൻ



ഓർമ്മയിലെ മിഠായി മധുരമാണ് പവിത്രൻ ചേട്ടൻ. വർഷങ്ങളായി കുറിച്ചിത്താനം കവലയിൽ കച്ചവടം നടത്തിയിരുന്ന പവിത്രൻ ചേട്ടന്റെ കടയിൽ വേറെയും ഒരുപാട് സാധനങ്ങൾ ഉണ്ടായിരുന്നെങ്കിലും, ഞങ്ങൾ ആകെ കണ്ടിരുന്നത് നിരനിരയായി അടുക്കിവെച്ച ചില്ലുഭരണികളിലെ മിഠായികൾ മാത്രമായിരുന്നു. നാരങ്ങാമിഠായി, തേൻമിഠായി, പല്ലിമിഠായി, വെള്ള ഗ്യാസ് മിഠായി, പച്ച ഗ്യാസ് മിഠായി.

ഞങ്ങളുടെ ഒരുവിധപ്പെട്ട നടപ്പുകൾ എല്ലാം- സ്കൂളിലേക്ക്, പള്ളിയിലേക്ക്, തറവാടുവീട്ടിലേക്ക്- പവിത്രൻ ചേട്ടന്റെ കടയുടെ മുമ്പിൽ കൂടിയായിരുന്നു. എത്ര ആശയടക്കിയാലും കണ്ണുകൾ ആ മിഠായി ഭരണികളിലുടക്കാതെ, ആ കട കടന്നുപോവുക സാധ്യമല്ലായിരുന്നു. "ഈ ചെറിയവരിൽ ഒരുവന് ഇടർച്ച നൽകുന്നതിനേക്കാൾ നല്ലത് കഴുത്തിൽ തിരികല്ലു കെട്ടി കടലിൽ എറിയപ്പെടുന്നതാണ്" എന്ന ബൈബിൾ വചനം ഒന്നും പവിത്രൻ ചേട്ടൻ കേട്ടിട്ടുണ്ടാകാൻ സാധ്യതയില്ല!

അല്ലെങ്കിൽ എന്തിനാണ് കടയുടെ ഏറ്റവും മുൻനിരയിൽ വലിയ ചില്ലുഭരണികൾ നിറയെ അയാൾ മിഠായികൾ നിരത്തിവച്ചത്?

കുട്ടികളായ കുട്ടികളുടെ മുഴുവൻ ശ്രദ്ധ ക്ഷണിച്ചത്?

ഞങ്ങളുടെ കുട്ടിക്കാല സമ്പാദ്യത്തിന്റെ മഹാഭൂരിപക്ഷവും പവിത്രൻ ചേട്ടന്റെ കൈകളിലാണ് ചെന്നു ചേർന്നിരുന്നത്. ഓരോ തവണയും തറവാട്ടുവീട്ടിൽ നിന്ന് പോരുമ്പോൾ അപ്പച്ചൻ തന്നിരുന്ന 50 പൈസ, ഒരു രൂപ അല്ലെങ്കിൽ രണ്ടു രൂപ തുട്ടുകൾ, പവിത്രൻ ചേട്ടന്റെ കട ഒഴിവാക്കി, ആശ അടക്കി, ഇടവഴിയിലൂടെ വീട്ടിലെത്തിയ ഒന്നോ രണ്ടോ സന്ദർഭങ്ങളിൽ ഒഴിച്ച്, ബാക്കി എല്ലാ അവസരങ്ങളിലും പവിത്രൻ ചേട്ടന്റെ മേശവിരിപ്പിൽ നിക്ഷേപിക്കപ്പെട്ടു. നെറ്റിയിൽ ചന്ദനക്കുറി തൊട്ട, തുടുത്ത മുഖമുള്ള ആ കുറിയ മനുഷ്യൻ, പത്രത്താളുകളിൽ പൊതിഞ്ഞ്, തെളിഞ്ഞ ചിരിയോടെ ആ മിഠായികൾ ഞങ്ങൾക്ക് നേരെ നീട്ടുമ്പോൾ തോന്നിയിരുന്ന സന്തോഷം, അതേ അളവിൽ മറ്റെപ്പോഴെങ്കിലും അനുഭവപ്പെട്ടിട്ടുണ്ടോ എന്ന് തന്നെ സംശയമാണ്. ലിൻഡും ഫെറേറോയും കാഡ്ബറിയും എല്ലാം ഓർമ്മകളുടെ മധുരത്തിനു മുൻപിൽ തോറ്റുപോകുന്നതെന്തേ?

തറവാട്ടുവീട്ടിലേക്ക്, അപ്പച്ചന്റെ അടുത്തേക്കുള്ള, കൃത്യമായ ഇടവേളകളിലുള്ള യാത്രകൾ, ഞങ്ങൾ ഒരിക്കലും മുടക്കാതിരുന്നതിന്റെ ഒരു കാരണം, അപ്പച്ചൻ പതിവായി തന്നിരുന്ന പോക്കറ്റ് മണിയാണ്. മിക്കവാറും സന്ദർഭങ്ങളിൽ ഒരു രൂപ തുട്ടാണ് ഞങ്ങൾക്ക് മൂന്നാൾക്കും കിട്ടിയിരുന്നത്. അപൂർവ്വം അവസരങ്ങളിൽ അത് 50 പൈസയോ രണ്ടു രൂപയോ ആവും. ഒരിക്കൽ അപ്പച്ചനെ കണ്ടിറങ്ങിയ ഞങ്ങൾക്ക് പതിവുപോലെ അപ്പച്ചൻ പോക്കറ്റ് മണി തരാൻ ഒരുങ്ങി. അന്ന് അപ്പച്ചന്റെ കൈയിൽ ഉണ്ടായിരുന്നത് രണ്ട് ഒരു രൂപ തുട്ടുകളും ഒരു 50 പൈസ നാണയവുമാണ്. 50 പൈസ ആർക്കു കൊടുക്കണമെന്ന ആശങ്കയിൽ നിന്ന അപ്പച്ചനോട് എന്റെ ഒന്നാം ക്ലാസുകാരി അനുജത്തി 50 പൈസ അവൾക്ക് വേണമെന്ന് ശാഠ്യം പിടിച്ചു. ആ വാശിക്ക് പിന്നിലെ ചേതോവികാരം മനസ്സിലാകാതെ നിന്ന ഞങ്ങളെ അമ്പരപ്പിച്ചുകൊണ്ട് അവൾ പറഞ്ഞു: "ഒന്നിനേക്കാൾ വലുതാണ് അമ്പത്. ആരും എന്നെ പറ്റിക്കാൻ നോക്കണ്ട." ഞങ്ങൾ രണ്ടുപേരും അപ്പച്ചനും ചിരിച്ചു. രണ്ട് 50 പൈസ കൂടുന്നതാണ് ഒരു രൂപ എന്ന് അവളെ പറഞ്ഞു മനസ്സിലാക്കാൻ അപ്പച്ചൻ ശ്രമിച്ചെങ്കിലും അവൾ വഴങ്ങിയില്ല. എനിക്കറിയാം ഒന്നിനേക്കാൾ വലുത് 50 ആണെന്ന്. എന്റെ ടീച്ചർ പഠിപ്പിച്ചിട്ടുണ്ട് എന്ന നിലപാടിൽ അവൾ ഉറച്ചുനിന്നു. ശരി, അങ്ങനെയെങ്കിൽ അങ്ങനെ എന്നുപറഞ്ഞ് ഞങ്ങളും തോൽവി സമ്മതിച്ചു. ശേഷം, കിട്ടിയ പൈസയുമായി നേരെ പവിത്രൻ ചേട്ടന്റെ കടയിലേക്ക്. അന്ന് പല്ലിമിഠായിക്ക് അഞ്ചു പൈസയും തേൻ മിഠായി, നാരങ്ങാമിഠായി, ഗ്യാസ് മിഠായി ഇത്യാദികൾക്ക് 10 പൈസയുമാണ് വില. അതായത് ഒരു രൂപയ്ക്ക് 10 നാരങ്ങാ മിഠായിയോ 10 ഗ്യാസ് മിഠായിയോ ഒക്കെ നമുക്ക് കിട്ടും. ഞങ്ങൾ തമ്മിലുള്ള അലിഖിതമായ ധാരണ പ്രകാരം മൂന്നുപേരും മൂന്നുതരം മിഠായികൾ വാങ്ങി പങ്കുവയ്ക്കണം. ഒരു രൂപയ്ക്ക് തേൻമിഠായി വാങ്ങിയ ചേട്ടന് പത്തെണ്ണവും, ഒരു രൂപയ്ക്ക് നാരങ്ങാമിഠായി വാങ്ങിയ എനിക്ക് 10 എണ്ണവും, 50 പൈസയ്ക്ക് ഗ്യാസ് മിഠായി വാങ്ങിയ അനുജത്തിക്ക് 5 എണ്ണവും കിട്ടി. മിഠായി എണ്ണി നോക്കിയപ്പോൾ കരച്ചിലിന്റെ വക്കോളം എത്തി അവൾ. 50 പൈസ ഞാൻ കൊടുത്തിട്ട് എനിക്ക് പവിത്രൻ ചേട്ടൻ, കുറച്ച് മിഠായിയേ തന്നുള്ളൂ എന്ന് പറഞ്ഞപ്പോഴേക്കും അവൾ പൊട്ടിക്കരഞ്ഞുപോയി. അവളെ സമാധാനിപ്പിക്കാൻ പവിത്രൻ ചേട്ടൻ ആ ചില്ലുഭരണി തുറന്ന് 5 മിഠായി കൂടി എടുത്ത് അവൾക്ക് നൽകി. എണ്ണി നോക്കി, തനിക്കും 10 മിഠായികൾ ഉണ്ട് എന്ന് ഉറപ്പു വരുത്തിയ ശേഷമാണ് അവൾ കരച്ചിൽ നിർത്തിയത്.



ആൻസി സിറിയക് ഇലക്കാട്ട്

അടുത്ത നാളിൽ എവിടെയോ നടന്ന ഒരു എക്സിബിഷനിൽ, പഴയകാല രുചികൾ എന്ന പേരിൽ, ഒരു സ്റ്റാളിൽ ചില്ലുഭരണികളിൽ നിരത്തിവെച്ചിരുന്ന തേൻമിഠായിയും നാരങ്ങാമിഠായിയും ഗ്യാസ് മിഠായിയും കണ്ടപ്പോൾ പവിത്രൻ ചേട്ടന്റെ തേൻമിഠായി പോലെ തുടുത്ത മുഖം മനസ്സിൽ തെളിഞ്ഞു.

നന്ദി പവിത്രൻ ചേട്ടാ, മിഠായി മധുരമുള്ള ഒരു ബാല്യത്തിനും ഉറുമ്പരിക്കാത്ത കുറേ ഓർമ്മകൾക്കും!

---

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

## ഷാജൻ ആനിത്തോട്ടം ലയൺസ് ഡിസ്ട്രിക്ട് ഗവർണർ

(ഒന്നാം പേജിൽ നിന്നും)


ലയൺസ് ഇന്റർനാഷണൽ സ്ഥാപകനായ മെൽവിൻ ജോൺസിന്റെ ജന്മനാടായ ഇല്ലിനോയി സംസ്ഥാനത്താകെ പത്ത് ലയൺസ് ഡിസ്ട്രിക്ടുകളാണുള്ളത്. കുക്ക് കൗണ്ടിയുടെ വടക്കൻ മേഖലകളും ലേക്ക് കൗണ്ടിയും ഉൾപ്പെടുന്ന ഡിസ്ട്രിക്ട് വൺ എഫിൽ മുപ്പത് ലയൺസ് ക്ലബുകളും ആയിരത്തോളം അംഗങ്ങളുമുണ്ട്. ആതുരസേവനവും ദുരന്തനിവാരണവുമുൾപ്പെടെ ഒട്ടേറെ മേഖലകളിൽ ഒരു നൂറ്റാണ്ടിലധികമായി നിസ്തുലമായ പ്രവർത്തനങ്ങൾ നടത്തുന്ന ഈ ആഗോള സംഘടന ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സർവ്വീസ് സംഘടനയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.



ഇന്ത്യാ ഗവൺമെന്റ് സർവീസിൽ അഞ്ചു വർഷത്തെ അദ്ധ്യാപനത്തിനു ശേഷം 1998-ൽ അമേരിക്കയിലേക്ക് കുടിയേറിയ ഷാജൻ ആനിത്തോട്ടം വിവിധ രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ നേതൃത്വപദവികൾ വഹിച്ചിട്ടുണ്ട്. ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ലൈഫ് മെംബറും സെൻട്രൽ സ്കൂൾ സ്കൗട്ട് മാസ്റ്ററുമായിരുന്നു. 2009 ഏപ്രിൽമാസം നടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ സ്കോക്കി ഡിസ്ട്രിക്ട് 69 ബോർഡ് ഓഫ് എഡ്യൂക്കേഷൻ മെംബറായി മികച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. ലാന, ഇല്ലിനോയി മലയാളി അസോസിയേഷൻ എന്നിവയുടെ പ്രസിഡണ്ടായിരുന്നു. സ്കോക്കി വില്ലേജ് ഫാമിലി സർവീസ് കമ്മീഷൻ വൈസ് ചെയർ ആയും പ്രവർത്തിക്കുന്നു.

കഴിഞ്ഞ ആറ് വർഷമായി സ്കോക്കി ലയൺസ് ക്ലബ് പ്രസിഡണ്ടായി പ്രവർത്തിക്കുന്ന അദ്ദേഹം സെക്കൻഡ് വൈസ് ഡിസ്ട്രിക്ട് ഗവർണർ, ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. കാൽ നൂറ്റാണ്ടിലധികമായി ഇല്ലിനോയി സ്റ്റേറ്റ് ഗവൺമെന്റ് സർവ്വീസിൽ മാനേജരായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹം ഉദ്യോഗത്തോടൊപ്പം കോൺകോർഡിയ യൂണിവേഴ്സിറ്റി ചിക്കാഗോയിൽ പിഎച്ച്.ഡി പഠനവും നടത്തുന്നു. എം.എ (പാലാ സെന്റ് തോമസ് കോളജ്), എം.ഫിൽ (പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി), എം.എസ്.ഡബ്ല്യു (യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി, ചിക്കാഗോ), ബി.എഡ് (മാന്നാനം സെ. ജോസഫ്സ് ട്രെയിനിംഗ് കോളജ്) ബിരുദധാരിയാണ്. സമീപകാലത്ത് മൂന്നാം പതിപ്പിലെത്തിയ 'പകർന്നാട്ടം' എന്ന നോവലുൾപ്പെടെ അഞ്ച് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഭാര്യ ബിനു. മക്കൾ: അൻഷിൽ & ആൽവിൻ.

## ബാലസാഹിത്യകാരൻ പി.ഐ. ശങ്കരനാരായണൻ അന്തരിച്ചു



കൊച്ചി: പ്രമുഖ ബാലസാഹിത്യകാരൻ പി.ഐ. ശങ്കരനാരായണൻ (81) അന്തരിച്ചു. 70-ൽ അധികം ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവിതമൂല്യങ്ങൾക്ക് ഊന്നൽ നൽകുന്ന കവിതകളും കഥകളും എഴുതി. കൊച്ചി ആകാശവാണിയിൽ സ്ഥിരമായി സുഭാഷിതങ്ങൾ അവതരിപ്പിച്ചിരുന്നു. നവമന പബ്ലിക്കേഷൻസ് എന്ന പ്രസിദ്ധീകരണ സ്ഥാപനവും നടത്തി. സമസ്ത കേരള സാഹിത്യ പരിഷത്ത് നിർവാഹകസമിതി അംഗമായിരുന്നു.

സ്പൈസസ് ബോർഡ് റിട്ട. ഉദ്യോഗസ്ഥനാണ്. ഏലം, സ്പൈസ് ഇന്ത്യ മാസികകളുടെ പത്രാധിപരായിരുന്നു. ഏലം ഒരു ശീലമാക്കൂ എന്ന ഏലം ബോർഡിന്റെ പ്രശസ്തമായ പരസ്യവാചകം പി.ഐ. ശങ്കരനാരായണന്റേതാണ്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, തോന്നയ്ക്കൽ കുമാരനാശാൻ സ്മാരക കവിതാ സമ്മാനം, ഉപഭോക്തൃ ബോധവത്കരണ അവാർഡ്, ഭിലായ് മലയാളം ഗ്രന്ഥശാല സുവർണജൂബിലി പുരസ്കാരം, സമഗ്ര സംഭാവനയ്ക്കുള്ള കവിസമാജം പുരസ്കാരം (2012), കുഞ്ഞുണ്ണി പുരസ്കാരം (2013) എന്നിവ ലഭിച്ചു.

1945-ൽ കണ്ണൂരിലാണു ജനനം. കോളജ് വിദ്യാഭ്യാസത്തിനുശേഷം എറണാകുളത്തും കോഴിക്കോട്ടും ആറു വർഷം പത്രപ്രവർത്തനം നടത്തി. കലൂർ പി.സി. റോഡിലെ വാടകവീട്ടിലായിരുന്നു താമസം. ഭാര്യ: നളിനി.

# ജോസഫ് നാമധാരികളുടെ കൂട്ടായ്മ ഒരുക്കി ഡാളസ് ഇടവക

ജോക്കുട്ടി മേലേടത്ത്



ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളും ജോസഫ് നാമധാരികളുടെ സംഗമവും ഏറെ ഭക്തി നിർഭരമായി ആഘോഷിച്ചു. തിരുനാൾ തിരുക്കർമ്മങ്ങൾക്ക് കോട്ടയം അതിരൂപതാ വികാരി ജനറാൽ റവ.ഫാ. തോമസ് ആനിമൂട്ടിൽ നേതൃത്വം നല്കി.

സെന്റ് ജോസഫ് കൂടാരയോഗം അംഗങ്ങളും മറ്റ് അനേകം വിശ്വാസികളും തിരുനാൾ ഏറ്റെടുത്തു നടത്തി. അന്നേദിവസം റ്റെസിൻ ബൈജു ആലപ്പാട്ട് വരച്ച വിശുദ്ധ യൗസേപ്പിതാവിന്റെ ചിത്രം വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് ഫണ്ട് റെയ്സിങ്ങിന്റെ ഭാഗമായി നല്കി. എല്ലാവർക്കും നേർച്ച അപ്പം നല്കപ്പെട്ടു.



കുട്ടികളും മുതിർന്നവരുമടക്കം ജോസഫ് നാമധാരികളുടെ കൂട്ടായ്മ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ടു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിത്ത് മഹോത്സവവും ചാരിറ്റി ഫണ്ട് റെയിസിങ്ങിന്റെ ഭാഗമായി നടത്തപ്പെട്ടു.

# MOJITHA KURUP WINS FIRST PRIZE AT AMERICAN NATYA IDOL SEATTLE REGIONALS 2026

Seattle, USA: Malayali Bharatanatyam dancer Mojitha Kurup, currently based in Washington State, USA, has won First Prize with the highest score in the Adult Solo – Category at the American Natya Idol 2026 Seattle Regionals, held at the Wagner Performing Arts Center in Seattle on March 22nd. With this achievement, she has now qualified as a finalist for the national finals of the competition.

For the competition, Mojitha performed the Navarasa Gayika Varnam, a technically demanding and expressive Bharatanatyam composition that highlights both intricate footwork and abhinaya. Her performance received the highest score in the Adult solo category, earning her the top honor.



Mojitha, whose family hails from Thrissur and Pattambi in Kerala, credits her Kerala heritage for shaping her deep connection to Indian classical arts.

Mojitha has been dedicated to Indian classical arts from a very young age. She began learning dance at the age of three and has trained extensively in Bharatanatyam, Mohiniyattam, and Kuchipudi for over a decade.



Over the years, she has won several dance competitions in Mumbai and has also been actively involved in teaching dance in India from the age of 13, sharing her passion for Indian classical arts with younger students.

Mojitha is also trained in Chenda and has completed her Thayambaka arrangetram. She is also part of a Guinness World Records achievement, where nearly 3000 dancers performed Kaikottikali together on one platform, celebrating Kerala's traditional art forms.

Currently working as a Software Engineer in Washington, USA, Mojitha continues to actively perform and promote Indian classical dance internationally through stage performances, competitions, and cultural initiatives.

Speaking about her recent achievement, Mojitha said the recognition is deeply meaningful to her.

"This achievement is very special to me, and I dedicate it to my family who have supported my journey in dance throughout and my gurus. Carrying Indian classical dance to international platforms and sharing the beauty of our culture with audiences abroad has always been my dream," she said.

She added that becoming a finalist at the national level motivates her to continue working harder and representing Indian classical arts globally.

Through her journey, Mojitha hopes to inspire young dancers, especially those living outside India, to stay connected to their cultural roots and continue learning and performing classical art forms.





# കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്ക് യെൽദോ മോർ തീത്തോസ് കാലിഫോർണിയയിൽ നേതൃത്വം നല്കുന്നു

**വർഗീസ് പാലമലയിൽ**



കാലിഫോർണിയ: യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തിന്റെ ഓർമ്മ പുതുക്കിക്കൊണ്ട് ക്രൈസ്തവർ ഓശനഞായർ ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ പള്ളികളിൽ പ്രത്യേക പ്രാർത്ഥനകളും കുരുത്തോല പ്രദക്ഷിണവും നടത്തും. വിശുദ്ധ വാരത്തിന് തുടക്കം കുറിക്കുന്ന ഓശാനഞായറാഴ്ച വിശ്വാസികൾ ഒരേ മനസ്സോടെ ആരാധനാലയങ്ങളിൽ എത്തിച്ചേരും.

കാലിഫോർണിയായിലെ സാക്രമെന്റോ സെന്റ് ബേസിൽ സിറിയക് ഓർത്തഡോക്സ് ദേവാലയത്തിൽ ഈ വർഷം നടക്കുന്ന ഹോശാന പെരുന്നാളിന് അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്ത യെൽദോ മോർ തീത്തോസ് തിരുമേനി മുഖ്യകാർമ്മികത്വം വഹിക്കും.

സാൻഫ്രാൻസിസ്കോ സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് നടക്കുന്ന പെസഹ പെരുന്നാളിനും കാൽകഴുകൽ ശുശ്രൂഷയ്ക്കും അഭിവന്ദ്യ തിരുമേനി നേതൃത്വം നല്കും. യേശുക്രിസ്തുവിന്റെ അനശ്വരമായ സ്നേഹത്തിന്റെയും പങ്കുവെക്കലിന്റെയും ഓർമ്മ പുതുക്കി ദേവാലയങ്ങളിൽ പെസഹാപ്പെരുന്നാൾ കൊണ്ടാടുന്നു. പാദങ്ങളോളം താഴ്ന്നിറങ്ങി ശുദ്ധീകരിക്കുന്ന വിനയത്തിന്റെയും സേവനത്തിന്റെയും സന്ദേശം പകർന്ന് കാൽകഴുകൽ ശുശ്രൂഷ നടക്കും. യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴവിരുന്നിന്റെയും കുർബാന സ്ഥാപനത്തിന്റെയും സ്മരണകളിലാണ് പെസഹാചരണം നടക്കുന്നത്.

സാൻഹൊസെ സെന്റ് സ്റ്റീഫൻസ് സിറിയക് ഓർത്തഡോക്സ് പള്ളിയിൽ നടക്കുന്ന ഈ വർഷത്തെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾക്കും ഉയിർപ്പ് പെരുന്നാളിനും അഭിവന്ദ്യ തിരുമേനി നേതൃത്വം നല്കും.

# കളിക്കൂട്ടം കൾച്ചറൽ ക്ലബ് യുവജന വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

**സന്തോഷ് മേക്കര**

ചിക്കാഗോ: കളിക്കൂട്ടം കൾച്ചറൽ ക്ലബിന്റെ യുവജന വിഭാഗത്തിന്റെ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റിയെ അഭിമാനത്തോടെ പരിചയപ്പെടുത്തുന്നു. സമൂഹത്തിന്റെ ഭാവിയെ മുന്നോട്ടു കൊണ്ടുപോകുന്ന അടുത്ത തലമുറയെ പ്രതിനിധീകരിക്കുന്ന യുവനേതാക്കളാണ് ഈ കമ്മിറ്റി.

വൈവിധ്യമാർന്ന കഴിവുകളും പുതുമയുള്ള ആശയങ്ങളും കൈവശമുള്ള ഇവർ, യുവജനങ്ങളെ കൂടുതൽ സജീവമായി ഉൾപ്പെടുത്തുകയും സമൂഹത്തിന്റെ ഐക്യവും സംസ്കാരവും ശക്തിപ്പെടുത്തുകയും ചെയ്യാനുള്ള പ്രതിബദ്ധതയോടെ പ്രവർത്തിക്കും.

അവരുടെ ആവേശവും നേതൃത്വപാടവവും സമർപ്പണവും കൊണ്ട്, ഈ ടീം പുതിയ പദ്ധതികളും പ്രവർത്തനങ്ങളും കൊണ്ടുവന്ന് യുവജനങ്ങളെ പ്രചോദിപ്പിക്കുകയും ഒരുമിപ്പിക്കുകയും ചെയ്യും.

ഭാവിയെ ആത്മവിശ്വാസത്തോടെ നയിക്കാൻ തയ്യാറായ ഈ കമ്മിറ്റി, കളിക്കൂട്ടം കൾച്ചറൽ ക്ലബ് യുവജന വിഭാഗത്തിന്റെ ശക്തിയും പ്രതീക്ഷയും പ്രതിനിധീകരിക്കുന്നു.




# ക്രിസ്ത്യൻ ഫെലോഷിപ് വിമൻസ് വേൾഡ് ഡേ ഓഫ് പ്രയർ സ്ഥാപകനേതാക്കളെ ആദരിച്ചു

ഡാളസ്: ഡാളസ് കേരള എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ്പന്റെ ആഭിമുഖ്യത്തിൽ സിൽവർ ജൂബിലി ആഘോഷങ്ങൾ ഭക്തിനിർഭരമായ ചടങ്ങുകളോടെ നടന്നു. മാർച്ച് 7-ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഡാളസിലെ ക്രിസ്തീയ സമൂഹത്തിന്റെ ആത്മീയ മുന്നേറ്റത്തിനു കരുത്തുപകർന്ന വിശിഷ്ട വ്യക്തികളെ ആദരിച്ചു.

**പി.പി. ചെറിയാൻ**

2001-ൽ ഡാളസിൽ വിമൻസ് വേൾഡ് ഡേ ഓഫ് പ്രയർ എന്ന പ്രസ്ഥാനത്തിന് അടിത്തറയിട്ട സ്ഥാപകനേതാക്കളും ഈ കൂട്ടായ്മ ആരംഭിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചവരുമായ എലിസബത്ത് ജോൺ, ലീലാമ്മ ചാക്കോ, ഡോ. മോളി സഖറിയാ എന്നിവരുടെ സമർപ്പിത സേവനങ്ങളെ ഹൃദയപൂർവം സ്മരിക്കുകയും അവർക്ക് ജൂബിലിവേളയിൽ അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

ഡാളസിലെ കേരള ക്രിസ്ത്യൻ സമൂഹങ്ങൾക്കിടയിൽ സ്ത്രീകളുടെ ഐക്യത്തിനും ആത്മീയ വളർച്ചയ്ക്കും ഈ നേതാക്കൾ നല്കിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്ന് കെ.ഇ.സി.എഫ് ഭാരവാഹികൾ അഭിപ്രായപ്പെട്ടു. കഴിഞ്ഞ കാൽനൂറ്റാണ്ടായി ഡാളസിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തെ മുമ്പോട്ടു നയിക്കുന്നതിൽ ഇവരുടെ പ്രവർത്തനം മാതൃകാപരമാണ്.

ആഘോഷങ്ങൾക്ക് പ്രസിഡണ്ട് വെരി റവ. രാജു എം. ഡാനിയേൽ കോർ എപ്പിസ്കോപ്പ, വൈസ് പ്രസിഡണ്ട് റവ.ഫാ. ബേസിൽ ഏബ്രഹാം, സെക്രട്ടറി അലക്സ് അലക്സാണ്ടർ എന്നിവർ നേതൃത്വം നല്കി. വിവിധ സഭകളിൽ നിന്നുള്ള വൈദികരും വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.







# തൊടുപുഴയിൽ വികസനത്തുടർച്ചയുമായി അപു ജോൺ ജോസഫ്



ഫീച്ചർ



ജോസ് കണിയാലി

കേരള രാഷ്ട്രീയത്തിലെ അതികായനായ പി.ജെ. ജോസഫ് തന്റെ പാർലമെന്ററി രാഷ്ട്രീയ ലോകം മകൻ അപുവിന് കൈമാറുകയാണ്. 1955-ൽ പുറത്തിറങ്ങിയ സത്യജിത് റേയുടെ 'പഥേർ പാഞ്ചാലി'യിലെ നായക കഥാപാത്രത്തോടുള്ള ഇഷ്ടം മൂലമാണ് അദ്ദേഹം മകന് അപു ജോൺ ജോസഫ് എന്ന് പേരിട്ടത്. ഇപ്പോൾ സത്യജിത് റേയുടെ അപു ത്രയങ്ങളിലെ അവസാന ചിത്രമായ 'അപുർ സൻസാർ' (അപുവിന്റെ ലോകം) പോലെ, തന്റെ തട്ടകമായ തൊടുപുഴ മണ്ഡലം മകനായി മാറ്റിവെച്ച് അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിക്കുകയാണ്. താനൊരു 'നെപ്പോ കിഡ്' അല്ലെന്നും പാർട്ടിയുടെ അടിത്തട്ടിൽ നിന്ന് കഠിനാധ്വാനം ചെയ്ത് വളർന്നുവന്നതാണെന്നും അപു വ്യക്തമാക്കുന്നു.

### വിദ്യാഭ്യാസവും വിദേശത്തെ ജോലി പരിചയവും

മികച്ച വിദ്യാഭ്യാസ പശ്ചാത്തലവുമായാണ് അപു രാഷ്ട്രീയത്തിലേക്ക് വരുന്നത്. തൊടുപുഴ ഡീ പോൾ പബ്ലിക് സ്കൂളിൽനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും, എറണാകുളം സേക്രഡ് ഹാർട്ട് കോളേജിൽ നിന്ന് പ്രീ ഡിഗ്രി പഠനവും പൂർത്തിയാക്കി. തുടർന്ന് കോയമ്പത്തൂരിലെ കുമരഗുരു കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ബി ടെക് ബിരുദം നേടിയ അദ്ദേഹം പൂനെയിലെ മാക്സ് മുള്ളർ ഭവനിൽ നിന്ന് ജർമ്മൻ ഭാഷാ പഠനവും പൂർത്തിയാക്കി. തിരുവനന്തപുരം ടെക്നോ പാർക്കിലെ IBS-ൽ ടീം ഹെഡ് ആയി സേവനമനുഷ്ഠിച്ച ശേഷം സ്വിറ്റ്സർലൻഡിലെ സ്വിസ് എയറിൽ സീനിയർ സോഫ്റ്റ്‌വെയർ എഞ്ചിനീയറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

### പൊതുപ്രവർത്തനത്തിലേക്കുള്ള ചുവടുവെപ്പ്

2008-ൽ നാട്ടിൽ തിരിച്ചെത്തിയ അപു കാർഷിക മേഖലയിലേക്കും ഗാന്ധിജി സ്റ്റഡി സെന്റർ, ജോക്കുട്ടൻ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയിലൂടെ പൊതുപ്രവർത്തനത്തിലേക്കും പ്രവേശിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ തൊടുപുഴയിലെ അശരണർക്ക് തണലാകാൻ അദ്ദേഹത്തിന് സാധിച്ചു. തൊടുപുഴയുടെ ഉത്സവമായ കാർഷിക മേളയിലൂടെ തന്റെ സംഘടനാ മികവ് അദ്ദേഹം തെളിയിച്ചു. പാർട്ടിയുടെ സാധാരണ പ്രവർത്തകനിൽ നിന്ന് സ്റ്റിയറിംഗ് കമ്മിറ്റിയിലേക്കും പിന്നീട് ഹൈ പവർ കമ്മിറ്റിയിലേക്കും പടിപടിയായി അദ്ദേഹം വളർന്നു.

### ഡിജിറ്റൽ യുഗത്തിലേക്കൊരു പാർട്ടി

തന്റെ ഐടി പശ്ചാത്തലം ഉപയോഗപ്പെടുത്തി പാർട്ടിയെ കൂടുതൽ ശക്തമാക്കാൻ അപു പരിശ്രമിക്കുന്നു. പാർട്ടിയുടെ ഐടി വിഭാഗം സംസ്ഥാന പ്രസിഡന്റായിരുന്ന അദ്ദേഹം പാർട്ടി അംഗങ്ങളുടെ പൂർണ്ണമായ ഡാറ്റാബേസും അംഗത്വത്തിനുള്ള വെബ്സൈറ്റും തയ്യാറാക്കി. നിലവിൽ കേരള കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന കോ-ഓർഡിനേറ്ററായി അദ്ദേഹം പ്രവർത്തിക്കുന്നു.

### രാഷ്ട്രീയ തന്ത്രങ്ങളും തലമുറമാറ്റവും

പാർട്ടിയിൽ തലമുറമാറ്റം നേരത്തെ തുടങ്ങിയെന്നും 2020-ൽ 25 ആയിരുന്ന ജനപ്രതിനിധികളുടെ എണ്ണം 2025-ൽ 56 ആയി ഉയർന്നത് ഇതിന് തെളിവാണെന്നും അപു ചൂണ്ടിക്കാട്ടുന്നു. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടുക്കി സീറ്റിൽ അപു മത്സരിക്കുകയാണെങ്കിൽ സീറ്റ് വിട്ടുതരാമെന്ന് കോൺഗ്രസ് നിർദ്ദേശിച്ചിരുന്നുവെങ്കിലും, പാർട്ടിയുടെ അധികാര കേന്ദ്രം തൊടുപുഴയിൽ നിലനിർത്തുന്നതിനായി പി.ജെ. ജോസഫ് അത് നിരസിക്കുകയായിരുന്നു.

### ജനസമ്പർക്കപരിപാടികൾ തിരിച്ചു വരണം

ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ യു.ഡി.എഫ്. നിരവധി പ്രശ്നങ്ങൾ ഉയർത്തുകയും സമരം ചെയ്യുകയും ചെയ്തു. അത് ഫലം കണ്ടില്ല. അവസാനത്തെ ആറു മാസക്കാലം എൽഡിഎഫ് സർക്കാർ നല്കിയത് വാഗ്ദാനങ്ങളുടെ പെരുമഴയായിരുന്നു. ഒടുവിൽ എല്ലാവർക്കും സമ്മാനമായി കിറ്റും കൊടുത്തു. അതോടെ പിണറായി സർക്കാരിന് രണ്ടാമതും ഭരണം കിട്ടി. അന്ന് നല്കിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടോ എന്ന് വിലയിരുത്തുന്നത് നന്നായിരിക്കും.



എല്ലാക്കാലത്തും ജനങ്ങളെ പറ്റിക്കാൻ സാധിക്കുമോ? ഇന്ന് സാധാരണജനങ്ങളെ ബാധിക്കുന്ന കറണ്ട് ചാർജ്, വെള്ളക്കരം, ഭൂനികുതി ഇതിനെല്ലാം അതിഭയങ്കരമായ ചാർജ് വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. യുഡിഎഫ് പ്രവർത്തകർ വീടുകൾ കയറിയുള്ള ജനസമ്പർക്ക പരിപാടികളും ഏറെ ഗുണം ചെയ്യുന്നുവെന്ന് അപു വ്യക്തമാക്കി

### കാർഷിക മേഖല

മാധ്യമങ്ങൾക്ക് ഇക്കാര്യത്തിൽ വളരെയധികം ചെയ്യുവാൻ സാധിക്കും. കാർഷിക രംഗത്ത് വിജയക്കൊടി പാറിച്ച നിരവധി ചെറുപ്പക്കാരുണ്ട്. അതിനെ പോസിറ്റീവായി അവതരിപ്പിക്കുവാൻ പലപ്പോഴും കഴിയാറില്ല. കൃഷിക്കാരനെ ഒരു സംരംഭകനാക്കി മാറ്റണം. ഒന്നിലധികം ആൾക്കാർ ഒരുമിച്ചു ചേർന്ന് ചെറിയചെറിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കണം. വിവിധ തരത്തിലുള്ള ഉല്പന്നങ്ങളെ വ്യത്യസ്ത രീതികളിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഒരു കർഷകമനസ്സിന്റെ ഉടമയായ അപുവിന് കാർഷിക മേഖലയുടെ വികസനം എപ്പോഴും ഒരു ആവേശമാണ്.

### വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് വളരെക്കുറിച്ച് പണമാണ് നമ്മൾ മുടക്കുന്നത്. എന്നാൽ, വിദേശത്തെ സ്കൂളുകളിൽ ചെറുപ്രായത്തിൽ തന്നെ പൗരബോധം വളർത്തുന്ന കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാറുണ്ട്. ജീവിതത്തിൽ ചെയ്യേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ അവരെ പഠിപ്പിക്കും.

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യണമെന്ന് അവർക്കറിയാം. നമ്മുടെ വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങൾ ഉണ്ടാകണം. അതിനുള്ള ശ്രമങ്ങൾ തുടരണം.

### പ്രതീക്ഷയോടെ യുഡിഎഫ്; കേരളത്തിൽ ഭരണം ഉണ്ടാകും

ഈ തെരഞ്ഞെടുപ്പിൽ യുഡിഎഫ് വൻ വിജയം നേടുമെന്നും കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ ജോസഫ് വിഭാഗം വലിയ മുന്നേറ്റം നടത്തുമെന്നും അപു ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. വാക്കിലെ സൗമ്യതയും നിലപാടിലെ വ്യക്തതയും ആരെയും വ്യക്തിപരമായി അധിക്ഷേപിക്കാത്ത പക്വതയും അപുവിനെ പ്രവർത്തകർക്കിടയിൽ സ്വീകാര്യനാക്കുന്നു.

തൊടുപുഴയുടെ വികസന നായകനായ പി.ജെ. ജോസഫിന്റെ പിൻഗാമിയായി അപു എത്തുമ്പോൾ വലിയ പ്രതീക്ഷയിലാണ് മണ്ഡലം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# ഇടുക്കിയുടെ വികസന നായകൻ: റോഷി അഗസ്റ്റിൻ

ഫീച്ചർ



ജോസ് കണിയാലി





കേരള രാഷ്ട്രീയത്തിലെ കരുത്തുറ്റ സാന്നിധ്യവും ഇടുക്കി മണ്ഡലത്തിന്റെ ജനപ്രിയ പ്രതിനിധിയുമാണ് ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തെത്തിയ അദ്ദേഹം കേരള കോൺഗ്രസ് (എം) പാർട്ടിയുടെ ജനറൽ സെക്രട്ടറിയായും മികച്ച പാർലമെന്റേറിയനായും പ്രവർത്തിക്കുന്നു. ഇടുക്കിയിൽ നിന്ന് തുടർച്ചയായി അഞ്ചുതവണ നിയമസഭയിലെത്തിയ റോഷി അഗസ്റ്റിൻ, ജില്ലയുടെ സമഗ്ര വികസനത്തിന് പുതിയ ദിശാബോധം നൽകിയ നേതാവാണ്.

### സമാനതകളില്ലാത്ത വികസന മുന്നേറ്റം

മന്ത്രിപദവിയിൽ ഇടുക്കിക്ക് ലഭിച്ച ആദ്യ പരിഗണനയുടെ ഫലമായി മൂവായിരത്തി ഇരുനൂറ്റി നാൽപ്പത്തിയേഴ് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് മണ്ഡലത്തിൽ നടന്നുവരുന്നത്. പ്രളയവും കോവിഡും തളർത്തിയ കാലഘട്ടത്തിൽ ജില്ലയെ കൈപിടിച്ചുയർത്താൻ അദ്ദേഹത്തിന് സാധിച്ചു. മെഡിക്കൽ കോളജ് മുതൽ മലയോര ഹൈവേ വരെ ഇടുക്കിയുടെ മുഖച്ഛായ മാറ്റിയ പദ്ധതികൾ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ യാഥാർത്ഥ്യമായി.

### ആരോഗ്യമേഖലയിലെ വിപ്ലവം

ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജ് ജില്ലയിലെ ആരോഗ്യരംഗത്ത് വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. പ്രതിവർഷം നൂറ് കുട്ടികൾക്ക് വീതം എംബിബിഎസ് പഠനം നടത്താൻ സൗകര്യമൊരുക്കിയതിനൊപ്പം അറുന്നൂറ്റി നാൽപ്പത്തിരണ്ട് കോടി രൂപയുടെ അത്യാധുനിക ചികിത്സാ സൗകര്യങ്ങളും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഡയാലിസിസ് സെന്റർ, വൈറോളജി ലാബ്, എംആർഐ സ്കാനിംഗ് തുടങ്ങിയ സംവിധാനങ്ങൾ സാധാരണക്കാർക്ക് വലിയ ആശ്വാസമാണ്.

### അടിസ്ഥാന സൗകര്യ വികസനവും ഗതാഗതവും

അന്താരാഷ്ട്ര നിലവാരത്തിലുള്ള കുട്ടിക്കാനം കട്ടപ്പന മലയോര ഹൈവേ ഇരുനൂറ്റി മുപ്പത്തിയഞ്ച് കോടി രൂപ ചെലവിൽ പൂർത്തിയാക്കി. കട്ടപ്പനയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള റിങ് റോഡും കിഫ്ബി വഴി നടപ്പിലാക്കുന്ന ചേലച്ചുവട് വണ്ണപ്പുറം റോഡും ഹൈറേഞ്ചിന്റെ യാത്രാദുരിതത്തിന് അറുതി വരുത്തുന്നു. മണ്ഡലത്തിലുടനീളം ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിലും വലിയ പുരോഗതിയാണുണ്ടായത്.

### കുടിവെള്ള പദ്ധതികളും ജലജീവൻ മിഷനും

ദാഹജലം ഓരോ വീട്ടിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ എഴുനൂറ്റി അറുപത്തിരണ്ട് കോടി രൂപയുടെ ജലജീവൻ മിഷൻ പദ്ധതി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള ഈ പദ്ധതി നിലവിൽ അന്തിമഘട്ടത്തിലാണ്. ഇടുക്കിയിൽ നിർമ്മാണം ആരംഭിച്ച ഇറിഗേഷൻ മ്യൂസിയം വിനോദസഞ്ചാര മേഖലയ്ക്കും മുതൽക്കൂട്ടാകും.

### വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ

കട്ടപ്പന ഗവൺമെന്റ് കോളജിന് ഇരുപത്തിനാല് കോടി രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിച്ചതും ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതും ഉന്നത വിദ്യാഭ്യാസ രംഗത്തെ വലിയ നേട്ടങ്ങളാണ്. മുപ്പത്തിനാല് കോടിയിലധികം രൂപ ചെലവഴിച്ച് മണ്ഡലത്തിലെ വിവിധ സ്കൂളുകളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തി. പുതിയ നേഴ്സിംഗ് കോളേജ് അനുവദിച്ചതും ജില്ലയിലെ വിദ്യാർത്ഥികൾക്ക് വലിയ അവസരങ്ങൾ നൽകുന്നു.

### സാമൂഹ്യ ക്ഷേമവും കരുതലും

ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന ശൈലിയാണ് റോഷി അഗസ്റ്റിന്റേത്. ജില്ലയിൽ നാൽപ്പത്തി അയ്യായിരത്തിലധികം പേർക്ക് പട്ടയം വിതരണം ചെയ്തതും ലൈഫ് മിഷനിലൂടെ എഴുപത്തിനാലായിരത്തിലധികം വീടുകൾ പൂർത്തിയാക്കിയതും ഇതിന് തെളിവാണ്. ലക്ഷത്തിലധികം പേർക്ക് ക്ഷേമ പെൻഷനുകൾ മുടങ്ങാതെ വീട്ടിലെത്തിക്കാനും സ്ത്രീ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാനും അദ്ദേഹത്തിന് സാധിച്ചു.

### ടൂറിസവും നവീകരണ പദ്ധതികളും


ഇടുക്കി ആർച്ച് ഡാമിലെ ലേസർ ഷോ, കോളപ്ര കുടയത്തൂർ ടൂറിസം പദ്ധതികൾ, മൾട്ടിപ്ലക്സ് തിയറ്റർ എന്നിവയിലൂടെ വിനോദസഞ്ചാര മേഖലയ്ക്ക് വലിയ ഉണർവ് നൽകി. കൂടാതെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പതിനൊന്ന് കോടി രൂപ അനുവദിച്ചു. ജനപ്രതിനിധി എന്ന നിലയിൽ മണ്ഡലത്തിന്റെ എല്ലാ മേഖലകളിലും സ്പർശിക്കുന്ന വികസന പ്രവർത്തനങ്ങളാണ് റോഷി അഗസ്റ്റിൻ വിഭാവനം ചെയ്യുന്നത്.

# ചരിത്രവഴികളിലെ സ്മരണ പുതുക്കാൻ ചിക്കാഗോ രൂപത പയനിയർ & സീനിയേഴ്സ് സംഗമം ഒരുക്കുന്നു

മാർട്ടിൻ വിലങ്ങോലിൽ

ചിക്കാഗോ: സീറോമലബാർ ചിക്കാഗോ രൂപതയുടെ ഇരുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെയും രജതജൂബിലി കൺവൻഷന്റെയും ഭാഗമായി രൂപതയുടെ വളർച്ചയ്ക്ക് അടിത്തറ പാകിയ പ്രഥമ പ്രവർത്തകരെയും മുതിർന്ന അംഗങ്ങളെയും ആദരിക്കുന്നതിനായി വിപുലമായ 'മഹാസംഗമം' സംഘടിപ്പിക്കുന്നു.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് ജൂലൈ 9, 10, 11, 12 തീയതികളിൽ ചിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന സീറോമലബാർ കൺവൻഷനിലാണ് ഈ സംഗമം. രൂപതയുടെ പ്രാരംഭകാലം മുതൽ സജീവമായി പ്രവർത്തിച്ചവരുടെ അനുഭവങ്ങളും സേവനങ്ങളും പുതുതലമുറയ്ക്ക് പകർന്നു നല്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സവിശേഷ കൂട്ടായ്മ ഒരുങ്ങുന്നത്.




രൂപതയുടെ ചരിത്രവഴികളിലെ സുപ്രധാനമായ ഈ സംഗമത്തിൽ വൈവിധ്യമാർന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അനുഗ്രഹ പ്രഭാഷണങ്ങൾ, അനുഭവ സമ്പന്നമായ അംഗങ്ങളുടെ ചർച്ചകൾ എന്നിവ ഈ സംഗമത്തിന്റെ പ്രധാന ആകർഷണമായിരിക്കും.

നമ്മുടെ ഇടവകകളും സമൂഹങ്ങളും കെട്ടിപ്പടുക്കുന്നതിനും രൂപകൽപ്പന ചെയ്യുന്നതിനും പ്രാരംഭഘട്ടത്തിൽ മുൻനിര പ്രവർത്തകർ നേരിട്ട വെല്ലുവിളികളെയും അവർ നൽകിയ വിലമതിക്കാനാകാത്ത സംഭാവനകളെയും കുറിച്ച് പ്രതിപാദിക്കുന്ന പ്രത്യേക അഭിമുഖങ്ങളും സിമ്പോസിയങ്ങളും ഈ അവസരത്തിൽ നടക്കും.

സീറോ മലബാർ ചിക്കാഗോ രൂപത വികാരി ജനറാൾ റവ. മോൺ. ജോൺ മേലേപ്പുറം, വികാരി ജനറാളും ചിക്കാഗോ കത്തീഡ്രൽ പള്ളി വികാരിയുമായ റവ. മോൺ തോമസ് കടുകപ്പള്ളിലും സംഘവുമാണ് ഈ ചർച്ചകൾക്കും സംവാദങ്ങൾക്കും നേതൃത്വം നൽകുന്നത്. ചരിത്രപരമായ പ്രാധാന്യമുള്ള ഈ സംഭാഷണങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോർഡ് ചെയ്ത് പിൽക്കാലത്തേക്കായി പ്രക്ഷേപണം ചെയ്യാനും സംഘാടകർ പദ്ധതിയിട്ടിട്ടുണ്ട്.




ഈ സുവർണ്ണാവസരത്തിൽ പയനീയർ, സീനിയേഴ്സ് വിഭാഗങ്ങളിൽ നിന്നുള്ള ബഹുമാനപ്പെട്ട വൈദികരും കന്യാസ്ത്രീകളും ഉൾപ്പെടെ പ്രായഭേദമന്യേ എല്ലാവരുടെയും സാന്നിദ്ധ്യം സംഘാടകർ അഭ്യർത്ഥിക്കുന്നു.

പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും അതിൽ സജീവമായി പങ്കുചേരുന്നതിനും താല്പര്യമുള്ള രൂപതയിലെ പ്രഥമപ്രവർത്തകരും മുതിർന്നവരും എത്രയും വേഗം കോ-ഓർഡിനേറ്റർമാരായ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി (847 636 0936/kottukappally@comcast.net), തോമസ് പുതുകുളം (847 924 8079) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

രജതജൂബിലി കൺവൻഷനിൽ പങ്കെടുക്കുന്ന എല്ലാ രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കും അതിഥികൾക്കും ഈ പരിപാടിയിൽ പ്രവേശനം ഉണ്ടായിരിക്കും.

# മെറ്റയ്ക്ക് 3524 കോടി രൂപ പിഴ

വാഷിങ്ടൺ: സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളായ ഇൻസ്റ്റഗ്രാമിലും ഫെയ്സ്ബുക്കിലും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ മാതൃകമ്പനിയായ മെറ്റ പരാജയപ്പെട്ടെന്നു കണ്ടെത്തി യുഎസ്. കോടതിയുടെ ചരിത്രത്തിൽ ലൈംഗികാതിക്രമം, മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്ക് ഇരകളാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ട കമ്പനിക്ക് ന്യൂ മെക്സിക്കോയിലെ സാന്റ ഫേ കോടതി 37.5 കോടി ഡോളർ (ഏകദേശം 3524 കോടി രൂപ) പിഴചുമത്തി.

ന്യൂമെക്സിക്കോ അറ്റോർണി ജനറൽ റൗൾ ടോറസ് 2023-ൽ മെറ്റയ്ക്കും സിഇഒ മാർക്ക് സക്കർബെർഗിനുമെതിരെ ഫയൽ ചെയ്ത കേസിലാണ് വിധി. സാമൂഹിക മാധ്യമങ്ങളിലെ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ആദ്യ കേസുകളിലൊന്നായിരുന്നു ഇത്.

കുട്ടികൾക്കൊരുക്കുന്ന സുരക്ഷയെക്കുറിച്ച് ഉപയോക്താക്കളെ മെറ്റ തെറ്റിദ്ധരിപ്പിച്ചെന്ന് ജൂറി കണ്ടെത്തി. ഇതുവഴി ന്യൂമെക്സിക്കോ സംസ്ഥാനത്തിന്റെ അൺഫെയർ പ്രാക്ടീസസ് നിയമം ലംഘിച്ചെന്നും വ്യക്തമാക്കി. മെറ്റയ്ക്കെതിരേ രംഗത്തുവന്ന മുൻ ജീവനക്കാരുടേതടക്കം 40 സാക്ഷികളുടെ മൊഴി കേട്ട ശേഷമാണ് വിധി.

വിധിക്കെതിരെ അപ്പീൽ നല്കുമെന്ന് മെറ്റ അറിയിച്ചു. സുരക്ഷ ഉറപ്പാക്കാൻ കഠിനമായി ശ്രമിക്കുന്നുണ്ടെന്നും മെറ്റ പറഞ്ഞു.

# ബൂത്തുകളിലെത്തുന്നത് 6 കോടിയുടെ പോളിങ് സാമഗ്രികൾ

തിരുവനന്തപുരം: ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും വിലയേറിയ അവകാശമായ വോട്ടിന്റെ രഹസ്യം ചോരാതിരിക്കാൻ ബൂത്തിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ മാത്രം പോരാ. റബർ ബാൻഡും പേനയും തീപ്പെട്ടിയും മെഴുകുതിരിയും മുതൽ വോട്ട് ചെയ്യുമ്പോൾ മറയ്ക്കുവാനുള്ള വോട്ടിങ് കംപാർട്മെന്റ് വരെ 28 സാമഗ്രികൾ വേറെയും വേണം. കേരളത്തിലെ 30,471 ബൂത്തുകളിലേക്കായി 6 കോടി രൂപയുടെ സാമഗ്രികളാണു പുതിയതായി എത്തുന്നത്. ആവശ്യകതയനുസരിച്ച് കലക്ടർമാർ പട്ടിക പ്രകാരം സ്റ്റേഷനറി വകുപ്പിന്റെ തിരുവനന്തപുരത്തെ സ്റ്റേഷനറി കൺട്രോൾ ഓഫീസിൽനിന്നാണു സാമഗ്രികൾ എല്ലാ കലക്ട്രേറ്റുകളിലും എത്തുന്നത്. ഇവിടെനിന്ന് ഉദ്യോഗസ്ഥർ ഏറ്റെടുക്കും.

തെരഞ്ഞെടുപ്പു കമ്മീഷന്റെ ഉത്തരവനുസരിച്ച് സ്റ്റേഷനറി വകുപ്പാണു ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയത്. ഏതാണ്ടെല്ലാം തന്നെ വാങ്ങിയത് ഇതര സംസ്ഥാനങ്ങളിൽനിന്ന്. മുൻ തെരഞ്ഞെടുപ്പുകൾക്ക് എത്തിച്ച കുറെയേറെ സാമഗ്രികൾ വിവിധ കളക്ട്രേറ്റുകളിൽ സ്റ്റോക്ക് ഉണ്ട്. ഇവ ഒഴികെയുള്ളതാണ് വാങ്ങിയത്.

ബൂത്തിൽ ഏറ്റവും ശ്രദ്ധ വേണ്ട കാര്യങ്ങളിലൊന്ന് വോട്ടിങ് മെഷീനും വോട്ടിങ് രേഖകളും സൂക്ഷ്മതയോടെ കവറിലാക്കി സീൽ ചെയ്തു വെയ്ക്കുക എന്നതാണ്. ഈ ആവശ്യത്തിന് മുഴുവൻ ബൂത്തുകൾക്കുമായി 1,40,320 മെഴുകുതിരികളും 35,080 തീപ്പെട്ടികളും 10,540 പാക്കറ്റ് സീലിങ് വാക്സുമാണ് വാങ്ങിയത്. എഴുതാനും തിരുത്താനുമായി പേനകൾ നീലയും ചുവപ്പും വെള്ളയുമുണ്ട്. ആകെ വാങ്ങിയത് 1,76,110 പേനകൾ. നൂൽ ആകെ 7,01,600 മീറ്ററുണ്ട്.

നൂലോ, കടലാസോ മുറിക്കണമെങ്കിൽ ബ്ലേഡ് 35,080 എണ്ണം. ഉദ്യോഗസ്ഥരുടെ കൈയിൽ മഷിപറ്റിയാൽ തുടയ്ക്കാൻ 100 ഗ്രം വീതം വരുന്ന 35,080 കോട്ടൺ പൊതികൾ.

# സുധ സ്റ്റീഫൻ അന്തരിച്ചു

ന്യൂഡൽഹി: മുൻ കേന്ദ്രമന്ത്രിയും ലോക്സഭയിൽ പ്രതിപക്ഷ നേതാവുമായിരുന്ന സി.എം. സ്റ്റീഫന്റെ മകൾ സുധ സ്റ്റീഫൻ ജേക്കബ് (69) അന്തരിച്ചു.

പിതാവിന്റെ മരണത്തിനു ശേഷം രാഷ്ട്രീയത്തിൽ സജീവമായി. യൂത്ത് കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള പദവികളിൽ പ്രവർത്തിച്ചു. പിന്നീടു സജീവ രാഷ്ട്രീയത്തിൽനിന്നു പിൻവാങ്ങിയെങ്കിലും സാമൂഹിക സാംസ്കാരിക വേദികളിൽ സജീവമായിരുന്നു. ഫിലിം സെൻസർ ബോർഡ് അംഗം, ഡൽഹി വൈഡബ്ല്യുസിഎ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ സേവന മനുഷ്ഠിച്ചിട്ടുണ്ട്.

പരേതനായ ബിനോയ് ജേക്കബ് പുകടിയിലാണു ഭർത്താവ്. മക്കൾ: നൗഷീൻ, യാരിദ്. മരുമക്കൾ: നിഹാൽ, കരിഷ്മ.


# മത്സരിക്കാൻ 890 സ്ഥാനാർത്ഥികൾ

തിരുവനന്തപുരം: സ്കൂൾ പരീക്ഷാക്കാലം കഴിഞ്ഞുവരുന്ന രാഷ്ട്രീയപ്പരീക്ഷയ്ക്കു തയ്യാറെടുത്ത് 890 സ്ഥാനാർത്ഥികൾ. നിയമസഭാ തെരഞ്ഞെടുപ്പിനു നാമനിർദേശപത്രികകൾ പിൻവലിക്കാനുള്ള സമയം അവസാനിച്ചതോടെയാണ് 140 മണ്ഡലങ്ങളിലേയും പോരാട്ട ചിത്രം തെളിഞ്ഞത്. ആകെ 1254 പേർ പത്രികകൾ സമർപ്പിച്ചെങ്കിലും സൂക്ഷ്മപരിശോധനയിൽ 269 പേരുടേത് തള്ളിയിരുന്നു. കോവിഡ് സാഹചര്യത്തിൽ നിയന്ത്രണങ്ങൾക്കിടെ നടന്ന 2021-ലെ തെരഞ്ഞെടുപ്പിൽ പോലും 957 പേർ മത്സരിക്കാൻ സന്നദ്ധരായിരുന്നു. 676 പേർ മത്സരിച്ച് യുഡിഎഫ് വിജയിച്ച 2001-ൽ മാത്രമാണ് ഇപ്പോഴത്തേക്കാൾ കുറവ് സ്ഥാനാർത്ഥികൾ സമീപകാലത്തുണ്ടായത്.

സ്ഥാനാർത്ഥികളുടെ എണ്ണപ്പെരുപ്പം കൊണ്ടു കൊടുവള്ളി മണ്ഡലമാണ് ഇത്തവണ മുന്നിൽ-13 പേർ. തിരുവനന്തപുരം, പേരാവൂർ, മഞ്ചേശ്വരം മണ്ഡലങ്ങളിൽ 11 പേർ മത്സരക്കളത്തിലുണ്ട്. നേമം, ചങ്ങനാശേരി, കളമശേരി, മണലൂർ, പേരാമ്പ്ര, കോഴിക്കോട് നോർത്ത്, കൽപ്പറ്റ, തളിപ്പറമ്പ് എന്നീ 8 മണ്ഡലങ്ങളിൽ 10 വീതം സ്ഥാനാർത്ഥികളുണ്ട്. ബാക്കി മണ്ഡലങ്ങളിലെല്ലാം 10-ൽ താഴെയാണ് എണ്ണം. ചവറ, കായംകുളം, നാട്ടിക, മാനന്തവാടി എന്നീ മണ്ഡലങ്ങളിൽ എണ്ണം കൊണ്ടും ത്രികോണപ്പോരാണ്.

മൂന്ന് മുന്നണി സ്ഥാനാർത്ഥികൾ മാത്രമാണ് ഇവിടെ മത്സരിക്കുന്നത്. ആകെ സ്ഥാനാർത്ഥികൾ 16-ൽ താഴെ ആയതിനാൽ ഒരു മണ്ഡലത്തിലും ഒന്നിൽ കൂടുതൽ ബാലറ്റ് യൂണിറ്റിന്റെ ആവശ്യമില്ല.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഫോമാ ഫാമിലി കൺവൻഷൻ ഏർളി ബേർഡ് രജിസ്ട്രേഷൻ മാർച്ച് 30–ന് അവസാനിക്കും

എ.എസ്. ശ്രീകുമാർ

ഹൂസ്റ്റൺ: ഫോമാ ഫാമിലി കൺവൻഷൻ രജിസ്ട്രേഷന് ആവേശകരമായ പങ്കാളിത്തമുണ്ടെന്നും ഏർളി ബേർഡ് രജിസ്ട്രേഷൻ മാർച്ച് 30–ന് അവസാനിക്കുമെന്നും പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു. നൂറ് അംഗസംഘടനകൾ തികച്ച് റെക്കോർഡ് സ്ഥാപിച്ച ഫോമാ അതിന്റെ 9–ാം നാഷണൽ കൺവൻഷനുള്ള വിപുലമായ തയ്യാറെടുപ്പുകളിലാണ്. 2008 -ൽ ഫോമാ പിറന്ന അതേ മണ്ണായ ഹൂസ്റ്റണിലാണ് മറ്റൊരു ഫാമിലി കൺവൻഷനു കൂടി തിരശ്ശീല ഉയരുന്നത്. ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡിയത്തിന് തൊട്ട് എതിർവശത്തുള്ള ഈ ആഡംബര ഹോട്ടൽ സമുച്ചയമായ വിൻധം ഹൂസ്റ്റണിൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് സംഘാടകർ.

കൾച്ചറൽ പ്രോഗ്രാം ഉൾപ്പെടെയുള്ള പരിപാടികൾ എല്ലാം പ്രൊഫഷണലായി നടത്തുന്നതിനുള്ള കമ്മിറ്റികളുടെ രൂപീകരണം പൂർത്തിയായിട്ടുണ്ടെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു. ചെണ്ടമേളത്തിന്റെ അകമ്പടിയിൽ കേരളത്തനിമയാർന്ന ഘോഷയാത്രയോടെയാണ് കൺവൻഷന് തുടക്കം കുറിക്കുക. തുടർന്ന് ഉദ്ഘാടന സമ്മേളനമാണ്. മെഗാ തിരുവാതിര, ഫാഷൻ ഷോ, ആവേശകരമായ മലയാളി മന്നൻ, മലയാളി മങ്ക മത്സരം, ഏവരും ഉറ്റുനോക്കുന്ന മിസ്റ്റർ ആൻഡ്


ബേബി മണക്കുന്നേൽ


ബൈജു വർഗീസ്


സിജിൽ പാലക്കലോടി


ഷാലു പുന്നൂസ്


പോൾ പി. ജോസ്


അനുപമ കൃഷ്ണൻ


സുബിൻ കുമാരൻ


ജോയി എൻ. സാമുവൽ

മിസ് ഫോമാ കോമ്പറ്റീഷൻ, പോരിന്റെ പര്യായമായ 56, 28 ചീട്ടുകളി, ശ്രദ്ധേയമായ ബിസിനസ് മീറ്റ്, വിജ്ഞാനം പകരുന്ന വിവിധ സെമിനാറുകൾ, വിമൻസ് സമ്മിറ്റ്, യൂത്ത് സമ്മിറ്റ്, അമേരിക്കയിൽ മികവ് തെളിയിച്ച കലാപ്രതിഭകൾ അണിനിരക്കുന്ന അടിപൊളി ഗാനമേള, മനംനിറഞ്ഞ് പൊട്ടിച്ചിരിക്കാൻ ചിരിയരങ്ങ് തുടങ്ങിയവ വിവിധ ദിനങ്ങളിൽ അരങ്ങേറും. ഓഗസ്റ്റ് ഒന്നാം തീയതി ശനിയാഴ്ച രാത്രി ബാങ്ക്വറ്റിനുശേഷം നടക്കുന്ന സ്റ്റേജ് ഷോയോടെ കൺവൻഷന് തിരശ്ശീല വീഴുമെന്ന് ബേബി മണക്കുന്നേൽ വിശദീകരിച്ചു.

മൂന്ന് രാത്രികളിലും നാല് പകലുകളിലുമായി നടക്കുന്ന കൺവൻഷനിൽ മൂവായിരംപേർക്ക് തിയേറ്റർ സ്റ്റൈലിലും രണ്ടായിരം പേർക്ക് ബാങ്ക്വറ്റ് സ്റ്റൈലിലും ഇരിക്കാവുന്ന ഓഡിറ്റോറിയമാണ് ഉള്ളത്. 1200 വാഹനങ്ങൾ പാർക്ക് ചെയ്യാൻ പറ്റുന്ന പാർക്കിങ് ലോട്ട് നമുക്കുവേണ്ടി റെഡിയാണ്. 800 മുറികളുള്ള ഹോട്ടലാണ് നേരത്തെ തന്നെ ബുക്ക് ചെയ്തത്. 1000 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന ഡൈനിങ് ഏരിയയുമുണ്ട്. വിമൻസ് ഫോറത്തിനും യൂത്തിനും വേണ്ടി പ്രത്യേക ഹാളുകളും ക്രമീകരിക്കും. മീഡിയയ്ക്കും മറ്റും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തും.

ഫോമായുടെ പ്രസിഡണ്ടുമാരെന്ന നിലയിൽ സ്തുത്യർഹമായി പ്രവർത്തിച്ച ഒൻപതു പേരും കൺവൻഷന്റെ വൻ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ തുടങ്ങിയവർ ഫാമിലി കൺവൻഷൻ സംബന്ധിച്ച വിവിധ കമ്മിറ്റികളുടെ തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കുന്നു. സുബിൻ കുമാരൻ കൺവൻഷൻ ചെയർമാനും ജോയി എൻ. സാമുവൽ ജനറൽ കൺവീനറുമാണ്.

# 'വിത്ത് മഹോത്സവം' ഒരുക്കി ഡാളസ് വിൻസെന്റ് ഡി പോൾ സൊസൈറ്റി





ജോക്കുട്ടി മേലേടത്ത്

ഡാളസ്: അനേകായിരങ്ങൾക്ക് കാരുണ്യത്തിന്റെ കൈനീട്ടം ഒരുക്കുന്ന ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക വിൻസെന്റ് ഡി പോൾ സൊസൈറ്റി 'വിത്ത് മഹോത്സവം' സംഘടിപ്പിച്ചു. വിവിധ കർഷകരുമായി സഹകരിച്ച് വിവിധതരം പച്ചക്കറി വിത്തുകൾ മുളപ്പിച്ച് ദൈവാലയത്തിൽ കൊണ്ടുവന്ന് നിശ്ചിത വിലയിൽ എല്ലാവർക്കും നല്ലയിനം വിത്ത് ഇനങ്ങൾ വാങ്ങാനുള്ള സൗകര്യം ഒരുക്കി. ഇതുവഴി ലഭിച്ച സമ്പാദ്യം മുഴുവൻ വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ സഹായം ചോദിച്ചുവന്ന ഏവർക്കുമായി നല്കുകയുണ്ടായി. ഇതുവഴി നോമ്പിൽ കാരുണ്യത്തിന്റെ കൈനീട്ടം ഒരുക്കുവാൻ സാധിച്ചു. ഏവരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഈ കാരുണ്യ പ്രവർത്തനത്തിന് പ്രസിഡണ്ട് റോയ് പൂത്തേട്ട് നേതൃത്വം നല്കി. വ്യത്യസ്തമായ ഈ പ്രവർത്തനശൈലിയെ ഇതിന്റെ ഉദ്ഘാടനം നിർവഹിച്ച കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ അഭിനന്ദിച്ചു.



# അരുന്ധതി റോയിക്ക് യുഎസിലെ ബുക്ക് ക്രിട്ടിക്സ് സർക്കിൾ പുരസ്കാരം

വാഷിങ്ടൺ: യുഎസിലെ നാഷണൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ നൽകുന്ന പുരസ്കാരങ്ങളിൽ ആത്മകഥാ വിഭാഗത്തിലെ മികച്ച കൃതിക്കുള്ള അവാർഡ് അരുന്ധതി റോയിയുടെ 'മദർ മേരി കംസ് ടു മി'ക്ക്. ഹാൻ കാങ്ങിന്റെ 'വി ഡു നോട്ട് പാർട്ട്' ഫിക്ഷൻ വിഭാഗത്തിലും കാരൻ ഹാവൊയുടെ 'എംപയർ ഓഫ് എഐ' നോൺ ഫിക്ഷൻ വിഭാഗത്തിലും പുരസ്കാരം നേടി. ന്യൂയോർക്ക് ആസ്ഥാനമായി 1974–ൽ സ്ഥാപിച്ച നാഷണൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ എണ്ണൂറിലധികം നിരൂപകരുടെയും എഡിറ്റർമാരുടെയും കൂട്ടായ്മയാണ്.

# മാലിന്യസംസ്കരണം ഇനി നാലുതരം

തിരുവനന്തപുരം: വീടുകളിലും സ്ഥാപനങ്ങളിലും ഏപ്രിൽ ഒന്നുമുതൽ മാലിന്യങ്ങൾ നാലായി തരംതിരിച്ചു സംസ്കരിക്കണം. ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യം, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യം, സാനിറ്ററി മാലിന്യം (നാപ്കിൻ, ഡയപ്പർ, ടിഷ്യൂ പേപ്പർ തുടങ്ങിയവ), പ്രത്യേക പരിചരണം ആവശ്യമുള്ള തടി, ചിരട്ട, ഇ വേസ്റ്റ്, ബയോ മെഡിക്കൽ, രാസവസ്തുക്കൾ പോലുള്ള മാലിന്യങ്ങൾ എന്നിങ്ങനെയാണു തരംതിരിക്കേണ്ടത്.

കേന്ദ്രസർക്കാരിന്റെ പരിഷ്കരിച്ച ഖരമാലിന്യ സംസ്കരണചട്ടങ്ങളും ഫെബ്രുവരി 19–ലെ സുപ്രീം കോടതി മാർഗനിർദേശങ്ങളും അടിസ്ഥാനമാക്കിയാണിത്. ഇവ നടപ്പാക്കാൻ ശുചിത്വമിഷൻ നിർദേശിച്ചു.

ഹോട്ടലുകൾ, വൻകിട സമുച്ചയങ്ങൾ, മാർക്കറ്റുകൾ, ബിസിനസ്–വ്യവസായ സ്ഥാപനങ്ങൾ എന്നിങ്ങനെ വൻതോതിൽ മാലിന്യം പുറന്തള്ളുന്ന സ്ഥാപനങ്ങളെ (ബൽക് വേസ്റ്റ് ജനറേറ്റേഴ്സ്) നിശ്ചയിക്കാൻ മൂന്ന് മാനദണ്ഡങ്ങളും പരിഷ്കരിച്ച ചട്ടത്തിലുണ്ട്. 20,000 ചതുരശ്ര മീറ്ററോ കൂടുതലോ തറവിസ്തീർണമുള്ള കെട്ടിടങ്ങൾ, പ്രതിദിനം 40,000 ലിറ്ററോ കൂടുതലോ വെള്ളം ഉപയോഗിക്കുന്നവർ, പ്രതിദിനം 100 കിലോഗ്രാമിൽ അധികം ഖരമാലിന്യം തള്ളുന്നവർ എന്നിവയിൽ ഏതെങ്കിലുമൊന്നു ബാധകമാകുന്നവരാണ് ഈ വിഭാഗത്തിൽ. അവർ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. മാലിന്യങ്ങൾ അംഗീകൃത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സംസ്കരിക്കണം.

# മായാജാല കാഴ്ചകളുമായി ഗോപിനാഥ് മുതുകാടും സംഘവും ഫൊക്കാന കൺവൻഷനിൽ


ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: നാല് വർഷങ്ങൾക്കു മുൻപ് അഴിച്ചുവെച്ച ഇന്ദ്രജാലക്കാരന്റെ കുപ്പായം ഗോപിനാഥ് മുതുകാട് ഒരിക്കൽക്കൂടി അണിയുന്നു. കാസർഗോട്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസ് എന്ന സ്ഥാപനത്തിന്റെ ധനസമാഹരണം മാത്രമാണ് ലക്ഷ്യം. മാജിക്കിൽ ആയിരങ്ങളെ അതിശയിപ്പിച്ച് മാജിക്കിന്റെ വിസ്മയലോകത്ത് അദ്ദേഹം സൃഷ്ടിക്കുന്ന മാജിക് വിസ്മയം വീണ്ടും പ്രവാസി മലയാളികൾക്കായി ഫൊക്കാന കൺവൻഷനിൽ അരങ്ങേറുമ്പോൾ അദ്ദേഹത്തിന്റെ ജാലവിദ്യകൾ ഒരിക്കൽക്കൂടി അനുഭവിച്ചറിയാനുള്ള അവസരമാണ് ലഭിക്കുന്നത്. ജാലവിദ്യാ പ്രകടനത്തിൽ കേരളത്തിന്റെ മുഖം എന്നു വിളിക്കാവുന്ന മജീഷ്യനാണ് ഗോപിനാഥ് മുതുകാട്. 1985 മുതൽ ഇന്നുവരെ സാഹസികവും അല്ലാത്തതുമായ നിരവധി മാജിക് പ്രകടനങ്ങളിലൂടെ കേരളത്തിന് അകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് ആസ്വാദകരെ അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട്.

മനുഷ്യസ്നേഹം കൊണ്ട് കൂടി മാജിക് കാണിക്കുന്ന വ്യക്തിയാണ് ഗോപിനാഥ് മുതുകാട്. മുതുകാട് തുടങ്ങിവെച്ച ഡിഫറന്റ് ആർട് സെന്റർ ഭിന്നശേഷിക്കാരായ നിരവധി കുട്ടികളുടെ അതിജീവനത്തിനാണ് സഹായകമാകുന്നത്. അതിലൂടെ ലഭിക്കുന്ന സന്തോഷം പ്രവചനാതീതമാണെന്ന് അദ്ദേഹം പറയാറുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തുപിടിച്ചുകൊണ്ട് അവർക്കായി ജീവിതം മാറ്റിവെച്ച് മഹാത്ഭുതം കാണിക്കുന്ന ഗോപിനാഥ് മുതുകാട് മനുഷ്യസ്നേഹത്തിന്റെ പര്യായമായി മാറുന്നു.

ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഡിഫറന്റ് ആർട് സെന്റർ, കാസർഗോട്ട് ആരംഭിക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതിക്കുള്ള ധനസമാഹരണത്തിനു വേണ്ടിയാണ് ഈ ഇന്ദ്രജാല പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. അമേരിക്കയിൽ ഓഗസ്റ്റിൽ നടത്തുന്ന മാജിക് ഷോയുടെ ആദ്യപ്രദർശനമാണ് ഫൊക്കാന കൺവൻഷന്റെ ആദ്യദിവസം അരങ്ങേറുന്നത്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസിന് ഫൊക്കാനയും എല്ലാവിധ സഹായസഹകരണങ്ങളും നല്കുവാനാണ് തീരുമാനം. മാജിക് ഷോയുമായി വരുന്ന ഗോപിനാഥ് മുതുകാട് ആൻഡ് ടീമിനെ അമേരിക്കൻ പര്യടനത്തിന് സ്പോൺസർ ചെയ്യുന്നതും ഫൊക്കാനയാണ് എന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി പറഞ്ഞു.

56 രാജ്യങ്ങളിലായി എണ്ണായിരത്തോളം മാജിക് ഷോകൾ നടത്തിയിട്ടുള്ള അദ്ദേഹം മാജിക് ജീവനും ജീവിതവുമായി ബന്ധപ്പെട്ട പലതരം കാഴ്ചകൾ കണ്ടയാളാണ്. മാജിക്കിൽ വളരെ സന്തോഷം കണ്ടിരുന്ന അദ്ദേഹം ഇനിയുള്ള ജീവിതം ജീവിക്കേണ്ടത് ഭിന്നശേഷി കുട്ടികൾക്കു വേണ്ടിയാണെന്ന തിരിച്ചറിവാണ് മാജിക്കിൽ നിന്നും മാറി നിൽക്കാനും ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തുപിടിച്ചുകൊണ്ട് അവർക്കായി ജീവിതംതന്നെ മാറ്റിവെച്ചു മുന്നോട്ടു പോകുവാനും തീരുമാനിച്ചത്. തന്റെ ജീവിതം തന്നെ ഒരു മഹാത്ഭുതം എന്ന് കാണിച്ചുകൊണ്ടിരിക്കുന്ന ഗോപിനാഥ് മുതുകാട് എന്ന മനുഷ്യസ്നേഹി ഏറ്റവും നല്ല മോട്ടിവേഷൻ സ്പീക്കറും ടിവി അവതാരകനും കൂടിയാണ്. പ്രൊഫഷണൽ മാജിക് അവസാനിപ്പിച്ച്, തന്റെ കുട്ടികൾക്കൊപ്പം നാലുവർഷം പിന്നിടുമ്പോൾ മുതുകാടിന് ഒരുപാട് അനുഭവങ്ങൾ പറയാനുണ്ട്. അതോടൊപ്പം തങ്ങളുടെ ജീവിതം തന്നെ മാറ്റിമറിച്ച നിരവധി ഭിന്നശേഷി കുട്ടികൾക്ക് അതിജീവിതത്തിന്റെ കഥകൾ നമ്മെ കണ്ണീരണിയിക്കും.




ഗോപിനാഥ് മുതുകാടിന്റെ വാക്കുകളിൽ "ആരും കാണാതെ കരയുന്ന, ജീവിതം തള്ളിനീക്കുന്ന എത്രയെത്ര മാതാപിതാക്കൾ നമ്മുടെ നാട്ടിൽ ഉണ്ടെന്നറിയാമോ? അവർക്കു വേണ്ടി പ്രവർത്തിക്കുമ്പോൾ കിട്ടുന്ന സന്തോഷത്തേക്കാൾ വലുത് ഒന്നുമില്ല. ഭൂമിയിൽ നന്മതിന്മകൾ സ്വാഭാവികമാണ്. നമ്മളാണ് തീരുമാനിക്കുന്നത് ഏതിനൊപ്പം പോകണമെന്ന്. എത്രമാത്രം നന്മയോടെ നമുക്ക് ജീവിക്കാൻ സാധിക്കുമോ അത്രമാത്രം സുന്ദരമായിട്ട് മരിക്കുകയും ചെയ്യാം."

## കൊടിമരപ്രതിഷ്ഠ; ക്രമക്കേടിനു തെളിവില്ലെന്ന് വിജിലൻസ്

കൊച്ചി: യുഡിഎഫ് ഭരണസമിതിയുടെ കാലത്ത് ശബരിമലയിൽ നടന്ന കൊടിമര പുനഃപ്രതിഷ്ഠയുമായി ബന്ധപ്പെട്ട ക്രമക്കേടിനു തെളിവില്ലെന്ന് വിജിലൻസ് ഹൈക്കോടതിയെ അറിയിച്ചു. ക്രമക്കേടും ദുരുപയോഗവും നടന്നുവെന്ന കേസിൽ അന്വേഷണം അവസാനിപ്പിക്കാൻ വിജിലൻസിന് ഹൈക്കോടതി അനുമതി നല്കി. കോടതി നിർദേശപ്രകാരം ഇതു സംബന്ധിച്ച് തിരുവനന്തപുരം വിജിലൻസ് പ്രത്യേക യൂണിറ്റ് പ്രാഥമികാന്വേഷണം നടത്തിയിരുന്നു. എന്നാൽ, ക്രമക്കേടിനു തെളിവില്ലെന്ന റിപ്പോർട്ടാണ് സമർപ്പിച്ചത്. ഇതാണ് കോടതി അംഗീകരിച്ചത്.

പുതിയ കൊടിമരം സ്ഥാപിക്കുന്നതിന് ഭക്തർ നല്കിയ സ്വർണത്തിന്റെ അളവിൽ ക്രമക്കേട് നടന്നതായി ആരോപണമുണ്ടായിരുന്നെങ്കിലും ക്രിമിനൽ ദുരുപയോഗമോ വിശ്വാസവഞ്ചനയോ നടന്നതായി കണ്ടെത്താനായിട്ടില്ലെന്നാണ് വിജിലൻസ് റിപ്പോർട്ടിലുള്ളത്. അന്ന് വിശ്വാസികൾ 412 ഗ്രാം സ്വർണം സംഭാവന നല്കിയെന്നാണ് ദേവസ്വം മഹസറിലുള്ളത്.

ഇവരെയെല്ലാം കണ്ട് വ്യക്തിപരമായി അന്വേഷണം നടത്തിയതിൽ ആകെ സംഭാവന നല്കിയ സ്വർണം 300 ഗ്രാം മാത്രമാണെന്നു കണ്ടെത്തിയതായി വിജിലൻസ് വ്യക്തമാക്കിയിരുന്നു. ഇതു പരിശോധിച്ചാണ് കൊടിമര വിഷയത്തിലെ അന്വേഷണം അവസാനിപ്പിക്കുന്നത്.

## മോഹൻലാലിന്റെ എഐ നിർമിത ദൃശ്യങ്ങൾ നീക്കം ചെയ്യാൻ ഉത്തരവ്

ന്യൂഡൽഹി: നടൻ മോഹൻലാലിന്റെ സമ്മതമില്ലാതെ അദ്ദേഹത്തിന്റെ പേര്, രൂപം, ശബ്ദം എന്നിവ ഉപയോഗിച്ചു നിർമിച്ച വീഡിയോകൾ സമൂഹമാധ്യമങ്ങളിൽനിന്നു നീക്കം ചെയ്യാൻ ഡൽഹി ഹൈക്കോടതി ഉത്തരവ്.

നിർമിതബുദ്ധി (ആർട്ടിഫിഷൽ ഇന്റലിജൻസ്) ഉപയോഗിച്ചു ലാലിന്റെ രൂപവും ശബ്ദവും സംയോജിപ്പിച്ചു (ക്ലോണിംഗ്) നിർമിച്ച പരസ്യങ്ങൾ നീക്കം ചെയ്യാൻ മെറ്റയ്ക്കും ഗൂഗിളിനും ഹൈക്കോടതി ജഡ്ജി ജ്യോതി സിംഗ് നിർദേശം നൽകി.

വ്യാജ വീഡിയോ അപ്‌ലോഡ് ചെയ്തവരുടെ വിവരങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ കൈമാറാൻ സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളോടു നിർദേശിച്ച കോടതി, കേസിൽ കൂടുതൽപേരെ പ്രതിചേർക്കുന്നതിനുള്ള അനുമതിയും നൽകി.

അനുവാദമില്ലാതെ പേര്, രൂപം, ശബ്ദം തുടങ്ങിയവ വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നു ചൂണ്ടിക്കാട്ടിയാണ് മോഹൻലാൽ ഡൽഹി ഹൈക്കോടതിയെ സമീപിച്ചത്. മോഹൻലാൽ നേരിട്ടു സംസാരിക്കുന്നതാണെന്നു തോന്നിപ്പിക്കുന്ന തരത്തിൽ ശബ്ദം കൃത്രിമമായി നിർമിച്ച് ഓൺലൈൻ ലോട്ടറികളും ലേണിംഗ് ആപ്പുകളും ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്നതായി പരാതിയിൽ ആരോപിച്ചിരുന്നു.

കൂടാതെ എഐ നിർമിതചിത്രങ്ങൾ ഉപയോഗിച്ചു ബോഡി ഷെയ്മിംഗ് നടത്തുന്നുവെന്ന ആരോപണവുമുണ്ട്.

മുമ്പ് ബോളിവുഡ് താരങ്ങളായ അനിൽ കപൂർ, അമിതാഭ് ബച്ചൻ, സോനാക്ഷി സിൻഹ തുടങ്ങിയവർ സമാന പരാതിയുമായി കോടതിയെ സമീപിച്ചിരുന്നു.



# പെസഹാ വ്യാഴാഴ്ച

എൽസി ബേബി

**ലോ**കമാകമാനമുള്ള ജനങ്ങൾ ജാതിമതഭേദമില്ലാതെ പെരുന്നാളുകളും ഉത്സവങ്ങളും ആഘോഷിക്കാറുണ്ട്. ഏതെങ്കിലും വിഷയങ്ങളുടെയോ സംഭവങ്ങളുടെയോ ഓർമ്മകൾക്കായിരിക്കാം അങ്ങനെയുള്ള പെരുന്നാളുകൾ ആഘോഷിക്കുന്നത്. എന്നാൽ വിശുദ്ധ വേദപുസ്തകത്തിൽ പരിശുദ്ധനായ ദൈവം താൻ തെരഞ്ഞെടുത്തു വേർതിരിച്ച ജനമായ യഹൂദന്മാർ അഥവാ യിസ്രായേൽ മക്കൾക്കു ആഘോഷിക്കുവാൻ ഏഴ് ഉത്സവങ്ങൾ അഥവാ പെരുന്നാളുകൾ നല്കിയതായി കാണുന്നു. അവയെല്ലാം വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന 'പെസഹാ' അഥവാ 'Pass Over' എന്ന പെരുന്നാളിനേക്കുറിച്ചാണ് നാം ചിന്തിക്കാനുദ്ദേശിക്കുന്നത്. കാരണം സുറിയാനി ക്രിസ്ത്യാനികളും തങ്ങളുടെ ഈസ്റ്റർ അഥവാ ഉയർപ്പിൻ തിരുനാൾ ആഘോഷിക്കുമ്പോൾ ഒരു 'പെസഹാവ്യാഴാഴ്ച'യും ആഘോഷിക്കാറുണ്ട്. 'പെസഹാ' പെരുന്നാളിന്റെ മാഹാത്മ്യം എന്താണെന്നു പഠിക്കുമ്പോൾ മാത്രമേ അത് എത്രയോ വിലയേറിയ ഒന്നാണെന്നു മനസ്സിലാകുകയുള്ളൂ. യഹൂദന്മാർക്കു ദൈവം കല്പിച്ചുകൊടുത്ത ഉത്സവമാണെങ്കിലും 'പെസഹാ' എന്നത് മാനവജാതിക്കെല്ലാം ഓർക്കുവാനും ആഘോഷിക്കുവാനും ഉതകുന്ന ആത്മിക സത്യം ഉൾക്കൊള്ളുന്നതാകകൊണ്ടും ഏഴ് ഉത്സവങ്ങളിൽ ഒന്നാമത്തെ ഉത്സവം എന്ന നിലയിലും 'പെസഹാ പെരുന്നാൾ' പ്രാധാന്യം അർഹിക്കുന്ന ഒന്നാകുന്നു.

ചരിത്രം പരിശോധിച്ചാൽ ഏകദേശം 3,500 വർഷങ്ങൾക്കു മുമ്പ് യിസ്രായേൽ ജനം ഈജിപ്തിൽ അടിമകളായി കഷ്ടപ്പെട്ട് ദൈവത്തോടു നിലവിളിച്ചപ്പോൾ ദൈവം അവരുടെ നിലവിളികേട്ട് മോശയേയും സഹോദരൻ അഹരോനേയും അയച്ച് ഈജിപ്തിൽ മഹാത്ഭുതങ്ങൾ പ്രവർത്തിച്ച് ഫറവോന്റെ ബലമുള്ള കൈക്കീഴിൽനിന്നും രക്ഷിച്ചു വിടുവിച്ചു വലിയൊരു സമൂഹമായിപുറപ്പെടുവിച്ച് അവരെ, അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും വാഗ്ദത്തം ചെയ്തതനുസരിച്ച് പാലും തേനും ഒഴുകുന്ന കനാലിൽ എത്തിച്ച കഥ വിശുദ്ധ വേദപുസ്തകത്തിലെ പ്രധാന സംഭവകഥയാകുന്നു. അടിമ നുകത്തിൻകീഴിൽ കിടന്ന യിസ്രായേലിനെ ഫറവോന്റെ കയ്യിൽനിന്നും വിടുവിക്കാനായി ഏകദേശം പത്ത് വേദനാജനകങ്ങളായ അത്ഭുതങ്ങൾ ചെയ്തിട്ടും ഫറവോൻ ഹൃദയം കഠിനമാക്കിയതിന്റെ ഫലമായി ഈജിപ്തിലെ മനുഷ്യരുടേയും മൃഗങ്ങളുടേയും കടിഞ്ഞൂൽകളെ കൊന്ന് ദൈവം തന്റെ ജനത്തെ ഉദ്ധരിക്കുകയാണുണ്ടായത്. പക്ഷേ, ഈ 'കടിഞ്ഞൂൽ സംഹാരത്തി'ൽനിന്നും രക്ഷപ്പെടാൻ ദൈവം അവർക്ക് ഒരു നിയമം നല്കിയിരുന്നു. അതായത് യഹൂദാകലണ്ടറിലെ ഒന്നാം മാസമായ ആബിസ് മാസം പത്താം തീയതി അതതു കുടുംബത്തിന് ഒരു ആട്ടിൻകുട്ടിവീതം അതും ഊനമില്ലാത്ത ഒരാൺകുട്ടിയെ എടുത്ത് പതിനാലാം തീയതിവരെ സൂക്ഷിക്കണം. സന്ധ്യായാമത്തിൽ ആ ആട്ടിൻകുട്ടിയെ അറുക്കേണം. അതിന്റെ രക്തം കുറെ എടുത്ത് തങ്ങൾ തിന്നുന്ന വീടുകളുടെ വാതില്ക്കൽ കട്ടിളക്കാൽ രണ്ടിന്മേലും, കുറുമ്പടിമേലും പുരട്ടേണം. അന്നു രാത്രി അവർ തീയിൽച്ചുട്ടതായ ആട്ടിൻകുട്ടിയുടെ മാംസം പുളിപ്പില്ലാത്ത അപ്പത്തോടും കൈപ്പുചീരയോടുംകൂടെ തിന്നേണം. ചുട്ടിട്ടല്ലാതെ പച്ചയായിട്ടോ വെള്ളത്തിൽ പുഴുങ്ങിയോ തിന്നരുത്. പിറ്റേന്നാൾ കാലത്തേക്ക് ഒട്ടും ശേഷിപ്പിക്കരുത്. അരകെട്ടിയും കാലിൽ ചെരിപ്പിട്ടും കയ്യിൽ വടിപിടിച്ചും കൊണ്ടുവേണം തിന്നുവാൻ. ഈ രാത്രിയിൽ സംഹാരദൂതൻ മിസ്രയിംദേശത്തൂടെ കടന്ന് മിസ്രയിം ദേശത്തുള്ള മനുഷ്യന്റേയും മൃഗത്തിന്റേയും കടിഞ്ഞൂലിനെഒക്കേയും സംഹരിക്കും. മിസ്രയിലിലെ സകല ദേവന്മാരിലും വിധിനടത്തും. അവർ പാർക്കുന്ന വീടുകളിൽ രക്തം അടയാളമായിരിക്കും. രക്തം കാണുമ്പോൾ സംഹാരദൂതൻ ഒഴിഞ്ഞുപോകും. ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കേണം. അവർ അത് ദൈവത്തിന് ഉത്സവമായി തലമുറയായി ആചരിക്കേണം". അന്നു രാത്രി സംഹാരദൂതൻ കടന്നുവന്ന് വലിയൊരു കടിഞ്ഞൂൽ സംഹാരം നടത്തി യിസ്രായേൽ ജനത ഈജിപ്തിൽനിന്നും പുറപ്പെട്ടുപോന്നു. സംഹാരദൂതൻ കടന്നുപോയതുകൊണ്ട് 'Pass over' എന്ന പേര് ഈ ഉത്സവത്തിനുണ്ടായി. ഇതാകുന്നു പെസഹാ പെരുന്നാളിന്റെ ഉത്ഭവകഥ. ഇതിലെ പ്രധാന നായകൻ ഊനമില്ലാത്ത ഒരാട്ടിൻകുട്ടിയും അതിന്റെ രക്തവുമാകുന്നു.



ലേഖിക

പ്രിയമുള്ളവരെ, ഇതു കേവലം ഒരു കഥയായി മാത്രം ചിത്രീകരിക്കാവതല്ല. യിസ്രായേൽ മക്കൾ മിസ്രയിയിൽ ഫറവോന്റെ അടിമനുകത്തിൻകീഴിൽ കിടന്നു കഷ്ടപ്പെട്ടതുപോലെ ഇന്ന് ലോകം പിശാചിന്റെ ഭരണത്തിൻ കീഴിൽ പാപാന്ധകാരത്തിൽ, പാപച്ചേറ്റിൽ കിടക്കുകയാകുന്നു. പാപത്തിന്റെ ശമ്പളമാകുന്ന നിത്യനരക ന്യായവിധിയിൽനിന്നും ലോകത്തെ ഉദ്ധരിപ്പാനായി ദൈവം താൻതന്നെ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിനെ നോക്കിക്കൊണ്ട് യോഹന്നാൻ സ്നാപകൻ വിളിച്ചു പറഞ്ഞത്, "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നായിരുന്നു. കർത്താവായ യേശുക്രിസ്തു കേവലം മനുഷ്യനായിരുന്നില്ല. പാപികളെ ഉദ്ധരിപ്പാൻ ദൈവത്താൽ അയക്കപ്പെട്ട ഊനമില്ലാത്ത ദൈവകുഞ്ഞാട്! ഒരു പാപവുംചെയ്യാത്ത, നിഷ്പാപിയായ ദൈവക്കുഞ്ഞാട് കാൽവരിക്രൂശിൽ ഒരകൃത്യയാഗമായി അറുക്കപ്പെട്ടത് നാം ഓരോരുത്തരേയും പാപത്തിന്റെ, പിശാചിന്റെ അടിമത്വത്തിൽനിന്നും വീണ്ടെടുക്കാൻ വേണ്ടിയായിരുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്തുവിനായി ജീവിതം സമർപ്പിച്ച പൗലൂസ് ശ്ലീഹാ പറഞ്ഞത് "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത്, വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനംതന്നേ. ആ പാപികളിൽ ഞാൻ ഒന്നാമൻ' എന്ന .... പത്രോസ്ശ്ലീഹായുടെ പ്രഖ്യാപനം ശ്രദ്ധിക്കുക, "വ്യർത്ഥവും, പിതൃപാരമ്പര്യവുമായ നിങ്ങളുടെ നടപ്പിൽനിന്നും നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളേക്കൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ!" യേശുക്രിസ്തുവിന്റെ രക്തത്താലല്ലാതെ പാപമോചനമില്ല.

ഞാനിത്രയും എഴുതാനുള്ള കാരണം. പൗരസ്ത്യ സുറിയാനി ക്രിസ്ത്യാനികൾ ഈസ്റ്റർ പ്രമാണിച്ച് 50 ദിവസത്തെ നോമ്പ് ആചരിക്കുന്നത് അനുകരിക്കത്തക്ക മാതൃകയാകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന ദൈവത്തിന്റെ പെസഹാകുഞ്ഞാട് അറുക്കപ്പെട്ടത് പെഹസാവ്യാഴാഴ്ചയാണെന്നും വെള്ളിയാഴ്ചയാണെന്നും പറയുന്നു. 'പെസഹാ വ്യാഴാഴ്ച' ആചരിക്കുമ്പോൾ നാം ഓർക്കേണ്ടത് നമുക്കുവേണ്ടി രക്തം ചിന്തി അറുക്കപ്പെട്ട ദൈവകുഞ്ഞാടിനെയാണല്ലോ ആണ്ടിലൊരിക്കൽ മാത്രമല്ല, ദിനംതോറും ഓർക്കുവാനും നന്ദിപറയുവാനും സ്തുതിസ്തോത്ര യാഗങ്ങൾ അർപ്പിച്ച് ആരാധിക്കുവാനും ഇടയാകട്ടെ. പാട്ടുകാരനോടു ചേർന്ന് ദിനം തോറും

"കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ

മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടരക്ഷണത്തിൽ

എൻസങ്കടങ്ങൾ സകലവും തീർന്നുപോയി

സംഹാരദൂതനെന്നെ കടന്നുപോയി..." എന്നു പാടി ആനന്ദിക്കുവാൻ ഈ ചിന്തകൾ സഹായമായി തീരട്ടെ! നമ്മുടെയൊക്കെ പാപപരിഹാരാർത്ഥം കാൽവരിക്രൂശിൽ യാഗമായി അറുക്കപ്പെട്ട ദൈവകുഞ്ഞാട് മരിച്ചു എങ്കിലും മരണത്തെ ജയിച്ചു കല്ലറകളെ ഭേദിച്ച് ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നു. ഈ ദൈവകുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം ആണ്ടിലൊരിക്കൽ അത് ഓർത്താൽ മതിയോ? ഇത്ര വലിയ രക്ഷ നമുക്കു ദാനമായിതന്ന ദൈവകുഞ്ഞാടിനെ ദിനംതോറും ഓർത്ത് അവന്റെ കല്പനകളെ പ്രമാണിച്ചു ജീവിക്കുന്നതാകുന്നു യഥാർത്ഥ പെസഹാ പെരുന്നാൾ!

## മൊബൈൽ ആപ്പുകൾക്ക് കേന്ദ്രത്തിന്റെ വിലക്ക്

ന്യൂഡൽഹി: ഡേറ്റ സുരക്ഷയും ദുരുപയോഗ ആശങ്കകളും മുൻ നിർത്തി കേന്ദ്രസർക്കാർ 652 മൊബൈൽ ആപ്ലിക്കേഷനുകൾ വിലക്കി. ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം അറിയിച്ചതാണിത്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് സർക്കാരിന്റെ വെളിപ്പെടുത്തൽ. രാജ്യത്തിന്റെ പരമാധികാരം, സുരക്ഷ, ക്രമസമാധാനം എന്നിവ കണക്കിലെടുത്താണ് നടപടി. ഓൺലൈൻ ഉള്ളടക്കത്തിലേക്കുള്ള ആക്സസ് നിയന്ത്രിക്കാൻ സർക്കാരിനെ അനുവദിക്കുന്ന ഐടി നിയമത്തിലെ സെക്ഷൻ 69എ പ്രകാരമാണു ഈ സൈറ്റുകൾ ബ്ലോക്ക് ചെയ്തതെന്നു സഹമന്ത്രി ജിതിൻ പ്രസാദ പറഞ്ഞു.

പക്ഷേ, അപ്പോഴും ഗാന്ധി ഉന്നയിച്ച നിരവധി ചോദ്യങ്ങൾക്ക് സർക്കാരിൽനിന്ന് ഉത്തരം ലഭിച്ചില്ല. ഏതൊക്കെ ചൈനീസ് ഉത്ഭവ ആപ്ലിക്കേഷനുകൾ റീ ബ്രാൻഡ് ചെയ്ത പതിപ്പുകളായി ഇന്ത്യയിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു തുടങ്ങിയ ചോദ്യങ്ങൾക്കും മന്ത്രി മറുപടി നൽകിയില്ല.

ബ്ലോക്ക് ചെയ്ത 652 ആപ്ലിക്കേഷനുകളിൽ എത്രയെണ്ണം ചൈനീസ് നിർമിതമാണെന്നും വ്യക്തമല്ല. 2020 ജൂൺ മുതൽ സോഷ്യൽ മീഡിയ, ഇ-കൊമേഴ്സ്, ഗെയിമിങ് തുടങ്ങിയ മേഖലകളിലായി 300-ലധികം ചൈനീസ് മൊബൈൽ ആപ്ലിക്കേഷനുകൾ ഇന്ത്യ നിരോധിച്ചിട്ടുണ്ടെന്ന് ചൈന ചൂണ്ടിക്കാട്ടുന്നു. 2025 ജൂലൈ 25-ന് നടന്ന വേൾഡ് ട്രേഡ് ഓർഗനൈസേഷൻ കൗൺസിൽ ഫോർ ട്രേഡ് ഇൻ സർവീസസ് മീറ്റിങ്ങിന്റെ മിനിറ്റ്സിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. 2020 ജൂണിൽ ഗാൽവാൻ വാലി സംഘർഷത്തിന് തൊട്ടുപിന്നാലെയാണ് ചൈനീസ് ആപ്പുകൾക്ക് ഇന്ത്യയിൽ നിരോധനം വന്നുതുടങ്ങിയത്. ഉപഭോക്തൃ ഡേറ്റ ശേഖരിക്കുന്ന ഇത്തരം ആപ്പുകൾ അവ ഇന്ത്യക്ക് പുറത്തുള്ള സെർവറുകളിലേക്ക് കൈമാറുന്നെന്ന ആശങ്കയെ തുടർന്നാണ് 59 ആപ്പുകൾ ബ്ലോക്ക് ചെയ്തതെന്ന് സർക്കാർ പിന്നീട് അറിയിച്ചു. ടിക്ടോക്ക്, പബ്ജി, വിചാറ്റ് അടക്കമുള്ള ആപ്പുകളാണ് അന്ന് നിരോധിച്ചത്. ഇന്ത്യ നിരോധിച്ച നിരവധി ചൈനീസ് ആപ്പുകൾ പിന്നീടും ആൻഡ്രോയിഡ്, ഐഒഎസ് ആപ്പ് സ്റ്റോറുകളിൽ പ്രത്യക്ഷപ്പെട്ടു. റീബ്രാൻഡ് ചെയ്തതോ മാറ്റം വരുത്തിയതോ ആയ പതിപ്പുകളാണ് ഇങ്ങനെ വന്നത്. ഇതിലും രാഹുൽ ഗാന്ധി ചോദ്യങ്ങളിലൂടെ ആശങ്കയും പങ്കുവെച്ചിരുന്നു.

## ദുരന്ത നിവാരണ ഫണ്ട് കേരളം വാങ്ങിയില്ലെന്ന് ധനമന്ത്രി

ന്യൂഡൽഹി: ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നനുവദിച്ച 311.95 കോടി രൂപ കേരളം വാങ്ങിയില്ലെന്ന് ലോക്സഭയിൽ ധനമന്ത്രി നിർമലാ സീതാരാമൻ വ്യക്തമാക്കി. അർഹമായ സഹായധനം നൽകാതെ കേന്ദ്രം ഞെരുക്കുന്നുവെന്ന് സംസ്ഥാനം ആരോപിക്കുമ്പോഴാണ് അനുവദിച്ച തുക വാങ്ങിയില്ലെന്ന മന്ത്രിയുടെ വെളിപ്പെടുത്തൽ.

കേന്ദ്രസഹായധനം അനുവദിക്കുന്നതിനും അതേറ്റെടുക്കുന്നതിനുമായി അപേക്ഷിക്കുന്നതും വെവ്വേറെയാണ്. അനുവദിച്ചാലും തുക നൽകണമെങ്കിൽ പ്രത്യേകം അപേക്ഷിക്കണം. അനുവദിച്ച തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂയെന്നും മന്ത്രി ചൂണ്ടിക്കാട്ടി. തമിഴ്നാടിനും കേന്ദ്രത്തിനുമുള്ള സഹായധനം വെട്ടിക്കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ നിന്നുള്ള കോൺഗ്രസ് അംഗം മണിക്കം ടാഗോർ ഉന്നയിച്ച ഉപ ചോദ്യത്തിനുള്ള മരുപടിയിലാണ് കേരളത്തിന്റെ ഉദാഹരണം മന്ത്രി എടുത്തു പറഞ്ഞത്. 311.95 കോടി രൂപയിൽ 72 കോടിയും വയനാട്ടിലെ ദുരന്ത ബാധിത മേഖലകളിലെ ആഘാതം ലഘൂകരിക്കാനുള്ള പദ്ധതിയ്ക്ക് നീക്കിവച്ചതാണ്. കേരളത്തിൽ കാട്ടു തീ നിയന്ത്രിക്കാനാണ് 17.73 കോടി. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതിക്കാണ് 222.22 കോടി. സംസ്ഥാനം അപേക്ഷിക്കുകയോ ആവശ്യപ്പെടുകയോ ചെയ്താലല്ലാതെ തുക അനുവദിക്കാനാവില്ലെന്നും മന്ത്രി വ്യക്തമാക്കി.

## 'ദ പാഷൻ ഓഫ് ദ ക്രൈസ്റ്റ്"; പശ്ചാത്തല സംഗീതം ലൈവ് കൊച്ചിയിൽ

കൊച്ചി: വിഖ്യാതമായ 'ദ പാഷൻ ഓഫ് ദ ക്രൈസ്റ്റ്' സിനിമയുടെ പശ്ചാത്തല സംഗീതം ലൈവ് ഓർക്കസ്ട്രയായി അവതരിപ്പിക്കുന്നു. കൊച്ചിൻ ചേംബർ ഓർക്കസ്ട്രയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ രണ്ടുവരെ കൊച്ചിയിലെ ഫൈൻ ആർട്സ് ഹാളിലാണ് അവതരണം. ഹൃദയസ്പർശിയായ സിനിമയിലെ പശ്ചാത്തല സംഗീതം അതിന്റെ പൂർണതയോടെ അനുഭവേദ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി ഒരുക്കുന്നതെന്ന് സംഘാടകർ പറഞ്ഞു. സിനിമയുടെ പ്രദർശനത്തിനൊപ്പം അമ്പതോളം കലാപ്രവർത്തകർ വ്യത്യസ്ത സംഗീതോപകരണങ്ങൾ ഉപയോഗിച്ച് തത്സമയം അതിലെ സംഗീതം അവതരിപ്പിക്കും. ദിവസവും വൈകുന്നേരം ആറിനാണ് അവതരണം. സംഗീതരംഗത്തെ പ്രഗത്ഭരുടെ കൂട്ടായ്മയായ കൊച്ചിൻ ചേംബർ ഓർക്കസ്ട്ര ശ്രദ്ധേയമായ പാശ്ചാത്യ സംഗീതപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

DOULOS BIBLICAL SEMINARY VECHOOCHIRA, RANNI

**DOULOS INT. MINISTRIES,INC.**
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG

'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി

# DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.





ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA

Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)

FOUNDER PRESIDENT



PR. DR. V. P. JOSE

PRINCIPAL



PR. DR. JOHN. K. MATHEW

VICE. PRINCIPAL



PR. ANIL KODITHOTTAM

DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath

26 YEARS IN CHRISTIAN MINISTRY

CONTACT: +91 916460 3370
OVERSEAS +966-508577968 +91 949595 4289

# Grace CONVENTION CENTER
Punnamoodu, Mavelikara




DESTINATION Wedding Package in KERALA
**Rate : $ 25,000 /- (Dollars Only)**
(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING, |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000 +91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us

# കേരളത്തിൽ ആര് ജയിക്കും, ആരു വീഴും; ചിക്കാഗോയിൽ പ്രവാസി മലയാളികളുടെ ചൂടേറിയ ചർച്ച

ചിക്കാഗോ: ഇഞ്ചോടിഞ്ച് പോരാട്ടം നടക്കുന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിന്റെ വീറും വാശിയും വെളിവാക്കി ചൂടേറിയ വാഗ്വാദങ്ങളും സംവാദങ്ങളുമായി ചിക്കാഗോയിൽ തെരഞ്ഞെടുപ്പു ചർച്ച നടന്നു. സണ്ണി വള്ളിക്കളം സ്വാഗതവും ജോർജ് പണിക്കർ ആമുഖപ്രസ്താവനയും നടത്തി. മാധ്യമപ്രവർത്തകൻ കുര്യൻ ഫിലിപ്പ് മോഡറേറ്റർ ആയിരുന്നു.



സെന്റ് മേരീസ് ക്നാനായ ചർച്ചിൽ നടന്ന ചൂടേറിയ ചർച്ചയിൽ നിരവധി ആളുകൾ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തി. പിണറായി വിജയൻ സർക്കാരിന്റെ കഴിഞ്ഞ പത്ത് വർഷത്തെ ഭരണനേട്ടങ്ങളെ പ്രകീർത്തിച്ചുകൊണ്ട് എൽഡിഎഫ് വീണ്ടും അധികാരത്തിൽ എത്തുമെന്ന് പീറ്റർ കുളങ്ങര, സ്റ്റാൻലി കളരിക്കമുറിയിൽ, ജോൺ പാട്ടപതി തുടങ്ങിയവർ നേതൃത്വം നല്കിയ ഇടതുപക്ഷ ആഭിമുഖ്യം പുലർത്തുന്ന ടീം അഭിപ്രായം രേഖപ്പെടുത്തിയപ്പോൾ ആരോഗ്യമേഖല ഉൾപ്പെടെ കേരളത്തിലെ സമസ്ത മേഖലകളിലും ജനജീവിതം ദുസ്സഹമായെന്നും അഹങ്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും വാക്കുകളിലൂടെ ജനങ്ങളെ അടിമകളാക്കി ഇനി മുന്നോട്ടു പോകുവാൻ പിണറായി സർക്കാരിനെ ജനം അനുവദിക്കുകയില്ല എന്നും യുഡിഎഫിനോട് ആഭിമുഖ്യമുള്ള ടീം അഭിപ്രായപ്പെട്ടു.

**കുര്യൻ ഫിലിപ്പ്**

സതീശൻ നായർ, ജോഷി വള്ളിക്കളം, ജോർജ് പണിക്കർ, ഷിബു മുളയാനിക്കുന്നേൽ, സണ്ണി വള്ളിക്കളം എന്നിവർ നേതൃത്വം നല്കിയ ഐക്യ ജനാധിപത്യ മുന്നണിയുടെ അനുഭാവികൾ ഒരു മാറ്റത്തിനു വേണ്ടി വീറോടെ വാദിച്ചു.

എന്നാൽ, കഴിവുള്ള ചെറുപ്പക്കാരെ മുന്നണികൾ വിജയിപ്പിച്ചെടുത്ത് കേരള വികസനത്തിനു മുൻതൂക്കം കൊടുക്കണമെന്ന് സ്വതന്ത്ര ചിന്താഗതിയുള്ള ഫൊക്കാന നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസും സംഘവും ആവശ്യപ്പെട്ടു. പ്രവാസി മലയാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്ന ഒരു ഭരണകൂടം കേരളത്തിൽ ഉണ്ടാകണമെന്നും ഇവർ ആവശ്യപ്പെട്ടു.



ജോർജ് ജോസഫ് കൊട്ടുകാപ്പള്ളിൽ, ഡൊമിനിക് ചൊള്ളമ്പേൽ, ജോസ് ഞാറവേലി, ജിതേഷ് ചുങ്കത്ത്, ലിൻസ് താന്നിച്ചുവട്ടിൽ, ജോർജ് മാത്യു തുടങ്ങി നിരവധി പേർ സജീവമായി ചർച്ചയിൽ പങ്കെടുത്തു.

**ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ**

# കോളജ് അദ്ധ്യാപകരുടെ പെൻഷൻ കുടിശിക നൽകാതിരിക്കാൻ പറ്റില്ലെന്ന് കോടതി

കൊച്ചി: വിരമിച്ച കോളജ് അദ്ധ്യാപകർക്ക് ഏഴാം യുജിസി പരിഷ്കരണ പ്രകാരമുള്ള പെൻഷൻ കുടിശിക നൽകാൻ പണമില്ലെന്നു സർക്കാർ. നൽകാതിരിക്കാനാവില്ലെന്നു ഹൈക്കോടതി.

കോടതി ഉത്തരവ് പാലിക്കാത്തതിനെതിരേ ചീഫ് സെക്രട്ടറിയടക്കം ഉദ്യോഗസ്ഥർക്കെതിരെ കോടതയലക്ഷ്യ നടപടിയുമായി ഹൈക്കോടതി മുന്നോട്ട്.

ഉത്തരവ് നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും പ്രഥമദൃഷ്ട്യാ കോടതിയലക്ഷ്യമുണ്ടെന്നും വിലയിരുത്തി. ചീഫ് സെക്രട്ടറിമാർ, ധനകാര്യ, ഉന്നത വിദ്യാഭ്യാസ സെക്രട്ടറിമാർ, കോളജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് കോടതിയലക്ഷ്യ നോട്ടീസ് അയച്ചു.

2024-ലെ കോടതി ഉത്തരവ് നടപ്പാക്കാത്തതിനെതിരെ റിട്ട. അദ്ധ്യാപകരായ ഡോ. പി.വി. ശ്രീനിവാസൻ, പി.കെ. മോഹനരാജ് എന്നിവരടക്കം നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണ് ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് എസ്. മുരളീകൃഷ്ണ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ നടപടി. മെയ് 19-ന് മുമ്പ് വിശദീകരണം നൽകാനാണ് നിർദേശം.

2016 ജനുവരി ഒന്നു മുതലുള്ള കുടിശികയാണുള്ളത്. ഹർജിക്കാർക്കുള്ള കുടിശിക വിതരണം ചെയ്താൽ സമാനമായ മറ്റ് വകുപ്പുകളിലും നൽകേണ്ടി വരുമെന്നും 2500 കോടി രൂപയുടെ അധികബാദ്ധ്യതയുണ്ടാകുമെന്നുമാണ് കേരള സർക്കാർ കോടതിയെ അറിയിച്ചത്. അതിനു സാമ്പത്തിക സ്ഥിതിയില്ലെന്നും കേന്ദ്രസഹായം ലഭിക്കുന്നില്ലെന്നും ധനകാര്യ അഡീ. ചീഫ് സെക്രട്ടറി വിശദീകരിച്ചു.

എന്നാൽ സാമ്പത്തിക പ്രതിസന്ധി കോടതി വിധി നടപ്പാക്കാതിരിക്കാനുള്ള കാരണമല്ലെന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. സുപ്രീം കോടതി ശരിവെച്ച വിധി നടപ്പാക്കുന്നതിൽനിന്ന് ഇത്തരം വാദങ്ങൾ ഉന്നയിച്ച് ഒഴിഞ്ഞുമാറുന്ന നടപടി ഗൗരവത്തോടെ കാണേണ്ടി വരും.

മാത്രമല്ല, വിധി നടപ്പാക്കാനുള്ള കൃത്യമായ സമയപരിധി പോലും സർക്കാർ കൃത്യമായി അറിയിച്ചിട്ടില്ലെന്നും കോടതി പറഞ്ഞു.


# ഒരു Will ഉണ്ടെങ്കിൽ Probate ഒഴിവാക്കാമോ?




അമേരിക്കയിൽ താമസിക്കുന്ന പലർക്കും ഒരു പൊതുവായ ധാരണയുണ്ട്. 'ഒരു Will ഉണ്ടെങ്കിൽ എല്ലാം സേഫ്, Probate ഒന്നും വരില്ല.'

പക്ഷേ, യാഥാർത്ഥ്യം അതല്ല. ചുരുക്കത്തിൽ പറഞ്ഞാൽ - ഒരു Will മാത്രം ഉണ്ടെങ്കിൽ Probate ഒഴിവാക്കാൻ കഴിയില്ല.

**Last Will എന്താണ് ചെയ്യുന്നത്?**

Last Will എന്നത് നിങ്ങളുടെ ആഗ്രഹങ്ങൾ രേഖപ്പെടുത്തുന്ന ഒരു രേഖയാണ്. അതിലൂടെ നിങ്ങൾക്ക് പറയാം:

* നിങ്ങളുടെ സ്വത്തുക്കൾ ആർക്കു നല്കണം.
* നിങ്ങളുടെ കുട്ടികളെ ആരാണ് നോക്കേണ്ടത്
* നിങ്ങളുടെ കാര്യങ്ങൾ ആരാണ് കൈകാര്യം ചെയ്യുന്നത്.

**Will ഉണ്ടായാലും എന്തു സംഭവിക്കും?**

ഒരു വ്യക്തി മരിച്ചാൽ Will ഉണ്ടെങ്കിലും

* അത് പ്രൊബേറ്റ് കോടതിയിലേക്ക് പോകണം.
* കോടതി അത് പരിശോധിക്കും
* കാര്യങ്ങൾ തീരാൻ സമയം എടുക്കും (6 മാസം മുതൽ രണ്ട് വർഷം വരെ)
* ചെലവും ഉണ്ടാകും
* നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ പബ്ലിക് ആയി മാറും.

അതിനാൽ Will ഉണ്ടെങ്കിലും കുടുംബകോടതി നടപടികളിലൂടെ (Probate) പോകേണ്ടിവരും.

**പിന്നെ Probate ഒഴിവാക്കാൻ എന്ത് ചെയ്യാം?**

ഇവിടെയാണ് ശരിയായ പ്ലാനിംഗ് പ്രധാനമാകുന്നത്. Probate ഒഴിവാക്കാനുള്ള മികച്ച മാർഗ്ഗം Revocable Living Trust തയ്യാറാക്കുക.

**Living Trust ഉണ്ടെങ്കിൽ എന്ത് മാറ്റം?**

ഒരു Living Trust ഉണ്ടെങ്കിൽ

* കോടതിയിൽ പോകേണ്ടതില്ല
* സ്വത്തുക്കൾ നേരിട്ട് കുടുംബത്തിനു ലഭിക്കും
* സ്വകാര്യത സംരക്ഷിക്കാം
* സമയവും ചെലവും കുറയും

നിങ്ങളുടെ കുടുംബത്തിന് ബുദ്ധിമുണ്ട് ഉണ്ടാകാതിരിക്കാനാണ് എസ്റ്റേറ്റ് പ്ലാനിംഗ്. ശരിയായ തീരുമാനം എടുത്താൽ, ഭാവിയിൽ വലിയ പ്രശ്നങ്ങൾ ഒഴിവാക്കാം.

**For more information-Joms Mathew, Certified Estate Planner.**

**Office: (734) 487 7814, Cell-248 467 7937**


# എം.കെ. ജെയിംസ് മണപ്പള്ളിൽ അന്തരിച്ചു



മാഞ്ഞൂർ: മണപ്പള്ളിൽ (മരങ്ങാട്ടിൽ) എം.കെ. ജെയിംസ് (കുഞ്ഞുമോൻ-83) അന്തരിച്ചു. ഭാര്യ മാഞ്ഞൂർ സൗത്ത് മരങ്ങാട്ടിൽ ത്രേസ്യാമ്മ.

മക്കൾ: ടിജ സിറിയക് (യുഎസ്), ജോർജ് ജെയിംസ്. മരുമകൻ: യൂത്ത് ഫ്രണ്ട് എം സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ അരീക്കര (തൊടുപുഴ എൽഡിഎഫ് സ്ഥാനാർത്ഥി).

# 2.38 ലക്ഷം കോടിയുടെ പ്രതിരോധ കരാറിന് അംഗീകാരം

ന്യൂഡൽഹി: സേനകൾക്കായി 2.38 ലക്ഷം കോടി രൂപയുടെ വമ്പൻ പ്രതിരോധ ഇടപാടുകൾക്കു പച്ചക്കൊടി. ഇന്ത്യയുടെ സൈനികശേഷിയുടെയും ആയുധശക്തിയുടെയും കരുത്തുകൂട്ടുകയാണു ലക്ഷ്യം. പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഡിഫൻസ് അക്വിസിഷൻ കൗൺസിൽ (ഡിഎസി) യോഗമാണ് അംഗീകാരം നൽകിയത്.

ഇതിനൊപ്പം വ്യോമപ്രതിരോധ, സമുദ്ര നിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കാൻ 858 കോടി രൂപയുടെ കരാറുകളിൽ പ്രതിരോധമന്ത്രാലയം ഒപ്പുവെക്കുകയും ചെയ്തു. റഷ്യയിൽനിന്ന് തുങ്കുസ്ക വ്യോമപ്രതിരോധ മിസൈൽ സംവിധാനം വാങ്ങാനുള്ള 445 കോടി രൂപയുടെ കരാറും നാവികസേനയുടെ പി-81 സമുദ്രനിരീക്ഷണ വിമാനങ്ങളുടെ ഡിപ്പോ-ലെവൽ പരിശോധനയ്ക്കായി ബോയിങ് ഇന്ത്യ ഡിഫൻസ് പ്രൈവറ്റ് ലിമിറ്റഡുമായുള്ള 413 കോടി രൂപയുടെ കരാറും ഇതിൽ ഉൾപ്പെടുന്നു.

കര, വ്യോമ, നാവികസേനകൾക്ക് ആധുനിക ആയുധങ്ങളും ഇതര സംവിധാനങ്ങളും ഉറപ്പാക്കാൻ ലക്ഷ്യമിടുന്ന ശിപാർശകൾക്കാണ് ഡിഎസി അനുമതി നൽകിയത്. ഇന്ത്യയുടെ പ്രതിരോധ മുന്നൊരുക്കങ്ങൾക്കു കരുത്തുകൂട്ടുന്നതാണു തീരുമാനമെന്ന് പ്രതിരോധമന്ത്രി രാജ്നാഥ്സിങ് എക്സിൽ കുറിച്ചു. സേനയ്ക്കായി എയർ ഡിഫൻസ് ട്രാക്ഡ് സിസ്റ്റം, ആർമേഡ് പിയേഴ്സിങ് ടാങ്ക് വെടിമരുന്ന്, ഉയർന്ന ശേഷിയുള്ള റേഡിയോ റിലേ, ധനുഷ് തോക്ക് സംവിധാനം, റൺവേ ഇൻഡിപെൻഡന്റ് ഏരിയൽ നിരീക്ഷണ സംവിധാനം എന്നിവയ്ക്ക് അംഗീകാരം നൽകി. ഇതോടെ നടപ്പുസാമ്പത്തിക വർഷം അംഗീകാരം നൽകിയതോ കരാറുകളിൽ ഏർപ്പെട്ടതോ ആയ പ്രതിരോധ ഇടപാടുകൾ പുതിയ തലത്തിലെത്തിയതായും രാജ്നാഥ് സിങ് വ്യക്തമാക്കി.

യുദ്ധമുഖത്തെ ഫലപ്രാപ്തിയും പ്രവർത്തനക്ഷമതയും കൂടുതൽ മെച്ചപ്പെടുത്താൻ ഉതകുന്നതാണു നീക്കം. കരസേനയ്ക്കായി തത്സമയ വ്യോമ പ്രതിരോധ നിയന്ത്രണവും റിപ്പോർട്ടിങ്ങും ഉറപ്പാക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്നതാണ് എയർ ഡിഫൻസ് ട്രാക്ഡ് സിസ്റ്റം. വിശ്വസനീയവും സുരക്ഷിതവുമായ ആശയവിനിമയം ഉറപ്പാക്കാനുള്ള ഉയർന്ന ശേഷിയുള്ള റേഡിയോ റിലേ സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ദീർഘദൂര പീരങ്കി ആക്രമണത്തിനു കൃത്യതയും ശേഷിയും വർധിപ്പിക്കുന്നതാണ് ധനുഷ് ഗൺ സിസ്റ്റം. ഇതിനുപുറമേ വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ മികച്ച രഹസ്യാന്വേഷണ, നിരീക്ഷണം സാധ്യമാക്കുന്ന റൺവേ ഇൻഡിപ്പെൻഡന്റ് ഏരിയൽ നിരീക്ഷണ സംവിധാനത്തിനും ഡിഎസി അംഗീകാരം നൽകിയിട്ടുണ്ട്. വ്യോമസേനയ്ക്ക് മീഡിയം ട്രാൻസ്പോർട്ട് എയർക്രാഫ്റ്റുകൾ വാങ്ങാനുള്ള ശിപാർശയ്ക്കും അംഗീകാരം ലഭിച്ചു. ഇതിനൊപ്പം സുപ്രധാന മേഖലകളിൽ നവീകരണവും സാധ്യമാക്കും. കാലപ്പഴക്കത്തിന്റെ പിടിയിലായ എ.എൻ-32, ഐഎൽ-76 ഫ്ളീറ്റുകൾ ഒഴിവാക്കും.

തന്ത്രപ്രധാന മേഖലകളെ ലക്ഷ്യമാക്കുന്ന വ്യോമഭീഷണികൾ നേരിടാൻ റഷ്യൻ നിർമിത എസ്-400 ദീർഘദൂര ഭൂതല-വ്യോമ മിസൈൽ സംവിധാനം വാങ്ങാനും അനുമതി നൽകി. ആക്രമണശേഷിക്കു കരുത്തുകൂട്ടാനുള്ള റിമോട്ട്ലി പൈലറ്റഡ് സ്ട്രൈക്ക് എയർക്രാഫ്റ്റുകളും അംഗീകാരം ലഭിച്ചവയിൽ ഉൾപ്പെടുന്നു. തീരരക്ഷാ സേനയ്ക്കുവേണ്ടി ഹെവി ഡ്യൂട്ടി എയർ കുഷ്യൻ വാഹനങ്ങൾ വാങ്ങും. തീര നിരീക്ഷണം, പരിശോധന, രക്ഷാദൗത്യങ്ങൾ ഉൾപ്പെടെയുള്ളവ കൂടുതൽ വേഗത്തിലാക്കാനും കാര്യക്ഷമത വർധിപ്പിക്കാനും ഇതിലൂടെ സാധിക്കും.

2025-26 സാമ്പത്തികവർഷം പ്രതിരോധ രംഗത്തെ 6.73 ലക്ഷം കോടി രൂപയുടെ 55 ശിപാർശകൾക്ക് ഇതിനോടകം ഡി.എ.സി. അംഗീകാരം നൽകിയതായി രാജ്നാഥ് സിങ് വ്യക്തമാക്കി.

## ഗൾഫിലെ ഭക്ഷ്യസുരക്ഷ: സഹായം നൽകി കേന്ദ്രസർക്കാർ

ന്യൂഡൽഹി: പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിലെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ സഹായങ്ങളും കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയും തമ്മിലുള്ള കൂടിക്കാഴ്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ലോക്കല്യാൺ മാർഗിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലായിരുന്നു കൂടിക്കാഴ്ച.യുദ്ധസാഹചര്യം ജിസിസി രാജ്യങ്ങളിലെ ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയെ ബാധിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും ലുലു ഗ്രൂപ്പ് സ്വീകരിച്ചിട്ടുണ്ടെന്നു യൂസഫലി വിശദീകരിച്ചു. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽനിന്നു ദിവസേന പ്രത്യേക വിമാനത്തിലും കപ്പലുകളിലും ഭക്ഷ്യസാമഗ്രികൾ എത്തിക്കുന്നുണ്ട്. ഇതിനോടകം 15,000 ടൺ ഭക്ഷ്യവസ്തുക്കൾ ഗൾഫ് രാജ്യങ്ങളിൽ എത്തിച്ചതായും അദ്ദേഹം അറിയിച്ചു.

## ട്രാൻസ്ജെൻഡർ ഭേദഗതി ബിൽ: പ്രതിഷേധം ശക്തം




ട്രാൻസ്ജെൻഡർ ബില്ലിനെതിരെ ഡൽഹിയിൽ നടന്ന പ്രതിഷേധത്തിൽ കേരളത്തിൽ നിന്നെത്തിയ പ്രവർത്തകർ അണിനിരന്നപ്പോൾ.

ന്യൂഡൽഹി: ട്രാൻസ്ജെൻഡർ ഭേദഗതി ബില്ലിനെതിരെ പ്രതിഷേധം ശക്തമാകുന്നു. ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ജന്തർ മന്തറിൽ നടന്ന ധർണയിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്ന് ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു. പ്രതിഷേധസൂചകമായി ബില്ലിന്റെ പകർപ്പുകൾ സമരക്കാർ കത്തിച്ചു. ഇതിനു പിന്നാലെ, ദേശീയ ട്രാൻസ്ജെൻഡർ കൗൺസിൽ അംഗങ്ങളായ കൽക്കി സുബ്രഹ്മണ്യം, ഋതുപർണ നിയോഗ് എന്നിവർ കേന്ദ്ര സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് രാജിവെച്ചു. ദക്ഷിണേന്ത്യയിൽനിന്നുള്ള ഏക പ്രതിനിധിയായിരുന്നു കൽക്കി.

ട്രാൻസ്ജെൻഡർ വ്യക്തിത്വം സ്വീകരിക്കാൻ നിർബന്ധിക്കുന്നതിനും ചൂഷണങ്ങൾക്കും ഭേദഗതിയിൽ കടുത്ത ശിക്ഷ നിർദേശിക്കുന്നുണ്ടെങ്കിലും ഇവ നിലവിലുള്ള നിയമങ്ങളുടെ ആവർത്തനം മാത്രമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ട്രാൻസ്ജെൻഡർ വ്യക്തികൾ തൊഴിൽ-ആരോഗ്യ മേഖലകളിൽ നേരിടുന്ന വിവേചനം പഠിക്കാൻ സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ നിർദേശങ്ങൾ അവഗണിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് ആരോപിച്ചു. ബില്ലിനെതിരെ നിയമപോരാട്ടം ആരംഭിക്കാനാണ് സമരസമിതിയുടെ തീരുമാനം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.57 |
| യൂറോ | 108.69 |
| സ്റ്റെർലിംഗ്പൗണ്ട് | 125.22 |
| സ്വിസ് ഫ്രാങ്ക് | 118.35 |
| സിംഗപ്പൂർ ഡോളർ | 73.32 |
| കനേഡിയൻ ഡോളർ | 67.95 |
| ഒമാൻ റിയാൽ | 245.86 |
| ബഹ്റൈൻ ദിനാർ | 250.36 |
| സൗദി റിയാൽ | 25.19 |
| യു.എ.ഇ. ദിർഹം | 25.71 |
| കുവൈത്ത് ദിനാർ | 305.90 |



# നിർബന്ധിത സ്വവംശ വിവാഹ നിഷ്ഠ റദ്ദാക്കിയ ഹൈക്കോടതി വിധി കാനാ സ്വാഗതം ചെയ്തു

**ജോസ് കല്ലിടിക്കിൽ**

ചിക്കാഗോ: കോട്ടയം അതിരൂപതയും ക്നാനായ സമുദായവും അനുഷ്ഠിച്ചുവരുന്ന നിർബന്ധിത സ്വവംശ വിവാഹനിഷ്ഠയും, അത് പാലിക്കാൻ കഴിയാത്തവരെ സമുദായ അംഗത്വത്തിൽ നിന്നും വിശ്വാസി സമൂഹത്തിൽ നിന്നും പുറത്താക്കുന്ന അക്രൈസ്തവ നടപടികളും ഭരണഘടനാ വിരുദ്ധമെന്നും, ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് നൽകിയിട്ടുള്ള മൗലികാവകാശങ്ങളുടെയും ആരാധനാ സ്വാതന്ത്ര്യത്തിന്റെയും ലംഘനമാണെന്നും കേരള ഹൈക്കോടതി വിധിച്ചു. മാർച്ച് 23-ന് തിങ്കളാഴ്ച ഹൈക്കോടതി സിംഗിൾ ബഞ്ച് ജഡ്ജി, എസ്. ഈശ്വരനാണ് 11 ദിവസം നീണ്ട വാദങ്ങൾ കേട്ടശേഷം പ്രസ്തുത വിധിപ്രഖ്യാപനം നടത്തിയത്. ക്നാനായ കാത്തലിക് നവീകരണ സമിതി 2014-ൽ കോട്ടയം സബ്കോടതിയിൽ നിർബന്ധിത സ്വവംശ നിഷ്ഠയ്ക്കും അതിന്റെ പേരിൽ സമുദായ അംഗങ്ങൾക്ക് മേൽ സ്വീകരിച്ചിരുന്ന കോട്ടയം അതിരൂപതയുടെ അക്രൈസ്തവ നടപടികൾക്കും എതിരെ ഫയൽ ചെയ്ത പരാതിയിൽ 2021-ൽ കോട്ടയം സബ്കോടതിയും, 2022-ൽ ജില്ലാ കോടതിയും പുറപ്പെടുവിച്ച വിധിക്കെതിരെ കോട്ടയം അതിരൂപതയും സ്വദേശത്തും വിദേശത്തുമുള്ള ക്നാനായ സമുദായ സംഘടനകളും സമർപ്പിച്ച അപ്പീൽ തള്ളിക്കൊണ്ടുള്ളതായിരുന്നു ഹൈക്കോടതി വിധി. കാനായുടെ സഹോദര സംഘടനയാണ് കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്നാനായ കത്തോലിക്കാ നവീകരണ സമിതി.

പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ തികച്ചും സ്വകാര്യവും അടിസ്ഥാനപരവുമായൊരു അവകാശമാണ് തന്റെ ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുകയെന്നത്. ഇന്ത്യയുടെ നിയമവ്യവസ്ഥയും, ബഹുഭൂരിപക്ഷം ആധുനിക സമൂഹങ്ങളും അനുവദിച്ചിട്ടുള്ളതായ പ്രസ്തുത വ്യക്തി സ്വാതന്ത്ര്യത്തിന്മേൽ കടന്നുകയറ്റം നടത്തുവാൻ സമൂഹങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, മതവിഭാഗങ്ങൾക്കോ അധികാരമില്ലെന്ന് ഹൈക്കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജന്മം വഴി ഒരു വ്യക്തിക്ക് ലഭിക്കുന്ന സമുദായ അംഗത്വം, നിയമ സാധുതയില്ലാത്ത ഏതെങ്കിലും ആചാരം ലംഘിച്ചുവെന്നാരോപിച്ച് റദ്ദ് ചെയ്യുവാൻ മതസ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. പൗലോസ് ശ്ലീഹാ ഗലാത്തിയാക്കാർക്ക് നൽകിയൊരു ബൈബിൾ സന്ദേശത്തിൽ പ്രതിപാദിച്ചിട്ടുള്ള 'യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, ആണെന്നോ, പെണ്ണെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്നാണ്' എന്നുള്ള ബൈബിൾ വചനം



അലക്സ് കാവുംപുറത്ത്
(കാനാ പ്രസിഡന്റ്)



ജോസ് കല്ലിടിക്കിൽ
(പി.ആർ.ഒ. കാനാ)

കോടതിവിധിയിൽ പ്രതിപാദിച്ചിട്ടുമുണ്ട്. സ്വവംശ വിവാഹനിഷ്ഠ പാലിക്കുവാൻ താല്പര്യമുള്ള ക്നാനായ സമുദായ അംഗങ്ങൾക്ക് അതിനുള്ള അവകാശം കോടതിവിധിയിൽ വ്യക്തമായി അനുവദിച്ചിട്ടുമുണ്ട്.

ക്നാനായ സമുദായത്തിൽ ജനിച്ച്, ബാല്യവും യൗവനവും താണ്ടി വിവാഹപ്രായം എത്തിയ ബിജു ഉതുപ്പ് എന്ന യുവാവിന് സ്വസമുദായത്തിൽ നിന്ന് കണ്ടെത്തിയ യുവതിയുമായുള്ള വിവാഹം ആശീർവദിക്കുവാൻ 1989-ൽ കോട്ടയം രൂപതാധികൃതർ സന്നദ്ധരായില്ല. രൂപതാധികൃതരുടെ നിഷേധാത്മക നടപടിക്കെതിരെ നിയമ നടപടിക്ക് തയ്യാറായ അദ്ദേഹത്തിന് 1991-ൽ അനുകൂലമായ വിധി കോട്ടയം സബ് കോടതി പുറപ്പെടുവിച്ചു. കോട്ടയം സബ് കോടതി വിധി അനുസരിക്കുവാൻ തയ്യാറാകാതെ എറണാകുളം ജില്ലാ കോടതിയെ സമീപിച്ച രൂപതാ നേതൃത്വത്തിന് അവിടെയും തോൽവിയാണ് ഏറ്റുവാങ്ങേണ്ടി വന്നത്. ക്രൈസ്തവ മൂല്യങ്ങളായ നീതി, ദയ, ക്ഷമ എന്നിവ വെടിഞ്ഞ് ജില്ലാ കോടതി വിധിക്കെതിരെ കേരള ഹൈക്കോടതിയിൽ അപ്പീലിനു മുതിർന്ന കോട്ടയം രൂപതാധികൃതർക്ക് 2017-ൽ അപ്പീൽ തിരസ്കരിച്ചു കൊണ്ട് ജസ്റ്റിസ് ഹരിലാൽ പുറപ്പെടുവിച്ച വിധിയും പ്രതികൂലമായിരുന്നു. പ്രസ്തുത വിധിയിലെ സാങ്കേതിക ന്യൂനതകൾ ചൂണ്ടിക്കാട്ടി സുപ്രീംകോടതിയെ സമീപിച്ച രൂപത നേതൃത്വത്തിന് അവിടെനിന്നും ലഭിച്ച ആശ്വാസ ഉത്തരമായിരുന്നു പരാതി പുനഃപരിശോധിക്കുവാൻ ഹൈക്കോടതിക്ക് നൽകിയ നിർദ്ദേശം. ബിജു ഉതുപ്പ് പരാതിയും കെസിഎൻഎസ് കേസിനൊപ്പം ഹൈക്കോടതി പരിഗണിച്ചു.

കോട്ടയം രൂപത, കൊട്ടോടി സെന്റ് ആൻസ് ഇടവകാംഗം ജസ്റ്റിൻ ജോൺ തലശ്ശേരി രൂപതയിൽപ്പെട്ട ബിജിമോളുമായുള്ള വിവാഹം 2022-ലെ ജില്ലാ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടത്തി തരുവാൻ അപേക്ഷിച്ചു. അദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ച സഭ നടപടി ചോദ്യം ചെയ്ത് ജസ്റ്റിൻ ജോൺ സമർപ്പിച്ച പരാതിയും കോടതി ഒന്നായി പരിഗണിച്ചു. 47 വർഷങ്ങൾ പിന്നിട്ടിട്ടും, അനുകൂലമായ മൂന്ന് കോടതിവിധികൾ അദ്ദേഹത്തിന് ലഭിച്ചിട്ടും കോട്ടയം രൂപതാംഗമായി ബിജു ഉതുപ്പിനെ പരിഗണിക്കാൻ തയ്യാറാകാത്ത രൂപതാധികൃതരുടെ നിർദയവും അക്രൈസ്തവുമായ നടപടിയെ കടുത്ത ഭാഷയിലാണ് ജസ്റ്റിസ് എസ്. ഈശ്വരൻ വിധിന്യായത്തിൽ പരാമർശിച്ചത്. ബിജു ഉതുപ്പിന് 50000 രൂപ നഷ്ടപരിഹാരം നൽകുവാൻ കൽപ്പിച്ചതിനൊപ്പം ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയെ സമീപിക്കരുതെന്ന പരാമർശവും വിധിന്യായത്തിൽ അദ്ദേഹം സൂചിപ്പിച്ചു. ജസ്റ്റിൻ ജോണിന്റെയും വിജിമോളുടെയും വിവാഹം, കർമ്മം കൊട്ടോടി സെൻറ് ആൻസ് ഇടവകാംഗമായി തുടരുവാൻ അദ്ദേഹത്തെ അനുവദിച്ചുകൊണ്ട് നടത്തുവാനും കോടതി ഉത്തരവായി.

ജസ്റ്റിസ് എസ്. ഈശ്വരന്റെ മാർച്ച് 23-ലെ വിധി കേരള കത്തോലിക്ക സഭാചരിത്രത്തിൽ ഉറപ്പായും ഇടം പിടിക്കും. കത്തോലിക്കാ സഭയുടെ അടിസ്ഥാന സ്വഭാവങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 'ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ' സഭ എന്ന സങ്കൽപ്പത്തിന് ലഭിച്ചൊരു സ്ഥിരീകരണം കൂടിയാണ് പ്രസ്തുത വിധി.

1979-ൽ സ്ഥാപിതമായ ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, ക്നാനായേതര വിവാഹത്തിൽ ഏർപ്പെടുന്നവരെ ക്നാനായ മിഷനുകളിൽ നിന്ന് വിടുതൽ നൽകുകയും കൂദാശകൾ നിഷേധിക്കുകയും ചെയ്തുവരുന്ന നടപടി വത്തിക്കാനിലെ പൗരസ്ത്യ തിരുസംഘത്തിന്റെ ശ്രദ്ധയിൽ തുടർച്ചയായി കൊണ്ടുവന്നിട്ടുണ്ട്. 1986-ൽ ഇന്ത്യൻ വംശജൻ കൂടിയായ പൗരസ്ത്യ തിരുസംഘ തലവൻ അന്തരിച്ച കാർഡിനൽ ലൂർദ്ദ്സ്വാമി ചിക്കാഗോ അതിരൂപതയ്ക്ക് നൽകിയ ഒരു കൽപ്പനയിൽ ഇന്ത്യയിൽ നടന്നിരുന്ന ജാതിവ്യവസ്ഥയും തൊട്ടുകൂടായ്മയും അമേരിക്കൻ ദേവാലയങ്ങളിലേക്കും കുടിയേറ്റാൻ അനുവദിക്കില്ലെന്നും, സ്വസമൂഹത്തിൽ നിന്നോ ഇതര സമൂഹത്തിൽ നിന്നോ ഉള്ള വിവാഹ പരിഗണന കൂടാതെ ക്നാനായ മാതാപിതാക്കൾക്ക് ജനിച്ച എല്ലാ വ്യക്തികൾക്കും അമേരിക്കയിലെ ക്നാനായ മിഷനുകളിൽ അംഗത്വം നൽകണമെന്നും ഉത്തരവിട്ടു. കോട്ടയം അതിരൂപതാധികൃതരുടെയും ഇന്ത്യയിലെയും അമേരിക്കയിലെയും ക്നാനായ സമുദായ സംഘടനകളുടെയും നിരന്തരമായ അപേക്ഷകളും സമ്മർദ്ദ തന്ത്രങ്ങളും തിരസ്കരിച്ചുകൊണ്ടും, 2001-ൽ സ്ഥാപിതമായ ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ മൗന അനുമതി അവഗണിച്ചുകൊണ്ടും, മാറിമാറിവന്ന പൗരസ്ത്യ തിരുസംഘ തലവന്മാർ 1986-ലെ ലൂർദ്ദ്സ്വാമിയുടെ നിലപാട് ആവർത്തിച്ച് കൽപ്പനകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

ക്നാനായ പാരമ്പര്യങ്ങളെക്കുറിച്ചും സ്വവംശ വിവാഹ നിഷ്ഠയുടെ മാനദണ്ഡത്തിൽ ദേവാലയാംഗത്വം അനുവദിക്കുന്ന നടപടിയുടെ സാധുതയെക്കുറിച്ചും ആഴത്തിൽ പഠിക്കുവാൻ നിയോഗിച്ച കാനഡയിൽ നിന്നുള്ള ബിഷപ്പ് മുൾഹാൾ കമ്മീഷനും വത്തിക്കാന് സമർപ്പിച്ച റിപ്പോർട്ടിൽ കോട്ടയം രൂപതയുടെയും അമേരിക്കയിലെ ക്നാനായ മിഷനുകളുടെയും അക്രൈസ്തവ നിലപാടുകൾ പാടെ തള്ളിക്കളഞ്ഞു.

നിർബന്ധിത സ്വവംശ വിവാഹ നിഷ്ഠയ്ക്ക് വിലക്കേർപ്പെടുത്തിയ കേരള ഹൈക്കോടതി വിധി കാനാ ഊഷ്മളമായി സ്വാഗതം ചെയ്തു. ജസ്റ്റിസ് ഈശ്വരൻ പുറപ്പെടുവിച്ച വിധിന്യായത്തിൽ നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ കരസ്പർശം പതിഞ്ഞിട്ടുണ്ടെന്ന് കാനാ പ്രസിഡന്റ് അലക്സ് കാവുംപുറത്ത് അഭിപ്രായപ്പെട്ടു. ക്നാനായ സമുദായത്തിന് കേരളത്തിലും, വടക്കേ അമേരിക്കയിലും, യൂറോപ്പിലും പുതിയ രൂപതകൾ അനുവദിക്കപ്പെടുവാൻ കോടതിവിധി നടപ്പാകുന്നത് വഴി സാധ്യമാകുമെന്നും അദ്ദേഹം കരുതുന്നു. സീറോ മലബാർ സഭയിലെ വിവിധ രൂപതകൾക്കിടയിലും ക്നാനായ സമൂഹത്തിലും ഇതര സീറോ മലബാർ രൂപതാ സമൂഹങ്ങളിലും ഉൾപ്പെടുന്ന വിശ്വാസികൾക്കിടയിലും സ്നേഹവും, വിശ്വാസവും, സഹകരണവും, സഹവർത്തിത്വവും പ്രബലമാകുവാൻ കോടതിവിധി അംഗീകരിക്കുന്നത് വഴി നിമിത്തമാകുമെന്ന് കാനാ പ്രസിഡന്റ് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

# എസ്ഡിപിഐ, എഫ്സിആർഎ വിഷയങ്ങളിൽ വാക്പോര്

തിരുവനന്തപുരം: എസ്ഡിപിഐ ബന്ധം, വിദേശ സംഭാവന നിയന്ത്രണ നിയമഭേദഗതി (എഫ്സിആർഎ) എന്നീ വിഷയങ്ങളിൽ പോര് കടുപ്പിച്ച് മുന്നണികൾ. എസ്ഡിപിഐയുമായി ബന്ധമില്ലെന്നു സ്ഥാപിക്കാൻ സിപിഎം നേതൃത്വം കിണഞ്ഞു ശ്രമിക്കുന്നതിനിടെ, അതു സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടിയിൽ മുഖ്യമന്ത്രി ക്ഷുഭിതനായത് ഇടതുപക്ഷത്തെ സമ്മർദത്തിലാക്കി. പാലാ ഉൾപ്പെടെയുള്ള മണ്ഡലങ്ങളിൽ ക്രൈസ്തവരെ ഒപ്പം കൂട്ടി മുന്നേറ്റമുണ്ടാക്കാൻ ശ്രമിക്കുന്ന ബിജെപിയെയാണ് കേന്ദ്രത്തിന്റെ എഫ്സിആർഎ നിയമഭേദഗതി നീക്കം പ്രതിരോധത്തിലാക്കുന്നത്.

എസ്ഡിപിഐ-സിപിഎം ബന്ധമെന്ന ആക്ഷേപം 'കനഗോലു കാപ്സ്യൂൾ' ആണെന്നായിരുന്നു സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബിയുടെ പ്രതികരണം. എസ്ഡിപിഐയുടെ വോട്ട് വേണ്ടെന്നു പ്രഖ്യാപിക്കാനുള്ള ആർജവമുണ്ടോയെന്നു ചോദിച്ച് കോൺഗ്രസ് തിരിച്ചടിച്ചു. മുഖ്യമന്ത്രി നേരിട്ടാണ് എസ്ഡിപിഐയുമായി ധാരണയുണ്ടാക്കിയതെന്നു രമേശ് ചെന്നിത്തലയും ആരോപിച്ചു.

എസ്ഡിപിഐ വോട്ട് സ്വീകരിക്കാനാണു തീരുമാനമെങ്കിലും അക്കാര്യം പരസ്യമായി സമ്മതിക്കുന്നതു തിരിച്ചടിയാകുമെന്ന ആശങ്ക സിപിഎമ്മിനുണ്ട്. അതു മനസ്സിൽവെച്ചു കരുതലോടെയുള്ള മറുപടികൾ പാർട്ടി നൽകവേയാണ്, രൂക്ഷ പ്രതികരണത്തിലേക്കു മുഖ്യമന്ത്രി നീങ്ങിയത്. മുഖ്യമന്ത്രിയുടേത് അവസരവാദ രാഷ്ട്രീയമാണെന്നും എസ്ഡിപിഐയുടെ കാര്യത്തിൽ കൃത്യമായ മറുപടിയാണു വേണ്ടതെന്നും കെ.സി. വേണുഗോപാലും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും ആവശ്യപ്പെട്ടു.

# കേന്ദ്രം പുതിയ ടിവി റേറ്റിങ് നയം പ്രഖ്യാപിച്ചു

ന്യൂഡൽഹി: ഇന്ത്യയിലെ ടെലിവിഷൻ ചാനൽ കാഴ്ചക്കാരുടെ എണ്ണമെടുക്കുന്ന പുതിയ റേറ്റിങ് സംവിധാന നയം കേന്ദ്രസർക്കാർ പുറത്തിറക്കി. ടിവി റേറ്റിങ് ഏജൻസികളുടെ രജിസ്ട്രേഷൻ, പ്രവർത്തനം, ഓഡിറ്റ്, മേൽനോട്ടം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങളാണ് വാർത്താവിതരണ മന്ത്രാലയം പുറത്തിറക്കിയത്. പുതിയ നയം 2014-ലെ പഴയ മാർഗനിർദേശങ്ങൾക്ക് പകരമായാണ്. പ്രേക്ഷകരുടെ എണ്ണത്തിൽ വിശ്വാസ്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നതിലൂടെ പൊതുജനഹിതം സംരക്ഷിക്കുകയാണ് ലക്ഷ്യമെന്ന് സർക്കാർ വ്യക്തമാക്കി.

**പ്രധാന നിർദേശങ്ങൾ**

ടി.വി. റേറ്റിങ് ഏജൻസിയായി രജിസ്റ്റർ ചെയ്യാൻ ആവശ്യമായ ആസ്തി 20 കോടിയിൽനിന്ന് അഞ്ചുകോടിയാക്കി. ഡയറക്ടർ ബോർഡിൽ കുറഞ്ഞത് 50 ശതമാനം സ്വതന്ത്ര ഡയറക്ടർമാരായിരിക്കണം. ബ്രോഡ്കാസ്റ്റർമാരുമായി ബന്ധമുള്ളവരെ ഒഴിവാക്കും. കാഴ്ചക്കാരുടെ പ്രാതിനിധ്യ പരിശോധന 18 മാസത്തിനകം 80,000 വീടുകളിലേക്കും (നിലവിൽ ആറുമാസത്തിനകം) പിന്നീട് 1,20,000 വീടുകളിലേക്കും വ്യാപിപ്പിക്കണം. കേബിൾ, ഡിടിഎച്ച്, ഒടിടി, കണക്ടഡ് ടിവി എന്നിവ ഉൾപ്പെടെ എല്ലാ പ്ലാറ്റ്ഫോമുകളിലും ഡേറ്റ ശേഖരണം നിർബന്ധം. ഡേറ്റാ ശേഖരണം ഡിജിറ്റൽ ഡേറ്റാ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ചാവണം. ത്രൈമാസിക ആഭ്യന്തര ഓഡിറ്റും വാർഷിക സ്വതന്ത്ര ഓഡിറ്റും നിർബന്ധമാക്കി. 10 ദിവസത്തിനകം പരാതികൾ പരിഹരിക്കാൻ നോഡൽ ഓഫീസറും അപ്പീലറ്റ് സംവിധാനവും നിർബന്ധം. തുറക്കുമ്പോൾ ലഭിക്കുന്ന കാഴ്ചകൾ റേറ്റിങ്ങിൽ ഉൾപ്പെടുത്തില്ല; നിയമലംഘനങ്ങൾക്ക് താൽക്കാലിക സസ്പെൻഷൻ മുതൽ രജിസ്ട്രേഷൻ റദ്ദാക്കൽ വരെ ശിക്ഷ. ടി.വി. ചാനലുകൾക്കും ഒടിടി പ്ലാറ്റ്ഫോമുകൾക്കും വെബ്സൈറ്റുകളിൽ പ്രേക്ഷക ഡേറ്റ പ്രസിദ്ധീകരിക്കാം.

# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again

# SEEKING BRIDE

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

## SEEKING BRIDEGROOM CONTD.....

and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## ജോർജ് പി. മാത്യു

**കുമരകം:** സെയിൽസ് ടാക്സ് റിട്ട. ഓഫീസർ ചക്കാലയ്ക്കൽ ജോർജ് പി. മാത്യു (പാപ്പച്ചൻ–79) അന്തരിച്ചു. ഭാര്യ കാപ്പുന്തല കളപ്പുരയ്ക്കൽ പരേതയായ ത്രേസ്യാമ്മ ജോർജ്. മക്കൾ: ക്യാപ്റ്റൻ റോബിൻ സി. ജോർജ്, റോസ്മി സി. ജോർജ്, റെമിൻ സി. ജോർജ് (യുഎസ്). മരുമക്കൾ: അനിതാ ജോസഫ് കുറുമക്കരി (കുമരകം), സന്തോഷ് ജോസഫ് ചക്കാലയിൽ (ചങ്ങനാശേരി), ലെസ്‌ലി പാനാപ്പള്ളി (തൃക്കാക്കര).

**നിലമ്പൂർ:** മലങ്കര ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസനം മുതിർന്ന വൈദികൻ വടപുറം മേക്കരങ്ങാട്ട് മുള്ളൻകുഴിയിൽ പി.സി. ഏബ്രഹാം കോർ എപ്പിസ്കോപ്പ (70)അന്തരിച്ചു.

## ലിസമ്മ ടോം

**ഇടപ്പള്ളി ടോൾ:** ശോഭ റോഡ് വടകര ലിസമ്മ ടോം (73) അന്തരിച്ചു. ചെറുവള്ളി കൊച്ചുമുറിയിൽ കുടുംബാംഗമാണ്. ഭർത്താവ് ടോമി ഈപ്പൻ (കൊമേഴ്സ്യൽ ടാക്സ് ഡെപ്യൂട്ടി കമ്മീഷണർ). മക്കൾ: ജൂലി (യുഎസ്), രതീഷ് ടോം (ബെംഗളൂരു). മരുമക്കൾ: തൃശൂർ പാലയ്ക്കൽ ചിറ്റിശേരി ഫോബി (യുഎസ്), എലിക്കുളം വാതല്ലൂർ നിത.

**പുത്തൻകുരിശ്:** കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയുടെ സഹോദര ഭാര്യ ചെറുവിള്ളിൽ തങ്കമ്മ ഏബ്രഹാം (90) അന്തരിച്ചു.

## പ്രഫ.ഡോ. ടി.ഒ. ഏബ്രഹാം

**ചെങ്ങന്നൂർ:** സൈക്യാട്രിസ്റ്റും ഗ്രന്ഥകാരനും കോളമിസ്റ്റുമായിരുന്ന ചെങ്ങന്നൂർ നാക്കോലയ്ക്കൽ തുണ്ടത്തിൽ പ്രഫ. ഡോ.ടി.ഒ. ഏബ്രഹാം (കുഞ്ഞ് –89) അന്തരിച്ചു. കോട്ടയം മെഡിക്കൽ കോളജ് സൈക്യാട്രി വിഭാഗം അസി. പ്രഫസറായിരുന്നു. ഭാര്യ കരീപ്പുഴ പാലമൂട്ടിൽ വൽസ ഏബ്രഹാം. മക്കൾ: ഷീന (സിംഗപ്പൂർ), റീന (യുഎസ്). മരുമക്കൾ: സുരേഷ് (സിംഗപ്പൂർ), ഡീൻ ഹച്ചിൻസൺ (യുഎസ്).

**ആർപ്പൂക്കര:** വില്ലൂന്നി ജാസ്മിൻ കോട്ടേജ് (ബോട്ട്പുരയിൽ) ഏലിയാമ്മ വർഗീസ് (87) അന്തരിച്ചു.

**പൊൻകുന്നം:** പൂവത്താനിക്കുന്നേൽ ഷൈമ മാത്യു (52) അന്തരിച്ചു.

**വെളിയന്നൂർ:** വിമുക്തഭടൻ പുളിക്കപ്പറമ്പിൽ മൂലക്കാട്ട് പി.എം. സണ്ണി (66) അന്തരിച്ചു.

**കളത്തൂർ:** അകമ്പടി കിഴക്കേൽ ത്രേസ്യ ദേവസ്യ (96) അന്തരിച്ചു.

**മുണ്ടുകോട്ടയ്ക്കൽ:** രാജു ഭവൻ (ചാമക്കാലായിൽ) മൈലപ്ര എസ്എച്ച്എച്ച്എസ് റിട്ട. എച്ച്എം. മോളിയാമ്മ ഏബ്രഹാം (72) അന്തരിച്ചു.

## പ്രഫ. റബേക്ക തോമസ്

**മൈലപ്ര:** മുംബൈ ഇസ്മാഈൽ യൂസഫ് കോളജ് റിട്ട. പ്രഫസർ വല്യത്ത് റബേക്ക തോമസ് (91) അന്തരിച്ചു. അയിരൂർ ചെറുകര മുതുവാലക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഡോ. വി.ജി. തോമസ്. മക്കൾ: ഡോ. ജോർജ് വല്യത്ത് (യുഎസ്), മറിയം മാത്യു (ഹൈദരാബാദ്). മരുമക്കൾ: ഡോ. സാറാ വല്യത്ത്, മാത്യു ജോൺ വെപ്പുംതറ വെൺമണി.

## മറിയാമ്മ ഏബ്രഹാം



**ന്യൂജേഴ്സി:** കൊല്ലാട് മുല്ലശ്ശേരിൽ എം.ഇ. ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ ഏബ്രഹാം B.Sc, B.Ed, MBBS (H) (മോളി-86) അന്തരിച്ചു. പരേതരായ നിരണം ഇലഞ്ഞിക്കൽ ഫാ. ഇ.പി. ജേക്കബിന്റെയും വേങ്ങഴി പുന്നത്തറ മറിയാമ്മ ജേക്കബിന്റെയും മകളും കല്ലാശ്ശേരി കുറിച്ചി ബാവാ തിരുമേനിയുടെ സഹോദരിയുടെ കൊച്ചുമകളുമാണ്. മക്കൾ: ജോഷ്വ, ജേക്കബ്. ജോഅന്ന. മരുമക്കൾ: അനു, പ്രീത, സിനോജ്. കൊച്ചുമക്കൾ: മാർക്ക്, റേച്ചൽ, സാറാ, ഐസക്, ബെക്ക. പ്രഫ. ഇ. ജേക്കബ് ജോൺ സഹോദരനും സൂസൻ, അന്നമ്മ, എലിസബത്ത്, സാറാ, റേച്ചൽ എന്നിവർ സഹോദരിമാരുമാണ്.

**ഒളശ:** കോട്ടയം സെന്റ് ആൻസ് ജിഎച്ച്എസ് റിട്ട. അദ്ധ്യാപിക കളപ്പുരയിൽ കെ.എൽ. മേരിക്കുട്ടി (വിമല–66) അന്തരിച്ചു.

## കെ.വി. തങ്കച്ചൻ

**തിരുവനന്തപുരം:** കുളത്തൂപ്പുഴ കരിങ്കോട്ട് ബ്രിട്ടാനിയയിൽ കെ.വി. തങ്കച്ചൻ (83) അന്തരിച്ചു. ഭാര്യ ഉഷ (മൂലമണ്ണിൽ). മക്കൾ: അജിത് ഈപ്പൻ, അനീഷ് ചെറിയാൻ (ഇരുവരും യുഎസ്). മരുമക്കൾ: ദിവ്യ, മീമ.

**ചമ്പക്കുളം:** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിട്ട. അസി. മാനേജർ വടക്കേ അമിച്ചകരി വല്യാറ വിൻസന്റ് വില്ല പി.കെ. തോമസ് (84) അന്തരിച്ചു.

**മണർകാട്:** കിടങ്ങൂർ സൗത്ത് ചിറയിൽ കിഴക്കേതിൽ (തട്ടാമാട്ടേൽ) സി.ടി. ജോസ് (67) അന്തരിച്ചു.

**തിരുവാർപ്പ്:** കോട്ടയം മുനിസിപ്പൽ ഓഫീസ് റിട്ട. ഉദ്യോഗസ്ഥ തൈച്ചേരിൽ ലീലാമ്മ ഏബ്രഹാം (76) അന്തരിച്ചു.

**ചങ്ങനാശേരി:** വടക്കേക്കര നെടുംപറമ്പിൽ മോളി വർഗീസ് (75) അന്തരിച്ചു.

## എം.എ. ഫിലിപ്പോസ്

**കൂരോപ്പട:** റിട്ട. എസ്ഐ കീച്ചേരിയിലായ മാടപ്പള്ളിക്കുന്നേൽ എം.എ. ഫിലിപ്പോസ് (83) അന്തരിച്ചു. ഭാര്യ തോട്ടയ്ക്കാട് കൊടുവേലിയിൽ അക്കര ശോശാമ്മ. മക്കൾ: ബിജു ഫിലിപ്പ് (യുഎസ്), ബിനോയി ഫിലിപ്പ് (യുഎസ്), ബോബി ഫിലിപ്പ് (അയർലൻഡ്). മരുമക്കൾ: മോൻസി ബിജു പുത്തൻപറമ്പിൽ തടത്തിൽ വടശേരിക്കര, സിമി ബിനോയി ആശാരിപറമ്പിൽ കൊല്ലാട് (ഇരുവരും യുഎസ്), ദിവ്യ ബോബി കുരിശുംമൂട്ടിൽ മുട്ടുചിറ (അയർലൻഡ്).

**കോട്ടയം:** കേരളത്തിലെ റേഷൻ വ്യാപാരി സംഘടനാ രൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കുകയും അതിന്റെ സംസ്ഥാന വൈസ് പ്രസിഡണ്ടുമായിരുന്ന കുഴിമറ്റം കൊച്ചുപറമ്പിൽ (പുസ്തകക്കാരൻ) കെ.ടി. തോമസ് (84) അന്തരിച്ചു.

## എം.ജി. സുകുമാരൻ

**രാമപുരം:** മേനാംപറമ്പിൽ എം.ജി. സുകുമാരൻ (90) അന്തരിച്ചു. ഭാര്യ രാമപുരം പുതുവേലി പരേതയായ ലളിതാംബിക. മക്കൾ: ബിനു (യുഎസ്), ജിനിമോൾ (വയനാട്), രാജീവ് (ബെംഗളൂരു). മരുമക്കൾ: സുനിത ചുള്ളികാട്ട് ഉഴവൂർ (യുഎസ്), വിജു കേളനാത്തടത്തിൽ മീനങ്ങാടി, ചിത്ര ചിറക്കര കുഴിയിൽ സുൽത്താൻബത്തേരി (ബെംഗളൂരു).

**കുറിച്ചി:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥനും സിൻഡിക്കറ്റ് ബാങ്ക് മുൻ ഉദ്യോഗസ്ഥനുമായ പടിഞ്ഞാറേതിൽ എ.കെ. കുര്യാക്കോസ് (102) അന്തരിച്ചു.

## ഗ്രേസി പീറ്റർ

**തമ്മാനിമറ്റം:** മൂന്നാർ കോച്ചേരിൽ പരേതനായ കെ.ഇ. പീറ്ററിന്റെ ഭാര്യ ഗ്രേസി പീറ്റർ (99) അന്തരിച്ചു. പെരുമ്പാവൂർ തോമ്പ്ര കുടുംബാംഗമാണ്. മക്കൾ: എൽസി (യുഎസ്), ബാബു (ദുബായ്), രാജു (ദീപിക കാർട്ടൂണിസ്റ്റ് രാജു നായർ), ആഗ്നസ് (ഇടപ്പള്ളി). മരുമക്കൾ: പോൾ ജോസഫ് കണ്ണാടൻ (മൂവാറ്റുപുഴ), മേരി തോട്ടത്തിമ്യാലിൽ (നെയ്യശേരി), ബേബി ചുങ്കത്ത് (മേലൂർ), പൗലോസ് ചേലാപ്പറമ്പത്ത് (പിറവം).

**ചൂട്ടുവേലി:** റിട്ട. കെ.എസ്.ആർ.ടി.സി ഇദ്യോഗസ്ഥൻ താന്നിക്കാട്ട് കെ.ആർ. ഗോപിനാഥൻ (83) അന്തരിച്ചു.

**അടൂർ:** ഓമല്ലൂർ വടക്കേത്ത് കുടുംബാംഗം ഉമ്മൻ ചെറിയാൻ (അനിയൻ–87) കാനഡയിൽ അന്തരിച്ചു.

**പാമ്പനാർ:** ഇടുക്കി ഡിസിസി ജനറൽ സെക്രട്ടറി പാടത്ത് പി.കെ. ചന്ദ്രശേഖരൻ (82) അന്തരിച്ചു.

**എടയ്ക്കാട്ടുവയൽ:** തെക്കൻ പുത്തൻപുരയ്ക്കൽ (വേഴത്തുമുഴയിൽ) മാർത്ത ജോൺ (102) അന്തരിച്ചു.

## ഏലിക്കുട്ടി സേവ്യർ

**തീക്കോയി:** കോനുക്കുന്നേൽ ഏലിക്കുട്ടി സേവ്യർ (96) അന്തരിച്ചു. കുന്നോന്നി തോട്ടപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ദേവസ്യ സേവ്യർ. മക്കൾ: കെ.എസ്. കുര്യൻ, കെ.എസ്. മേരി, ഡെയ്സി ജോസഫ്, സൂസി സണ്ണി (യുഎസ്), സിസിലി രാജൻ, സെലിൻ സന്തോഷ് (അബുദാബി), സോമി സേവ്യർ (ബ്യൂറോ ചീഫ്, വീക്ഷണം, കോട്ടയം), പരേതരായ കെ.എസ്. സെബാസ്റ്റ്യൻ, എൽസമ്മ ജോസഫ്. മരുമക്കൾ: മേരി അമ്പാട്ട് (ചക്കാമ്പുഴ), അന്നമ്മ തുളുമ്പൻമാക്കൽ (മൂഴൂർ) വി.ടി. ജോർജ് വെട്ടുകാട്ടിൽ (തിടനാട്), പരേതനായ കെ.വി. ജോസഫ് കറുകപ്പള്ളിൽ, ജോസ് കണ്ണാശേരി (ഏറ്റുമാനൂർ), സണ്ണി കപ്യാരുമലയിൽ തഴുവംകുന്ന് (യുഎസ്), രാജൻ മാത്യു കൊളമ്പേൽ (കോതമംഗലം), സന്തോഷ് മേക്കാട്ട് (അബുദാബി), ഷൈൻ പുത്തൻപുരയ്ക്കൽ പിഴക് (സെ. മേരീസ് എച്ച്എസ്എസ് തീക്കോയി).

## സാറാമ്മ വർഗീസ്



**ഡാളസ്:** പരേതനായ പി.ടി. വർഗീസ് മൈലപ്രയുടെ ഭാര്യ സാറാമ്മ വർഗീസ് ടെക്സസിൽ അന്തരിച്ചു. മക്കൾ: പരേതയായ മോളി ജോസ്, സാലി സോമൻ, ജോയി വർഗീസ്, റെജി വർഗീസ് (ചാമുണ്ട ഓട്ടോമോറ്റീവ്). മരുമക്കൾ: ജോസ് തോമസ്, സോമൻ ഗീവർഗീസ്, ആലീസ് ജോയി, ജെസ്സി റെജി.

**കടവന്ത്ര:** ചെറുപറമ്പത്ത് റോഡ് ചെറിയ വയലിപ്പറമ്പിൽ മിഥുൻ പോൾ വർഗീസിന്റെയും പുതുപ്പള്ളി കൈപ്പനാട് റോഷ്ണിയുടെയും മകൾ അത്മിക (12) ദുബായിൽ അന്തരിച്ചു.

## കെ.വി. തങ്കച്ചൻ

**തിരുവനന്തപുരം:** കുളത്തൂപ്പുഴ കരിങ്കോട്ട് ബ്രിട്ടാനിയയിൽ കെ.വി. തങ്കച്ചൻ (83) അന്തരിച്ചു. ഭാര്യ ഉഷ (മൂലമണ്ണിൽ). മക്കൾ: അജിത് ഈപ്പൻ, അനീഷ് ചെറിയാൻ (ഇരുവരും യുഎസ്). മരുമക്കൾ: ദിവ്യ, മീമ.

**പായിപ്പാട്:** പുളിമൂട്ടിൽ ഗ്രെയ്സ് വില്ലയിൽ പാസ്റ്റർ പി.എം. വർഗീസ് (തമ്പി–80) അന്തരിച്ചു.

**തൊടുപുഴ:** കുടയത്തൂർ ഗവ. സ്കൂൾ റിട്ട. അദ്ധ്യാപിക മങ്ങാട്ടുകവല ഐശ്വര്യയിൽ (എടാട്ട്) സതി (90) അന്തരിച്ചു.

## ബ്രിജിറ്റ് ജോസഫ്

**കുറവിലങ്ങാട്:** പകലോമറ്റത്തിലായ ആലപ്പാട്ട് ചെട്ടിക്കൽ ബ്രിജിറ്റ് ജോസഫ് (മറിയാമ്മ–76) അന്തരിച്ചു. ഭർത്താവ് എ.ജെ. ജോസഫ്. മക്കൾ: അബി, ജോബി, എമിൽ (ഇരുവരും യുഎസ്), നിഷ പുളിമൂട്ടിൽ (കോഴാ), ജോബിൻസ് മഞ്ഞക്കാല (കാട്ടാമ്പാക്ക്), അന്റു കളത്തുകുന്നേൽ കട്ടപ്പന (ഇരുവരും യുഎസ്).

## ഫിലോമിന മാത്യു

**കരിമണ്ണൂർ:** തെക്കേൽ ഫിലോമിന (71) അന്തരിച്ചു. കുണിഞ്ഞി മറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ് മാത്യു. മക്കൾ: ബോബിന (യുഎസ്), ബോബൻ (എഡ്വിന കംപ്യൂട്ടേഴ്സ് തോപ്രാംകുടി). മരുമക്കൾ: ആനന്ദ് കുരീക്കാട്ടുകണ്ണിയിൽ (യുഎസ്), റീന കുറ്റിക്കാട്ട് (അദ്ധ്യാപിക, ഡിപോൾ പബ്ലിക് സ്കൂൾ രാജമുടി).

## മറിയാമ്മ ഫിലിപ്പ്

**മണർകാട്:** കാളിയാങ്കലായ മണ്ണൂക്കുന്നേൽ ഒറ്റപ്ലാക്കൽ മറിയാമ്മ ഫിലിപ്പ് (കുഞ്ഞമ്മ –86) അന്തരിച്ചു. വെള്ളൂർ ഇട്ടിയാടത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.എ. ഫിലിപ്പ്. മക്കൾ: തോമസ് ഫിലിപ്പ്, സൂസമ്മ വർഗീസ് (യുഎസ്), ഏബ്രഹാം, ഏലിയാമ്മ വർഗീസ് (എൽഐസി). മരുമക്കൾ: വർഗീസ് ജോസഫ് എട്ടിയാരിൽ (യുഎസ്), വർഗീസ് തോമസ് തോട്ടുങ്കൽ വടവാതൂർ, ഗ്രേസി ജോസഫ് (റിട്ട. പഞ്ചായത്ത് സെക്രട്ടറി).

**തിടനാട്:** പതാഴ പോർക്കാട്ടിൽ പി.ജെ. ചാക്കോ (87) അന്തരിച്ചു.

**കോട്ടയം:** മാങ്ങാനം പറപ്പള്ളിച്ചിറയിൽ അന്നമ്മ ഏബ്രഹാം (കുഞ്ഞന്നമ്മ–68) അന്തരിച്ചു.

**കല്ലറ:** റിട്ട. പ്രധാനാദ്ധ്യാപകൻ ചക്കാലത്തൊട്ടിയിൽ സി.ഇ. മത്തായി (86) അന്തരിച്ചു.

**പാത്താമുട്ടം:** അയിരൂർ നീലപ്ലാലിൽ പീച്ചനാട്ട് ഏബ്രഹാം മാത്യുവിന്റെയും അന്നമ്മയുടെയും മകൻ എൻ. ബിജു (60) അന്തരിച്ചു.

**ചങ്ങനാശേരി:** കുന്നന്താനം കാലായിൽ തോമസ് സെബാസ്റ്റ്യൻ (84) അന്തരിച്ചു.

**ഇരവിപേരൂർ:** ശങ്കരമംഗലത്ത് ചേറ്റുകണ്ടത്തിൽ ഷീബാ മാത്യൂസ് (46) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** ചാത്തൻപുരയിടത്ത് മറിയാമ്മ കുര്യൻ (97) അന്തരിച്ചു.

**വെൺമണി:** കോടുകുളഞ്ഞി ജെഎംഎച്ച്എസ് റിട്ട. അദ്ധ്യാപിക മുപ്പേറ്റിൽ തെക്കേതിൽ മേരി കുരുവിള (97) അന്തരിച്ചു.

**കൊച്ചി:** കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി പീഡിയാട്രിക്സ് വിഭാഗം മുൻ മേധാവി ചെങ്ങന്നൂർ ഊരയിൽ ഡോ. അലക്സാണ്ടർ ജോസഫ് (79) അന്തരിച്ചു.

## സിസ്റ്റർ മേരി ആഗ്നസ്

**ചേർത്തല:** സെന്റ് ഫ്രാൻസിസ് അഡോറേഷൻ മൊണാസ്ട്രി സഭാംഗം സിസ്റ്റർ മേരി ആഗ്നസ് (സൂസമ്മ സാമുവൽ –86) അന്തരിച്ചു. തെക്കീഴത്ത് പരേതനായ പി.കെ. സാമുവലിന്റെ മകളാണ്. സഹോദരങ്ങൾ: ഫാ. ഫ്രാൻസിസ് സാമുവൽ അസീസി, ഡൊമിനിക് (ഇരുവരും യുഎസ്), ജോസ് (തിരുവനന്തപുരം), പരേതരായ രാജമ്മ, രാജൻ, ലൂയിസ്.

**നാലുന്നാക്കൽ:** വാഴക്കാലായിൽ കടുവാക്കുഴി കെ.എം. ഏബ്രഹാം (അച്ചൻകുഞ്ഞ്–70) അന്തരിച്ചു.

## പി.ടി. തോമസ്

**തിരുവല്ല:** പാലിയേക്കര പീടിയേക്കൽ പി.ടി. തോമസ് (90) കാലിഫോർണിയയിൽ അന്തരിച്ചു. ഭാര്യ വാഴൂർ പമ്പൂർ അന്നമ്മ തോമസ്. മക്കൾ: ഐവി തോമസ്, ഐവൽ തോമസ്. മരുമക്കൾ: സാജൻ മാലിൽ (കോതമംഗലം), റെനി പാപ്പച്ചൻ കോട്ടയ്ക്കകത്ത് തിരുവനന്തപുരം (എല്ലാവരും കാലിഫോർണിയ).

**വടശേരിക്കര:** പടിഞ്ഞാറേ മണ്ണിൽ തോമസ് ഏബ്രഹാമിന്റെയും ഷൈനിയുടെയും മകൻ ജോയൽ തോമസ് (18) അന്തരിച്ചു.

## വത്സമ്മ സേവ്യർ

**ചങ്ങനാശേരി:** കുരിശുംമൂട് ചൂളപ്പടി പെരുമ്പ്ര പുത്തൻപറമ്പിൽ വത്സമ്മ സേവ്യർ (73) അന്തരിച്ചു. പുഴവാത്, കത്തീഡ്രൽ, പാറേൽ എന്നീ സൺഡേസ്കൂളുകളിൽ അദ്ധ്യാപികയായിരുന്നു. രാമങ്കരി ആറ്റുകടവിൽ കുടുംബാംഗമാണ്. ഭർത്താവ് പി.സി. കുഞ്ഞപ്പൻ (റിട്ട. കെഎസ്ആർടിസി), മക്കൾ: ജേക്കബ് സേവ്യർ (ഓസ്ട്രേലിയ), എലിസബത്ത് ചാക്കോ (യുഎസ്), ട്രീസ സേവ്യർ (ബെംഗളൂരു). മരുമക്കൾ: ജിൻസി ജേക്കബ് മരങ്ങാട്ട് (ചെത്തിപ്പുഴ), ചാക്കോ മാത്യു പൗവത്തിൽ കാനറ കാവുങ്കൽ (കുറുമ്പനാടം), അജോ പി. ജോസഫ് പുത്തൻപറമ്പിൽ (നെടുകുന്നം).

**പന്തളം:** വിദ്യാഭ്യാസ വകുപ്പ് റിട്ട. സീനിയർ സൂപ്രണ്ട് നവമിയിൽ രാജീവ് വർമ (69) അന്തരിച്ചു.

## ഡോ. ചന്ദ്ര ചന്ദ്രാക്കർ

**തമ്പലക്കാട്:** എറികാട് കടക്കയത്ത് ഡോ. ചന്ദ്ര ചന്ദ്രാക്കർ (94) ഹൂസ്റ്റണിൽ അന്തരിച്ചു. ഭർത്താവ് ഡോ. കുഞ്ഞിലാൽ ചന്ദ്രാക്കർ. മകൾ: ഡോ. വീണ ചന്ദ്രാക്കർ (യുഎസ്).

**വെങ്കോട്:** ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ റിട്ട. ഓഫീസർ എഴുവന്താനം ഇ.ജി. ശശീന്ദ്രബാബു (59) അന്തരിച്ചു.

**അമയന്നൂർ:** പൂണെ ദെഹു റോഡ് ഡിഎഡി റിട്ട. ഉദ്യോഗസ്ഥൻ ഓമത്തിൽ പുത്തൻപുരയിൽ ഒ.എ. തോമസ് (തമ്പി–88) അന്തരിച്ചു.

# BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

# FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

# PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or email at alexkalarickal@gmail.com**

Visit Our Website: www.keralaexpress.com for Classified Advt.

# CAREGIVER NEEDED – OKLAHOMA CITY

## (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

- Malayalee Christian background
- Ability to drive (strongly preferred)
- Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

# BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*






# ‘സംഭവം അദ്ധ്യായം ഒന്ന്’ സംവിധായകൻ ജിത്തു സതീശൻ മംഗലത്തിന്റെ സിനിമാ വിശേഷങ്ങൾ

ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും പഠിക്കാതെ, ആരെയും അസിസ്റ്റ് ചെയ്യാതെ പ്രേക്ഷകരെ മലയാളത്തിലെ എക്കാലത്തെയും മികച്ച ടൈം ലൂപ്പ്, ടൈം ട്രാവൽ കാഴ്ചകളുടെ വിസ്മയ വനത്തിലെത്തിക്കുകയാണ് ‘സംഭവം അധ്യായം ഒന്നി’ലൂടെ സംവിധായകൻ ജിത്തു സതീശൻ മംഗലത്ത്. ജിത്തു കഥയെഴുതി സംവിധാനംചെയ്ത ‘സംഭവം’ എന്ന ഷോർട്ട് ഫിലിമിൽ നിന്നാണ് ഈ സിനിമയുടെ പിറവി. അസ്കർ അലി, വിനിത്കുമാർ, സിദ്ധാർഥ് ഭരതൻ, അസീം ജമാൽ, സെന്തിൽകൃഷ്ണ തുടങ്ങിയവർ പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രം മേക്കിംഗ് മികവിൽ മഹാസംഭവമാകുകയാണ്.

‘മിസ്റ്ററി ഫാന്റസി ത്രില്ലർ ഇഷ്ടപ്പെടുന്നവർക്കുള്ള സിനിമയാണിത്. തിയറ്ററിൽ തന്നെ അനുഭവിച്ചറിയണം. ആ രീതിയിലാണ് ഇതിന്റെ ശബ്ദവും ദൃശ്യങ്ങളുമൊക്കെ ഒരുക്കിയിട്ടുള്ളത് - ജിത്തു പറയുന്നു.

ഏഴു വർഷമായി സിനിമയിലെത്താനുള്ള ശ്രമങ്ങളിലായിരുന്നു. ബാങ്കിംഗ് മേഖലയിലായിരുന്നു ജോലി. അക്കാലത്തുതന്നെ സംവിധാന സഹായിയാകാൻ ശ്രമിച്ചെങ്കിലും നടന്നില്ല. കഥകളുമായി പല നിർമാണക്കമ്പനികളെയും സമീപിച്ചു.

സിനിമയിലേക്കുള്ള ചവിട്ടുപടി എന്ന രീതിയിൽ ഷോർട്ട് ഫിലിമുകൾ ചെയ്തുതുടങ്ങി. അതിൽ ‘സംഭവം’ എന്ന ഷോർട്ട് ഫിലിം ശ്രദ്ധനേടി. അങ്ങനെ ഫഹദ് എന്ന നിർമാതാവ് ഞങ്ങളെ സമീപിച്ചു. പല കഥകളും ചർച്ചയായി. അവസാനം ‘സംഭവ’ത്തിന്റെ തന്നെ വിപുലീകരിച്ച കഥ സിനിമയാക്കാൻ തീരുമാനിച്ചു. വാസ്തവത്തിൽ സംഭവത്തിന്റെ ആശയം സിനിമയ്ക്കുവേണ്ടിത്തന്നെയായിരുന്നു. അതിന്റെ ഒരു ഭാഗമെടുത്താണ് ഷോർട്ട് ഫിലിം ചെയ്തത്.

15 മിനിറ്റുള്ള സിനിമ എന്ന രീതിയിലാണ് ഞാൻ ഷോർട്ട് ഫിലിമിനെ കാണുന്നത്. അൽഫോൺസ് പുത്രന്റെ ‘നേരം’, പ്രദീപ് രംഗനാഥന്റെ ‘ലവ്റ്റുഡേ’ എന്നിവയൊക്കെ ആദ്യം ഷോർട്ട് ഫിലിമുകളായിരുന്നു. അതുതന്നെയായിരുന്നു ആത്മവിശ്വാസം. കഥപറച്ചിലിന്റെ ഒരു ഘട്ടത്തിൽ നിർത്തിവെച്ച നിലയിലായിരുന്നു ‘സംഭവം’ ഷോർട്ട്ഫിലിം. ബാക്കി അറിയാനുള്ള ആകാംക്ഷ ആ സമയത്തുതന്ന പ്രേക്ഷകരിൽ നിന്നുണ്ടായി. അതു സിനിമയായി കാണണമെന്ന കമന്റുകളുമുണ്ടായി. അതൊക്ക കണ്ടപ്പോൾ ഒന്നു ശ്രമിച്ചുനോക്കാമെന്നു തീരുമാനിച്ചു.

കേരള-തമിഴ്നാട് അതിർത്തിയിലെ ഒരു വനപ്രദേശം. ആ കാടിനുള്ളിൽ കയറിയവരാരും ഇതേവരെ ജീവനോടെ പുറത്തിറങ്ങിയിട്ടില്ല. കാണാതായ ഒരു തമിഴ്നാട് പോലീസ് ഉദ്യോഗസ്ഥനെ അന്വേഷിച്ച് മൂന്ന് കേരള പോലീസുകാർ ആ വനത്തിലേക്കു പ്രവേശിക്കുന്നു. അന്വേഷണത്തിനിടെ അവർക്കു ടൈം ലൂപ്പ്, ടൈം ട്രാവൽ തുടങ്ങിയ വിചിത്ര പ്രതിഭാസങ്ങൾ നേരിടേണ്ടിവരുന്നു. ആ കാടിനുള്ളിൽ എന്താണു സംഭവിക്കുന്നത് എന്നതിന്റെ ഉത്തരമാണു സിനിമ പറയുന്നത്.

അത്തരം ജോണറിലുള്ള ചുരുളി, ട്രയാങ്കിൾ, ടൈം ക്രൈംസ് തുടങ്ങിയ സിനിമകളും ഡാർക്ക്, ലോസ്റ്റ് എന്നീ സീരീസുകളുമൊക്കെ ഏറെയിഷ്ടമാണ്. അത്തരം ഒരു സിനിമ ചെയ്യണമെന്ന് ആഗ്രഹിച്ചുതന്നെ ചെയ്തതാണ്. ടൈം ട്രാവൽ ബ്രാഞ്ച് തിയറിയും ഇതിൽ ഉപയോഗിച്ചിട്ടുണ്ട്.

എന്റെ സുഹൃത്തിന്റെ സുഹൃത്താണ് അസ്കർ അലി. ഞങ്ങൾ നേരത്തേതന്നെ പല കഥകളും സംസാരിച്ചിരുന്നു. ഇതിലെ കേന്ദ്ര കഥാപാത്രം അസ്കർ ചെയ്താൽ നന്നായിരിക്കുമെന്നു തോന്നി. വിനീത്കുമാറിന്റെ കഥാപാത്രം റെജി കുറച്ച് ധാർഷ്ട്യമുള്ള പോലീസ് ഉദ്യോഗസ്ഥനാണ്. നിലവിൽ അത്തരം വേഷങ്ങൾ ചെയ്യാത്ത ഒരാൾ എന്ന രീതിയിലാണ് വിനീതിനെ സമീപിച്ചത്.

സിദ്ധാർത്ഥ് ഭരതന്റേത് ഏറെ നിഗൂഢതകളുള്ള കഥാപാത്രമാണ്. അയാളുടെ കഥപറച്ചിലിലാണ് വനത്തിൽ എന്താണു സംഭവിക്കുന്നതെന്നു പ്രേക്ഷകർ അറിയുന്നത്. നറേഷനിൽ ഗംഭീരമായി പെർഫോം ചെയ്യുന്ന ഒരു നടൻ തന്നെ ആ വേഷം ചെയ്യണം എന്നുണ്ടായിരുന്നു.

‘ഭ്രമയുഗ’ത്തിൽ സിദ്ധാർത്ഥിന്റെ പ്രകടനം നമ്മൾ കണ്ടതാണ്. അതുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ അദ്ദേഹം ഈ വേഷം മികവുറ്റതാക്കി. പോലീസ് ഇൻസ്പെക്ടർ കഥാപാത്രം ചെയ്ത അസീം ജമാലിന്റെയും ഗംഭീര പെർഫോമൻസാണ്.

വലിയ സ്റ്റാർ കാസ്റ്റില്ലാതെതന്നെ കഥ പറയണം എന്നു തീരുമാനിച്ചിരുന്നു. വലിയ കാസ്റ്റിംഗിലേക്കു പോയിരുന്നെങ്കിൽ ചിലപ്പോൾ ഇപ്പോഴത്തെ റിസൾട്ട് ഉണ്ടാകണമെന്നുമില്ല. നായക കഥാപാത്രം സാധാരണക്കാരനായിത്തന്നെ ഫീൽ ചെയ്യണം എന്നുണ്ടായിരുന്നു.

പറങ്കികളുടെ കഥയൊക്കെ ഭാവന തന്നെയാണ്. വനത്തിലെ കാക്കമനുഷ്യന്റെ പ്രതിമ കാക്കയുടെ തലയും മനുഷ്യന്റെ ഉടലുമുള്ള കാക ഭൂശുണ്ഡി എന്ന പുരാണ കഥാപാത്രത്തിന്റെ റഫറൻസ് എടുത്ത് ആർട്ട് വിഭാഗം രൂപപ്പെടുത്തിയതാണ്. അതിനു സമയത്തെ നിയന്ത്രിക്കുന്ന ദൈവം എന്ന സങ്കല്പവുമായി ബന്ധമുണ്ട്.

ഈ കഥാപാത്രത്തിനു വർത്തമാനകാലത്തിൽനിന്നു ഭൂതകാലത്തിലേക്കും ഭാവികാലത്തിലേക്കും ഒരേസമയം സഞ്ചരിക്കാനാകും. കാക ഭൂശുണ്ഡി മഹാഭാരതയുദ്ധവും രാമായണവും പല തവണ കണ്ടിട്ടുണ്ട്. ഓരോ തവണയും ഓരോ രീതിയിലാണു കണ്ടതെന്നുമാത്രം.

വെബ്സീരിസുകളായ ഡാർക്ക് വ്യൂവും ടൽവ് മങ്കീസുമൊക്കെ കണ്ടുശീലിച്ച പ്രേക്ഷകരെ സംബന്ധിച്ചിടത്തോളം ഇതു ഗ്രഹിച്ചെടുക്കാൻ വലിയ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. 75 ശതമാനത്തിലേറെയും പോസിറ്റീവ് പ്രതികരണങ്ങളാണു വന്നുകൊണ്ടിരിക്കുന്നത്. നെറ്റ്ഫ്ളിക്സും ആമസോണുമൊക്കെ ഇവിടത്തെ പ്രേക്ഷകരുടെ കൈക്കുമ്പിളിലല്ലേ.

പാലക്കാട് ധോണിയിലെ കാടിനുള്ളിലായിരുന്നു ചിത്രീകരണം. രാവിലെ ഏഴു മണിക്കു സൂര്യപ്രകാശമെത്തും. അഞ്ചരയോടെ വെളിച്ചം മങ്ങും. ഫോറസ്റ്റ് അനുമതി ആറുവരെ. മിക്കവാറും ദിവസങ്ങളിൽ ഉച്ച കഴിയുന്നതോടെ ഷൂട്ടിംഗിനു വെല്ലുവിളിയായി മഴയെത്തുമായിരുന്നു. അതു മുന്നിൽക്കണ്ട് എല്ലാവരും ഒന്നിച്ചുനിന്ന് ടീം വർക്കിൽ പരമാവധി വേഗത്തിൽ ഷൂട്ടിംഗ് തീർത്തു.

കാണികൾക്കു തോന്നുന്ന രീതിയിൽ വ്യാഖ്യാനിക്കാം. അയാൾ അതുവരെ കണ്ടതെല്ലാം ഒരു സ്വപ്നമാണെന്നു ചിന്തിക്കാം. പുതിയതായി ഉണ്ടാകുന്ന ടൈം ലൈനിൽ ഇങ്ങനെയാണു സംഭവിച്ചതെന്നു കരുതാം. ‘ചുരുളി’യിലേതുപോലെ ഓരോ പ്രേക്ഷകനും എന്താണോ കിട്ടുന്നത് അതാണു കഥ.

എഡിറ്റർ അർജുൻ പ്രകാശും മ്യൂസിക് ഡയറക്ടർ ഗോഡ്വിൻ തോമസും ഷോർട്ട് ഫിലിമിൽ പ്രവർത്തിച്ചവർ തന്നെയാണ്. ഛായാഗ്രഹണം നവീൻ നജോസ്. മെൽബിൻ മാത്യു, അനൂപ് മോഹൻ എന്നിവരാണു ചീഫ് അസോസിയേറ്റ്സ്. എല്ലാവരുടെയും കൂട്ടായ പിന്തുണ പ്രതിസന്ധിഘട്ടത്തിലും ചിത്രീകരണം അനായാസമാക്കി.

വിവിധ ഘട്ടങ്ങളിൽ പെട്ടുപോയ ആളുകളുടെ ശബ്ദം ഉൾപ്പെടെ കാടിനുള്ളിലെ മുഴക്കങ്ങൾ തിരക്കഥയിലുണ്ട്. അതു രൂപകല്പനചെയ്ത് സിനിമയെ മറ്റൊരു തലത്തിലേക്ക് ഉയർത്തിയതിൽ സൗണ്ട് ഡിസൈനറായ വിഷ്ണു ഗോവിന്ദിന്റെ ഇൻപുട്സ് നിർണായകമായി.



ഒരു ഓപ്പൺ എൻഡിലാണ് ഇതിന്റെ കഥ നിർത്തിയിരിക്കുന്നത്. അടുത്ത ഭാഗങ്ങൾക്കു സാധ്യതയുണ്ടെന്നു വിശ്വസിക്കുന്നു. അധ്യായം രണ്ടിന്റെ എഴുത്തിലാണ്. വേറെ ഒന്നുരണ്ട് സിനിമകളുടെ ആശയങ്ങളുമുണ്ട്. മിസ്റ്ററി, ഫാന്റസി, സൈ ഫൈ ജോണറുകളിലുള്ള പരീക്ഷണ സിനിമകൾ ചെയ്യാനാണു താത്പര്യം.




# വവ്വാൽ കാരക്ടർ പോസ്റ്റർ

വവ്വാൽ എന്ന ചിത്രത്തിലെ കാരക്ടർ പോസ്റ്റർ, മുത്തുകുമാർ എന്ന ആക്ടറിന്റേതാണ്! ആരാണ് മുത്തുകുമാർ എന്നത് ജെൻസി കിഡ്സിനു സുപരിചിതമാണെങ്കിലും മില്ലേനിയം ഗ്രൂപ്പിന് ചിലപ്പോൾ മനസിലായെന്നു വരില്ല. സരപ്പാട്ട പരമ്പര, മഹാൻ, പേട്ട തുടങ്ങിയ ഒട്ടനവധി ചിത്രങ്ങളിൽ മാസ് വേഷങ്ങളിൽ തിളങ്ങിയ മുത്തുകുമാർ, ലീഡ് റോളിൽ അഭിനയിച്ചു. ഇപ്പോൾ തിയറ്ററിൽ 100 കോടി ക്ലബ്ബിലേക്ക് കയറുന്ന ചിത്രമാണ് തായ് കിളവി.

ചെയ്ത വേഷങ്ങളെല്ലാം വളരെ ശ്രദ്ധയോടെ പ്രശംസകൾ പിടിച്ചുപറ്റി. വലിയ ബാനറുകളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന വേട്ടൈ മുത്തുകുമാർ അതി ഗംഭീരമായ മാസ് ക്യാരക്റ്റർ ആയി, വവ്വാലിൽ പ്രേക്ഷകരുടെ മനസിൽ തീർച്ചയായും ഇടം നേടുമെന്ന് അണിയറക്കാർ അവകാശപ്പെടുന്നു.

കഴിഞ്ഞ ദിവസം മുത്തുകുമാർ എന്ന ആക്ടറിനെകുറിച്ച് വവ്വാൽ സിനിമയുടെ സംവിധായകൻ ഷഹ്മോൻ ബി. പറേലിൽ ഫേസ്ബുക്കിൽ എഴുതിയ ലേഖനം വളരെ ശ്രദ്ധയാകർഷിച്ചിരുന്നു.

'നാടകക്കളരിയിൽനിന്നു വന്നതിനാലാവാം, തൃപ്തിയാകുന്നതുവരെ ഭാവവ്യതിയാനങ്ങളിൽ അദ്ദേഹം വളരെയധികം ശ്രദ്ധ പുലർത്തിയിരുന്നു. അത് എനിക്ക് അദ്ദേഹത്തോടുള്ള ബഹുമാനം വർധിപ്പിച്ചു.... എന്നുതന്നെ പറയാം.' ഈ വാക്കുകളിലൂടെ സഞ്ചരിക്കുമ്പോൾ ആ കാരക്റ്ററിന് എത്ര മാത്രം ആഴമുണ്ടാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മലയാളത്തിൽനിന്നു പാൻ ഇന്ത്യൻ നിലവാരത്തിലേക്കു കുതിക്കാൻ സാധ്യതയുള്ള ഈ ചിത്രം 2026 വേനലവധിക്കു തന്നെ തിയറ്ററുകളിൽ എത്തും.

ഷഹ്മോൻ ബി. പറേലിൽ കഥയും തിരക്കഥയും നിർവഹിച്ചു സംവിധാനം ചെയ്യുന്ന പോയട്രിക്കൽ ആക്ഷൻ ത്രില്ലർ ചിത്രമാണ് വവ്വാൽ. മകരന്ദ് ദേശ് പാണ്ഡെ, അഭിമന്യു സിങ്, മുത്തുകുമാർ, ലെവിൻ സൈമൺ ജോസഫ് എന്നിവർ ലീഡ് റോൾ ചെയ്യുന്നു. ലക്ഷ്മി ചപോർക്കർ നായികയാകുന്ന ചിത്രത്തിൽ, മണികണ്ഠൻ ആചാരി, സുധി കോപ്പ, പ്രവീൺ ടി.ജെ, മെറിൻ ജോസ്, മൻരാജ്, ഗോകുലൻ, ജോജി കെ. ജോൺ, ശ്രീജിത്ത് രവി, ജയശങ്കർ കരിമുട്ടം, ദിനേശ് ആലപ്പി, ഷഫീഖ് തുടങ്ങി മുപ്പതിൽപ്പരം താരങ്ങൾ അണിനിരക്കുന്ന പോയട്രിക്കൽ ആക്ഷൻ ത്രില്ലർ ബിഗ് ബജറ്റ് സിനിമയാണിത്.




ഓൺഡിമാൻഡിന്റെ ബാനറിൽ ഷഹ്മോൻ ബി. നിർമിക്കുന്ന ചിത്രത്തിന്റെ കോ-പ്രൊഡ്യൂസർ സുരീന്ദർ യാദവാണ്. ഛായാഗ്രഹണം-മനോജ് എം.ജെ., പ്രൊഡക്ഷൻ ഡിസൈനർ -ജോസഫ് നെല്ലിക്കൽ, എഡിറ്റർ-ഫാസിൽ പി. ഷഹ്മോൻ, സംഗീതം-ജോൺസൺ പീറ്റർ, ഗാനരചന-പി.ബി. എസ്, സുധാംശു, റീ റിക്കോർഡിംഗ് മിക്സർ-ഫസൽ എ. ബക്കർ, സൗണ്ട് ഡിസൈനിങ്-വിക്കി, പ്രൊഡക്ഷൻ കൺട്രോളർ അനിൽ മാത്യു, മേക്കപ്പ് -സന്തോഷ് വെൺപകൽ, കോസ്റ്റ്യൂം ഡിസൈനർ-ഭക്തൻ മങ്ങാട്, ഫയർ ആൻഡ് ഗൺ-ഗൺ രാജേന്ദ്രൻ, കോറിയോഗ്രാഫി-അഭിലാഷ് കൊച്ചി, കളറിസ്റ്റ്-ലിജു പ്രഭാകർ, സംഘട്ടനം-നോക്കൗട്ട് നന്ദ, ചീഫ് അസോസിയേറ്റ്-ആഷിഖ് ദിൽജിത്ത്, പിആർഒ-എ.എസ്. ദിനേശ്, സതീഷ് എരിയാളത്ത്, ഗുണ, സ്റ്റിൽസ്-രാഹുൽ തങ്കച്ചൻ, ഡിജിറ്റൽ മാർക്കറ്റിംഗ്-ഒപ്പറ, ഹോട്ട് ആന്റ് സോർ, കേരളാ ഫിൽ ഡിസ്ട്രിബൂഷൻ-സ്നേഹം മൂവീസ്, പബ്ലിസിറ്റി ഡിസൈൻ-കോളിൻസ് ലിയോഫിൽ.

# ഷൈൻ ടോം ചാക്കോയുടെ പുതിയ ചിത്രം 'ഡാൻസാഫ്'

രൂപത്തിലും ഭാവത്തിലും കഥാപാത്രത്തിന്റെ പുതുമയിലുമായി ഷൈൻ ടോം ചാക്കോ അരങ്ങു തകർക്കുന്ന ചിത്രമാണ് 'ഡാൻസാഫ്'. ഹരിദാസ് സംവിധാനം ചെയ്യുന്ന ഈ ചിത്രം കോഴിക്കോട്ടെ മുക്കം, തിരുവമ്പാടി, കൂടരഞ്ഞി, പുല്ലൂരാംപാറ, കൂമ്പാറ എന്നിവിടങ്ങളിലായി പുരോഗമിക്കുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡാൻസാഫ് വിഭാഗത്തിന്റെ സുപ്രീം ഓഫീസറായിട്ടാണ് ഷൈൻ ടോം ചാക്കോ ഈ ചിത്രത്തിൽ എത്തുന്നത്.



എൻവിപി ക്രിയേഷൻസ്, കെജിഎഫ് സ്റ്റുഡിയോസ് എന്നീ ബാനറുകളിലായി മുഹമ്മദ് ഷാഫി, കപിൽ കൃഷ്ണ എന്നിവരാണ് ഈ ചിത്രം നിർമിക്കുന്നത്.

ഉണ്ണി ലാലു, അരുൺ (ഫോർദി പീപ്പിൾ ഫെയിം), ജോയ് മാത്യു, ജാഫർ ഇടുക്കി, ജിയോ ബേബി, സൂര്യാകൃഷ്, ജെയ്സ് ജോസ്, നവാസ് വള്ളിക്കുന്ന്, സോഷ്യൽ മീഡിയ താരം ജീവാ ജോസഫ്, രലുനാഥ് പലേരി, ജയേഷ് പുന്നശേരി, അങ്കിത് സതീഷ് നമ്പ്യാർ, രാഹുൽ, അമൽ, സുൽത്താൻ, അഫ്രിൻ കല്ലൻ, ജെഗിൽ വിൽസൺ, വിനോദ് ആന്റണി, ചൈത്ര പ്രവീൺ, ആതിര പട്ടേൽ, ആരതി വിശ്വനാഥ് എന്നിവരും ഈ ചിത്രത്തിലെ പ്രധാന താരങ്ങളാണ്.

ഋഷി ഹരിദാസ്, സി. ജിതിൻ രാജ് എന്നിവരാണ് തിരക്കഥയൊരുക്കുന്നത്.

എൽബൻ കൃഷ്ണ-ഛായാഗ്രഹണം, കപിൽ കൃഷ്ണ-എഡിറ്റിംഗ്, സുജിത് രാഘവ്-കലാസംവിധാനം, ലാലു കൂട്ടാലിട-മേക്കപ്പ്, അഫ്രിൻ കല്ലൻ-കോസ്റ്റ്യൂം ഡിസൈൻ തുടങ്ങിയവരാണ് അണിയറപ്രവർത്തകർ.

# ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് ലോസ് ഏഞ്ചൽസിലേക്ക് 'പേട്രിയറ്റ്'

മലയാളികളുടെ സ്വകാര്യ അഹങ്കാരം, മമ്മൂട്ടിയും മോഹൻലാലും ഒന്നിക്കുന്ന, പ്രേക്ഷകർ ആവേശത്തോടെ കാത്തിരിക്കുന്ന ചിത്രമാണ് പേട്രിയറ്റ്. 18 വർഷങ്ങൾക്ക് ശേഷമാണ് മമ്മൂട്ടിയും മോഹൻലാലും ഒരേസ്ക്രീനിൽ എത്തുന്നത് എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. ഇപ്പോഴിതാ, 24-ാമത് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് ലോസ് ഏഞ്ചൽസിന് തുടക്കം കുറിച്ച് എത്തുകയാണ് പേട്രിയറ്റ്.

ഫിലിം ഫെസ്റ്റിവൽ ഓഫ് ലോസ് ഏഞ്ചൽസിൽ 27 സിനിമകളാണ് പ്രദർശിപ്പിക്കുക. ഇതിൽ ഏഴ് ഫീച്ചർ ഫിലിമുകളും രണ്ട് ഡോക്യുമെന്ററികളും 18 ഹ്രസ്വചിത്രങ്ങളും ആണ് ഉൾപ്പെടുത്തുക. ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, മലേഷ്യ, ഫിലിപ്പീൻസ്, ജപ്പാൻ, ഫ്രാൻസ്, യുകെ, നെതർലൻഡ്സ്, ജർമനി, സൗദി അറേബ്യ, യുഎസ്എ എന്നിവിടങ്ങളിൽ നിന്നുള്ള ചിത്രങ്ങളാണ് ഫെസ്റ്റിവലിൽ ഉണ്ടാകുക. ഏപ്രിൽ 23 മുതൽ 26 വരെയാണ് ഫെസ്റ്റിവൽ നടക്കുന്നത്.

മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന പേട്രിയറ്റിൽ, രാജ്യത്തെ സംരക്ഷിക്കാനുള്ള ദൗത്യത്തിനിറങ്ങുന്ന വിരമിച്ച ജെഎജി ഓഫീസറായിട്ടാണ് മമ്മൂട്ടി എത്തുന്നത്. മോഹൻലാൽ യുദ്ധരംഗങ്ങളിൽ പരിചയസമ്പന്നമായ ഒരു ഉദ്യോഗസ്ഥന്റെ വേഷമാണ് അവതരിപ്പിക്കുന്നത്. ഫഹദ് ഫാസിൽ, നയൻതാര, കുഞ്ചാക്കോ ബോബൻ, രേവതി, രാജീവ് മേനോൻ എന്നിവരും ചിത്രങ്ങളിൽ പ്രധാന വേഷങ്ങളിൽ എത്തുന്നുണ്ട്.



ചിത്രത്തിലെ പ്രധാന താരങ്ങളെ ഉൾപ്പെടുത്തി ഒന്നിലധികം പോസ്റ്ററുകൾ അണിയറപ്രവർത്തകർ പുറത്തിറക്കിയിരുന്നു. ചിത്രം 2026 ഏപ്രിൽ 23-നാണ് തിയറ്ററുകളിൽ എത്തുന്നത്. മലയാളത്തിലെ ട്രെൻഡ് സെറ്റർ സംഗീത സംവിധായകനായ സുഷിൻ ശ്യാം സംഗീതമൊരുക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത് ബോളിവുഡിലെ വമ്പൻ സൂപ്പർതാര ചിത്രങ്ങൾക്ക് ദൃശ്യങ്ങൾ ഒരുക്കി ശ്രദ്ധ നേടിയ മനുഷ് നന്ദൻ ആണ്. സംവിധായകൻ മഹേഷ് നാരായണനും രാഹുൽ രാധാകൃഷ്ണനും ചേർന്നാണ് ചിത്രത്തിന്റെ എഡിറ്റിംഗ് നിർവഹിക്കുന്നത്.

പ്രൊഡക്ഷൻ ഡിസൈനേഴ്സ്-ഷാജി നടുവിൽ, ജിബിൻ ജേക്കബ്, ഓഡിയോഗ്രഫി-വിഷ്ണു ഗോവിന്ദ്, പ്രൊഡക്ഷൻ കൺട്രോളർ-ഡിക്സൺ പൊടുത്താസ്, കോസ്റ്റ്യൂം ഡിസൈൻ-ധന്യ ബാലകൃഷ്ണൻ.

# വിചാരണകൂടാതെ ജയിലിലിടുന്നത് ശിക്ഷാർഹം

ന്യൂഡൽഹി: വിചാരണകൂടാതെ ദീർഘകാലം ജയിലിലിടുന്നത് ശിക്ഷയാകുമെന്ന് ആവർത്തിച്ച് സുപ്രീംകോടതി. കൊലപാതകശ്രമക്കേസിൽ അറസ്റ്റിലായി രണ്ടു വർഷമായി ജയിലിൽ കഴിയുന്ന പഞ്ചാബ് സ്വദേശിക്ക് ജാമ്യമനുവദിച്ചാണ് സുപ്രീംകോടതിയുടെ നിരീക്ഷണം.

കൊലപാതകശ്രമം, ക്രിമിനൽ ഗൂഢാലോചന തുടങ്ങി വിവിധ കുറ്റങ്ങൾക്ക് 2024 ഏപ്രിലിൽ അറസ്റ്റിലായ പ്രദീപ് കുമാറിനാണ് ജാമ്യം നൽകിയത്. രണ്ടു വർഷം കഴിഞ്ഞിട്ടും 23 സാക്ഷികളിൽ ഒരാളെപ്പോലും വിസ്തരിക്കാൻ സാധിച്ചിട്ടില്ലെന്നും സമീപകാലത്തൊന്നും വിചാരണ പൂർത്തിയാകാൻ സാധ്യതയില്ലെന്നും ജസ്റ്റിസ് ദീപാങ്കർ ദത്ത അദ്ധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. വിചാരണ തീരുംവരെ പ്രതിയെ ജയിലിടേണ്ട ആവശ്യമില്ലെന്ന് ചൂണ്ടിക്കാട്ടിയ സുപ്രീംകോടതി, ജാമ്യം നിഷേധിച്ച ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കി.

വിചാരണകൂടാതെ ദീർഘകാലം പ്രതികളെ തടവിലിടുന്നതിനെതിരെ സുപ്രീംകോടതി നേരത്തേയും പലതവണ നിരീക്ഷണങ്ങൾ നടത്തിയിരുന്നു. പ്രതികളെ വിചാരണകൂടാതെ ദീർഘകാലം ജയിലിൽവെക്കാൻ കർശന നിയമങ്ങളായ പിഎംഎൽഎ (കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമം), യുഎപിഎ തുടങ്ങിയവ ദുരുപയോഗം ചെയ്യുന്നതിനെതിരെ 2024-ൽ തമിഴ്നാട് മുൻമന്ത്രി സെന്തിൽ ബാലാജിക്ക് ജാമ്യമനുവദിക്കുമ്പോൾ സുപ്രീംകോടതി പറഞ്ഞിരുന്നു.

വിചാരണ വേഗത്തിൽ നടത്താനുള്ള സംവിധാനമൊരുക്കാൻ സർക്കാരിന് കഴിയുന്നില്ലെങ്കിൽ പ്രതികൾക്ക് ജാമ്യമനുവദിക്കുകയല്ലാതെ കോടതികൾക്ക് മറ്റുവഴിയില്ലെന്ന് 2025 ജൂലൈയിൽ ഒരു കേസ് പരിഗണിക്കവേ സുപ്രീംകോടതി പറഞ്ഞു. ആറും ഏഴും വർഷം വിചാരണത്തടവിൽ വെക്കുന്നത് വേഗത്തിൽ വിചാരണ ലഭിക്കാനുള്ള ഭരണഘടനാ അവകാശത്തിന്റെ ലംഘനമാണെന്ന് മറ്റൊരു കേസിലും സുപ്രീംകോടതി നിരീക്ഷിച്ചിരുന്നു.

# 'സമ്മതി'യിലൂടെ ചരിത്രത്തിൽ ഇടംനേടി രശ്മിയും ജോബിയും

കോട്ടയം: ഭിന്നശേഷിക്കാരുടെ വോട്ടുറപ്പാക്കാൻ ബോധവത്കരണത്തിന് ഇതാദ്യമായി ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥർതന്നെ എത്തുന്നു. പാലായിലാണ് ഇതിന് തുടക്കമായത്. പാലാ നിയമസഭാമണ്ഡലത്തിൽ 'സമ്മതി' എന്നപേരിൽ ആരംഭിച്ച പ്രത്യേക കാംപെയിന്, ഭിന്നശേഷിക്കാരായ ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി രശ്മി മോഹൻ, മീനച്ചിൽ സബ്രജിസ്ട്രാർ ഓഫീസ് സീനിയർ ക്ലാർക്ക് കെ.വി. ജോബിമോൻ എന്നിവരെയാണ് കളക്ടർ ചേതൻകുമാർ മീണ നിയോഗിച്ചത്.

ഭിന്നശേഷി വിഭാഗത്തിലുള്ളവരെല്ലാം സമ്മതിദാനാവകാശം വിനിയോഗിക്കുന്നത് ഉറപ്പാക്കാനുള്ള പ്രചാരണത്തിന് നവീനാശയങ്ങൾ രൂപവത്കരിക്കുകയാണ് ലക്ഷ്യമെന്ന് കോട്ടയം ഡെപ്യൂട്ടി കളക്ടറും പാലാ റിട്ടേണിങ് ഓഫീസറുമായ സജിത്ത് നാസർ പറഞ്ഞു.

വോട്ട് രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ സൈൻ ഭാഷയിലുള്ള വീഡിയോ ചിത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ ഇവർ തയ്യാറാക്കി.

പാലായിലാണ് ആരംഭിച്ചതെങ്കിലും വേണമെങ്കിൽ കേരളത്തിലുടനീളം ഉപയോഗിക്കാൻ കഴിയുംവിധമുള്ള റീലുകളും പോസ്റ്ററുകളുമാണ് രശ്മിയും ജോബിമോനും ചേർന്ന് രൂപപ്പെടുത്തിയത്. നേരത്തേതന്നെ 'സക്ഷം' ആപ്പിലൂടെ ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് ബൂത്തിലെത്താൻ സൗകര്യങ്ങൾ ഉറപ്പാക്കുന്നുണ്ട്.

ഈ തെരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥർ കേരളത്തിലെ 14 പോളിങ് ബൂത്ത് പൂർണമായി നിയന്ത്രിക്കും. മികച്ച ഭിന്നശേഷി ജീവനക്കാർക്കുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ അവാർഡുകൾ രശ്മി നേടിയിട്ടുണ്ട്. ജോബിക്ക് കേരളസർക്കാരിന്റെ പുരസ്കാരവും കിട്ടിയിട്ടുണ്ട്.

# ഡൽഹി പോലീസിൽ അഗ്നിവീറുകൾക്ക് സംവരണം

ന്യൂഡൽഹി: അഗ്നിവീറുകൾക്ക് ഡൽഹി പോലീസിൽ 20 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറപ്പെടുവിച്ചു. നാലു വർഷത്തെ സൈനിക സേവനത്തിനുശേഷം പുറത്തിറങ്ങുന്ന അഗ്നിവീറുകൾക്കാണ് പുതിയ നടപടികൊണ്ട് അവസരം ലഭിക്കുന്നത്. ഡൽഹി പോലീസിന്റെ കോൺസ്റ്റബിൾ തസ്തികയിലേക്കായിരിക്കും 20 ശതമാനം ഒഴിവ് ലഭിക്കുക. സൈന്യത്തിൽ ചേരുമ്പോൾ ശാരീരികക്ഷമതാ ടെസ്റ്റ് പൂർത്തിയാക്കിയതിനാൽ പോലീസിൽ ചേരുന്നതിന് അതുണ്ടാകില്ല. പ്രായപരിധിയിലും അഗ്നിവീറുകൾക്ക് ഇളവ് വരുത്തിയിട്ടുണ്ട്. നിലവിൽ 18-25 ആണ് ഡൽഹി പോലീസ് കോൺസ്റ്റബിൾ പോസ്റ്റിലേക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി.

ആദ്യബാച്ച് അഗ്നിവീറുകൾക്ക് ഉയർന്ന പ്രായപരിധി 30-ഉം തുടർന്നുള്ള ബാച്ചുകൾക്ക് പ്രായപരിധി 28-ഉം ആയി ഇളവ് ലഭിക്കും. അതേസമയം ശാരീരിക അളവിൽ ഇളവ് ഉണ്ടായിരിക്കുകയില്ല.

# ഡൽഹി ലാഭിച്ചത് 216 മെഗാവാട്ട് വൈദ്യുതി

ന്യൂഡൽഹി: ഭൗമദിനാചരണത്തിന്റെ ഭാഗമായി കഴിഞ്ഞദിവസം ഒരു മണിക്കൂർ സമയത്തേക്ക് വൈദ്യുത വിളക്കുകൾ അണച്ചതിലൂടെ ഡൽഹിക്കു ലാഭിക്കാനായത് 216 മെഗാവാട്ട് വൈദ്യുതിയെന്ന് വൈദ്യുതി വിതരണ കമ്പനിയായ ബിഎസ്ഇഎസ്. ഭൗമദിനാചരണത്തിന്റെ ഭാഗമായി മാർച്ച് 26-ന് വ്യാഴാഴ്ച രാത്രി 8.30 മുതൽ 9.30 വരെ കുത്തബ്മിനാർ, ഇന്ത്യാഗേറ്റ്, ചെങ്കോട്ട തുടങ്ങിയ ചരിത്രസ്മാരകങ്ങളിലെയും വീടുകളടക്കമുള്ള പല കെട്ടിടങ്ങളുടെയും വെളിച്ചം അണച്ചതോടെയാണ് ഒരൊറ്റ മണിക്കൂറിൽ ഇത്രയുമധികം വൈദ്യുതി ഇന്ദ്യാതലസ്ഥാനത്തിനു ലാഭിക്കാനായത്.

# ശ്യാമൾ മണ്ഡൽ വധക്കേസ് പ്രതി 20 വർഷത്തിനുശേഷം പിടിയിൽ

തിരുവനന്തപുരം: കേരളത്തെ നടുക്കിയ എൻജിനീയറിങ് വിദ്യാർത്ഥി ശ്യാമൾ മണ്ഡൽ വധക്കേസിലെ രണ്ടാംപ്രതി 20 വർഷത്തിനുശേഷം പിടിയിൽ. പ്രതി ദുർഗ ബഹദൂർ ബഡ് ചേത്രിയെ നാഗ്പൂരിൽ നിന്ന് സിബിഐ സംഘമാണ് വലയിലാക്കിയത്. തിരുവനന്തപുരം സിബിഐ കോടതിയിൽ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. 2005 ഒക്ടോബർ 13-നാണ് തിരുവനന്തപുരം സിഇടിയിലെ അവസാനവർഷ എൻജിനീയറിങ് വിദ്യാർത്ഥി ശ്യാമൾ മണ്ഡലിനെ തട്ടിക്കൊണ്ടു പോയി 20 ലക്ഷം രൂപ മോചനദ്രവ്യം ആവശ്യപ്പെട്ടായിരുന്നു തട്ടിക്കൊണ്ടുപോകൽ. എന്നാൽ, ലക്ഷ്യം നടക്കാതെ വന്നതോടെ ശ്യാമളിനെ ക്രൂരമായി കൊലപ്പെടുത്തി മൃതദേഹം ചാക്കിൽക്കെട്ടി ഉപേക്ഷിക്കുകയായിരുന്നു. കുടുംബസുഹൃത്തായ മുഹമ്മദ് അലിയാണ് കൊലപാതകത്തിന് പിന്നിലെ മുഖ്യസൂത്രധാരനെന്ന് സിബിഐ കണ്ടെത്തിയിരുന്നു.

ഒന്നാംപ്രതി മുഹമ്മദ് അലിയെ കൊലപാതകത്തിനു സഹായിച്ചതും ഗൂഢാലോചനയിൽ പങ്കാളിയായതും ദുർഗ ബഹദൂർ ആണെന്നാണ് സിബിഐയുടെ കണ്ടെത്തൽ. ഇയാൾ ഒളിവിൽ പോയതിനെത്തുടർന്ന് വിചാരണ നീണ്ടുപോയി. 16 വർഷങ്ങൾക്കു ശേഷം തിരുവനന്തപുരം സിബിഐ കോടതി മുഹമ്മദ് അലിക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചിരുന്നു.

മുഹമ്മദ് അലിക്ക് അടുത്തിടെ ഹൈക്കോടതി ജാമ്യം അനുവദിച്ചത് വിവാദമായിരുന്നു. ശിക്ഷാവിധി റദ്ദാക്കണമെന്ന ഹർജി പരിഗണിക്കവെ ഹർജി തീർപ്പാക്കുന്നതു വരെ ജാമ്യം തടയാൻ മതിയായ തെളിവില്ലെന്ന് നിരീക്ഷിച്ചായിരുന്നു കോടതി നടപടി. ഇതിനെതിരായ ശ്യാമളിന്റെ പിതാവ് ബസുദേവ് മണ്ഡൽ സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്.

രണ്ടാംപ്രതി കൂടി പിടിയിലായതോടെ കേസിൽ നിർണായകമായ തെളിവുകൾ ഇനിയും പുറത്തുവരുമെന്നാണ് സിബിഐ കണക്കുകൂട്ടുന്നത്. നീതിക്കായുള്ള വർഷങ്ങൾ നീണ്ട പോരാട്ടത്തിൽ ബസുദേവ് മണ്ഡലിനും കുടുംബത്തിനും പുതിയ പ്രതീക്ഷ നല്കുന്നതാണ് ഈ അറസ്റ്റ്.

# തെരഞ്ഞെടുപ്പ് പ്രചാരണം

(ഒന്നാം പേജിൽ നിന്നും)

പേരെടുത്തു പറഞ്ഞില്ലെങ്കിലും കോൺഗ്രസ് നേതാക്കൾക്കെതിരായ സ്ത്രീപീഡനക്കേസുകൾ പ്രസംഗത്തിൽ പരാമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാധാരണക്കാരിയായ ഒരു വനിതയെ ഇന്ത്യയുടെ ഉന്നതപദവിയിലെത്തിച്ചത് എൻഡിഎ ആണ്. എന്നാൽ, അപ്പുറത്തു കോൺഗ്രസ് എന്താണു ചെയ്യുന്നത്? പാലക്കാട്ടെ കോൺഗ്രസ് നേതാവ് സ്ത്രീകളുടെ സുരക്ഷയ്ക്കാകെ ഭീഷണിയായി. സ്ത്രീയെ ഉപദ്രവിച്ച ഒരു നേതാവിനെ ഗതികേടുകൊണ്ട് ഈയിടെ കോൺഗ്രസിൽനിന്നു പുറത്താക്കേണ്ടി വന്നു. 'നിങ്ങൾ ഇവരെ സൂക്ഷിക്കുക' എന്നാണു തനിക്കു സ്ത്രീകളോട് പറയാനുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു.

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയുമടക്കമുള്ള ദേശീയ നേതാക്കൾ കൂടി എത്തുന്നതോടെ ആവേശം പാരമ്യത്തിലെത്തും. മുഖ്യമന്ത്രിയിൽ തന്നെയാണ് എൽഡിഎഫിന്റെ പ്രചാരണം കേന്ദ്രീകരിക്കുന്നത്. സിപിഎം, സിപിഐ ദേശീയ നേതാക്കളും ഇടതു മുന്നണിക്കായി വോട്ടു തേടുന്നുണ്ട്. അടുത്തയാഴ്ച ആദ്യ പ്രകടന പത്രിക അവതരിപ്പിക്കുമെന്നാണ് മൂന്ന് മുന്നണികളും അറിയിക്കുന്നത്.

യുഡിഎഫിനെ അധികാരത്തിൽ നിന്നു പുറത്ത് നിർത്താനുള്ള 'ഡീലിൽ' ഏർപ്പെട്ടിരിക്കുകയാണ് സിപിഎമ്മും ബിജെപിയും എന്ന കോൺഗ്രസിന്റെ ആരോപണമാണ് ആദ്യഘട്ട പ്രചാരണത്തെ ചൂടു പിടിപ്പിച്ചത്.

തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫ് മുഖ്യ ആയുധമാക്കിയ ശബരിമല സ്വർണക്കൊള്ളക്കേസ് വീണ്ടും പ്രചാരണ വിഷയമാക്കാൻ പോകുന്നെന്ന സൂചന കോൺഗ്രസ് നേതൃത്വം നൽകി. ഭരണവിരുദ്ധ വികാരം ശക്തമാണെന്ന വിലയിരുത്തലിലാണ് കോൺഗ്രസ്. അതു പ്രയോജനപ്പെടുത്തുന്നതിലും 'ഗാരന്റികൾ' പ്രചരിപ്പിക്കുന്നതിലും വരും ദിവസങ്ങളിൽ ഊന്നൽ കൊടുക്കും.

ജി. സുധാകരൻ കാട്ടിയത് ചെറ്റത്തരമാണെന്നു നേരത്തെ വിമർശിച്ച മുഖ്യമന്ത്രി പിണറായി വിജയൻ ഒറ്റപ്പാലത്ത് യുഡിഎഫ് പിന്തുണയോടെ മത്സരിക്കുന്ന മുൻ സിപിഎം നേതാവ് പി.കെ. ശശിയെയും വെറുതേ വിട്ടില്ല. ശശി 'വഞ്ചകൻ' ആണെന്ന് ഒറ്റപ്പാലത്തെ വേദിയിൽ മുഖ്യമന്ത്രി ആഞ്ഞടിച്ചു. വിമതനേതാക്കൾ മത്സരിക്കുന്ന മണ്ഡലങ്ങളിൽ പഴുതടച്ചുള്ള സംഘടനാ പ്രവർത്തനം വേണമെന്ന നിർദേശമാണ് സിപിഎം നൽകിയിരിക്കുന്നത്.

# തദ്ദേശ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിൽ

തിരുവനന്തപുരം: വികസന ഫണ്ടിലെ കുടിശിക ഉൾപ്പെടെ 2500 കോടിയിലേറെ രൂപ കൈമാറാതെ രാഷ്ട്രീയ ഭരണനേതൃത്വം നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങിയതോടെ, സംസ്ഥാനത്തെ 1200 തദ്ദേശ സ്ഥാപനങ്ങൾക്ക് ഗുരുതര ധനപ്രതിസന്ധി. ഇതുവരെ ലഭിച്ച ഫണ്ട് ഉപയോഗിച്ച് തയാറാക്കിയ പദ്ധതികളുടെ ബില്ലുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനമായതോടെ ട്രഷറിയിൽ പിടിച്ചുവെക്കുകയും ചെയ്തു. ഈ മാസം 24-ന് മുമ്പ് ബില്ലുകൾ സമർപ്പിക്കാനായിരുന്നു നിർദ്ദേശമെങ്കിലും അതിനു മുൻപു നല്കിയ ബില്ലുകൾ പോലും ക്യൂവിലായതിനാൽ പണവും ലഭിച്ചിട്ടില്ല.


തദ്ദേശ സ്ഥാപനങ്ങൾക്ക് വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെയാണ് സംസ്ഥാന ബജറ്റ് വിഹിതം. ഇതിൽ വികസന ഫണ്ടായി 2025-26-ൽ ബജറ്റിൽ വകയിരുത്തിയത് 9215 കോടി രൂപയായിരുന്നു. മൂന്നു ഗഡുവായി നല്കേണ്ട ഈ ഫണ്ടിലെ ആദ്യ രണ്ട് ഗഡുക്കളായി 2150 കോടി രൂപ വീതം കഴിഞ്ഞവർഷം ഏപ്രിലിലും ഒക്ടോബറിലും അനുവദിച്ചു. അവസാനഗഡു 2150 കോടി രൂപ ജനുവരിയിൽ നല്കേണ്ടതാണെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം കൈമാറിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം എന്നിവയ്ക്കും മറ്റും ചെലവിടുന്ന 2561.17 കോടി രൂപയുടെ പൊതു ആവശ്യ ഫണ്ടിലെ (ജനറൽ പർപ്പസ് ഫണ്ട്) 10 ഗഡുക്കളാണ് നല്കിയത്. 426.86 കോടി രൂപ വരുന്ന ബാക്കി രണ്ട് ഗഡുക്കൾ ഇനി ലഭിക്കാനിടയില്ല. ഇത് തനത് വരുമാനം കുറവായ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ദൈനംദിന പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കും. ക്ലീൻ കേരള കമ്പനിക്കു തുക നല്കാനെന്ന പേരിൽ ഈ ഫണ്ടിൽ നിന്ന് ഒരോ തദ്ദേശ സ്ഥാപനത്തിനും 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ കുറവ് ചെയ്താണ് അനുവദിച്ചത്.

അതേസമയം, റോഡുകളും മറ്റും നന്നാക്കാനുള്ളതും അറ്റകുറ്റപ്പണികൾ ചെയ്യാനുള്ളതുമായ മെയിന്റനൻസ് ഗ്രാന്റ് ഏറെക്കുറെ പൂർണമായി നല്കി. തദ്ദേശ, നിയമസഭാ തെരഞ്ഞെടുപ്പുകൾ വരുന്ന സാഹചര്യത്തിൽ പണികൾ അതിവേഗം പൂർത്തിയാക്കാൻ ഇതു നല്കുകയായിരുന്നെന്ന് ജനപ്രതിനിധികൾ പറയുന്നു.

# സാമ്പത്തിക പ്രതിസന്ധി: ട്രഷറിയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തും

തിരുവനന്തപുരം: കടുത്ത സാമ്പത്തികപ്രതിസന്ധി തുടരുന്നതിനാൽ മാർച്ചിലെ അവസാന ദിവസങ്ങളിൽ ട്രഷറിയിൽ കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തി സർക്കാർ. 25 ലക്ഷം വരെയുള്ള ബില്ലുകൾ മാത്രം പാസാക്കിയാൽ മതിയെന്നാണ് ട്രഷറി ഓഫീസർമാർക്ക് ട്രഷറി ഡയറക്ടർ വാക്കാൽ നൽകിയ നിർദേശം. ശേഷിക്കുന്ന ബില്ലുകളിൽ അടുത്ത സാമ്പത്തികവർഷം പണലഭ്യത അനുസരിച്ച് ലഭിക്കും. 24 വരെ കിട്ടിയ ബില്ലുകളും ചെക്കുകളും മാത്രം പാസാക്കിയാൽ മതിയെന്നും കർശന നിർദേശമുണ്ട്.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**